# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 52

വാല്യം - 18 ലക്കം - 02 മകരം - 1201 ഫെബ്രുവരി - 2026






## എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

# 68-ാമത് വാർഷികാഘോഷവും
# 31-ാമത് കഥകളി പുരസ്കാരവും

**2026 മാർച്ച് 3 ചൊവ്വാഴ്ച  വൈകുന്നേരം 6.00 മണിക്ക് ടി. ഡി. എം. ഹാളിൽ**

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 68 – ാം വാർഷികാഘോഷവും 31 – ാമത് കഥകളി പുരസ്കാരവും 2026 മാർച്ച് 3 – ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി. ഡി. എം ഹാളിൽ വെച്ച് നടത്തപ്പെടുകയാണ്. ഈ പൊതുചടങ്ങിൽ വെച്ച് കഥകളി രംഗത്തെ പ്രതിഭകൾക്ക് പുരസ്കാര വിതരണം നിർവ്വഹിക്കുന്നതായിരിക്കും.

ഈ വർഷത്തെ കളഹംസം (വേഷം) അവാർഡിന് അർഹനായിട്ടുള്ളത് കലാമണ്ഡലം പ്രദീപ് അവർകളാണ്, തൗര്യത്രികം അവാർഡുകൾ :– സദനം ജ്യോതിഷ് ബാബു (കഥകളി സംഗീതം), ശ്രീ. കലാമണ്ഡലം വേണുമോഹൻ (ചെണ്ട), ശ്രീ. കലാമണ്ഡലം വേണു (മദ്ദളം), ശ്രീ. ഏരൂർ മനോജ് (ചുട്ടി), ശ്രീ. പള്ളിപ്പുറം കണ്ണൻ (അണിയറ) എന്നിവർക്കാണ്. കൂടാതെ കഥകളിയിലെ സ്ത്രീ സാന്നിദ്ധ്യങ്ങൾക്കായുള്ള പ്രത്യേക പുരസ്കാരം ശ്രീമതി. ഡോ. ഹരിപ്രിയ നമ്പൂതിരിക്കും നൽകുന്നു. തുടർന്ന് സുഭദ്രാഹരണം കഥകളിയും ഉണ്ടായിരിക്കും.

ഏവരുടെയും മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.



കലാ. പ്രദീപ്
കളഹംസം (വേഷം)



സദനം ജ്യോതിഷ്ബാബു
തൗര്യത്രികം – സംഗീതം



കലാ. വേണുമോഹൻ
തൗര്യത്രികം – ചെണ്ട



കലാ. വേണു
തൗര്യത്രികം – മദ്ദളം



ഏരൂർ മനോജ്
ചുട്ടി



പള്ളിപ്പുറം കണ്ണൻ
അണിയറ



ഡോ. ഹരിപ്രിയ നമ്പൂതിരി
സ്ത്രീ സാന്നിദ്ധ്യം

## തുടർന്ന് കഥകളി സുഭദ്രാഹരണം
(ബലഭദ്രൻ & കൃഷ്ണൻ)



**കഥാസാരം:** മന്ത്രേടത്ത് നമ്പൂതിരിപ്പാട് (1851 – 1906) ആണ് സുഭദ്രാഹരണം ആട്ടകഥ എഴുതിയത്. അന്തർദ്വീപോത്സവം കഴിഞ്ഞ് ബലരാമനും ശ്രീകൃഷ്ണനും തിരിച്ച് ദ്വാരകയിലേക്ക് വരുന്നവഴി ബ്രാഹ്മണർ പറയുന്നത് ബലരാമൻ കേൾക്കുന്നു. താൻ വിശ്വസിച്ച് കന്യാപുരത്തിലെ വള്ളിക്കുടിലിൽ താമസിപ്പിച്ച സന്യാസി കപടനാണെന്നും അവൻ തന്റെ സഹോദരിയുമായി കടന്നുകളഞ്ഞെന്നും അറിഞ്ഞ ബലഭദ്രൻ അതികലശലായി ശുണ്ഠിയെടുത്ത് ശ്രീകൃഷ്ണനോട് ദേഷ്യപ്പെടുന്നു. ശ്രീകൃഷ്ണൻ ഓരോരോ സൂത്രം പറഞ്ഞ് മെല്ലെ മെല്ലെ ബലരാമനെ ശാന്തനാക്കുന്നു. അവസാനം ശാന്തനായ ബലരാമൻ ശ്രീകൃഷ്ണനുമൊന്നിച്ച് അഷ്ടകലാശമെടുത്ത് രംഗം അവസാനിപ്പിക്കുന്നു.

### അരങ്ങത്ത്

| | | | |
|---|---|---|---|
| ബലഭദ്രൻ | : കലാ. കൃഷ്ണകുമാർ | മദ്ദളം | : കലാ. വേണു |
| കൃഷ്ണൻ | : കലാ. ആദിത്യൻ | ചുട്ടി | : ഏരൂർ മനോജ് |
| പാട്ട് | : സദനം ജ്യോതിഷ് ബാബു, കലാ: യശ്വന്ത് | അണിയറ | : പള്ളിപ്പുറം കണ്ണൻ, ചേർത്തല രാമചന്ദ്രൻ |
| ചെണ്ട | : കലാ. വേണുമോഹൻ, കലാ: ശ്രീഹരി | കളിയോഗം | : എറണാകുളം കരയോഗം കഥകളി ക്ലബ്ബ് |

## എഡിറ്റോറിയൽ...

# മഹാമാഘ മഹോത്സവം

കഴിഞ്ഞ കുറച്ച് കാലങ്ങളിലായി വീണ്ടെടുക്കലാണല്ലോ നടന്നുകൊണ്ടിരിക്കുന്നത്-ആയിരത്താണ്ടുകൾ നീണ്ട വൈദേശികാധിനിവേശത്തിന്റെയും അതിക്രമങ്ങളുടെയും ഫലമായി നഷ്ടപ്പെട്ടതും, നഷ്ടപ്പെടുത്തിയതുമായ സംസ്കാര മാഹാത്മ്യങ്ങളുടെയും പൈതൃകങ്ങളുടെയും വീണ്ടെടുപ്പ്. അത് ശ്രീരാമക്ഷേത്രത്തിന്റെയും നളന്ദ സർവ്വകലാശാലയുടെയും പുനർ നിർമ്മാണത്തിലൊതുങ്ങുന്നില്ല, മറ്റ് അനേകം സാംസ്കാരിക പൈതൃകങ്ങളുടെ വീണ്ടെടുക്കൽ നടന്നുകൊണ്ടിരിക്കുന്നു. അടുത്തക്കാലത്ത് നടന്ന മഹാകുംഭമേളയും നമ്മൾ കണ്ടു. ഇന്നിതാ നമ്മുടെ നാട്ടിൽ കേരളത്തിൽ 250 വർഷങ്ങൾക്ക് മുൻപ് നിലച്ചുപോയ മാഘ മഹോത്സവം ആചാരാനുഷ്ഠാനങ്ങളോടെ അതിഗംഭീരമായി നടത്തപ്പെട്ടു. ജനുവരി 19-ാം തീയതി ബഹുമാന്യനായ കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ധർമ്മധ്വജം ഉയർത്തി മഹോത്സവത്തിന് തുടക്കം കുറിച്ചു. ധർമ്മധ്വജം എന്നത് ഭാരതത്തിലെ സനാതന ധർമ്മത്തിന്റെ മാഹാത്മ്യപ്രതീകമാണ്. പണ്ട് മാഘ മഹോത്സവം 12 വർഷത്തിലൊരിക്കൽ ആചരിച്ചു പോന്നിരുന്നു. ആ സാംസ്കാരിക സമ്മേളനം നിളയുടെ തീരത്ത് വീണ്ടും കൊണ്ടാടപ്പെട്ടു. മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി മഹാരാജിന്റെ നേതൃത്വത്തിൽ അനേകം സന്യാസി ശ്രേഷ്ഠന്മാരുടെ സഹായസഹകരണത്തോടെയാണ് മഹാമാഘ മഹോത്സവം നടത്തപ്പെട്ടത്.

കഴിഞ്ഞവർഷം പ്രകാശ്‌രാജിൽ നടന്ന മഹാകുംഭമേള പോലെ തന്നെ വിശിഷ്ടവും മഹത്വമേറിയതുമാണ് ഭാരതപുഴയുടെ തീരത്ത് നടന്ന ഈ മാഘ മഹോത്സവം. ഒരർത്ഥത്തിൽ ഇത് ദക്ഷിണേന്ത്യൻ കുംഭമേള തന്നെയാണ് കേരളത്തിലെ വ്യത്യസ്ത സമ്പ്രദായങ്ങളിലുള്ള പൂജകളും, ക്രിയകളും ഉപാസന സമ്പ്രദായങ്ങളും ഇവിടെ നിളാമദ്ധ്യത്തിലെ

ഫെബ്രുവരി - 2026
വാല്യം 18 ✣ ലക്കം - 02

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| സെക്രട്ടറിയുടെ പംക്തി | 05 |
| ബാലലോകം | 07 |
| വാസ്തു ശാസ്ത്രം | 08 |
| സുഭാഷിതം | 10 |
| ക്ഷേത്രങ്ങളിലൂടെ | 11 |
| നമഃശിവായ | 13 |
| ഡിസ്ക് ബൾജ് | 15 |
| ദൃഗ് ദൃശ്യ വിവേകം | 17 |
| സർപ്പാരാധന കേരളത്തിൽ | 21 |
| ആഗോള താപനം......................... | 27 |
| പിഴയ്ക്കുന്നത് എവിടെയാണ്? | 29 |
| യാത്രാവിവരണം | 32 |
| സ്വാമിദാസന്റെ ചായക്കട | 35 |
| ആസ്തികൻ | 39 |
| ആരോഗ്യം - ശരീരത്തിന്റെയും....................... | 43 |
| അപാല | 47 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |


## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)
പി. രാമചന്ദ്രൻ (വേണു)
കെ.ടി. മോഹനൻ

യജ്ഞശാലയിൽ ഒന്നിച്ചത് അപൂർവ്വ കാഴ്ചയായി. പതിവ് സങ്കല്പങ്ങളൊക്കെ മാറ്റി ക്രിയാംഗ സ്ഥാനത്ത് അതാത് വിഭാഗത്തിലുള്ള ആചാര്യന്മാരെക്കൊണ്ട് തന്നെ പൂജാദികർമ്മങ്ങൾ ചെയ്യിച്ചപ്പോൾ അതിന്റെ വൈശിഷ്ട്യം എത്രയോ മടങ്ങ് ഏറെയായി. ഗായത്രി സുകൃതഹോമം, ചതുരാംബിക പൂജ, സർവ്വേശ്വര്യ പൂജ, സൂര്യഗണപതിഹോമം, യക്ഷിപൂജ, സുബ്രഹ്മണ്യപൂജ തുടങ്ങിയ മഹത് കർമ്മങ്ങൾ യജ്ഞശാലയിൽ വിവിധ ദിവസങ്ങളിലായി നടക്കുകയുണ്ടായി. കർമ്മങ്ങളിലെ വൈവിധ്യങ്ങളെക്കുറിച്ചും, ഓരോ കർമ്മങ്ങളുടെയും മാഹാത്മ്യത്തെക്കുറിച്ചും അതാത് വിഭാഗത്തിലുള്ള ആചാര്യന്മാർ ഭംഗിയായി വിവരിച്ച് സംസാരിച്ചപ്പോൾ അവിടെക്കുടിയ ഭക്തജനങ്ങൾ ശരിക്കും ദൈവീകാനുഭൂതി നുകരുകയായിരുന്നു. യജ്ഞശാലയിൽ നിന്നും ഉയർന്ന ധൂമപടലങ്ങളോടൊപ്പം ആത്മീയതയുടെ ഉന്നത തലങ്ങളിലേയ്ക്ക് അവരെ കൊണ്ടുപോകാൻ ആ ആചാര്യന്മാർക്ക് സാധിച്ചു. അത്രയ്ക്കും അതാതു സമ്പ്രദായങ്ങളിൽ അഗാധ പാണ്ഡിത്യമുള്ളവരായിരുന്നു ആ ആചാര്യന്മാർ. അവരുടെ പാദങ്ങളിൽ നമുക്കും മനസ്സാ പ്രണമിക്കാം.

നിളാആരതി, സന്യാസി സമ്മേളനം തുടങ്ങിയവ ഈ ദക്ഷിണകുംഭമേളയുടെ മാറ്റുകൂട്ടി. ഗംഗാ ആരതിപോലെ തന്നെയാണ് നിളാആരതിയും സംഘടിപ്പിച്ചിരുന്നത്. ഗംഗാആരതി നടത്തുന്ന ആളുകളെകൊണ്ട് തന്നെയാണ് നിളാആരതിയും അനുഷ്ഠിപ്പിച്ചത്. അത് ഏറെ ആകർഷണിയമായ ഒരുചടങ്ങായിരുന്നു. അതുപോലെ എടുത്തുപറയേണ്ടുന്ന ഏറെ സവിശേഷതയുള്ള ഒന്നായിരുന്നു രഥസപ്തമി. ലോകം അന്ധകാരാവൃതമായിരുന്ന കാലത്ത് ലോകത്തിന് പ്രകാശം നൽകാനായി കശ്യപ മഹർഷിയുടെയും ദേവമാതാവായ അദിതിയുടെയും പുത്രനായി, മാഘമാസത്തിലെ ശുക്ലപക്ഷത്തിലെ ഏഴാംനാളിൽ സൂര്യൻ ജനിച്ചു എന്നാണല്ലോ വിശ്വാസം. ഈ ദിനത്തിലാണ് രഥസപ്തമി ആചരിക്കുന്നത്. എപ്പോഴുംസഞ്ചരിച്ചുകൊണ്ടിരിക്കേണ്ടുന്നതിനാൽ തനിക്ക് പ്രാർത്ഥനയ്ക്ക് അവസരം ലഭിക്കുന്നില്ലായെന്ന സൂര്യദേവന്റെ പരാതി പരിഹരിക്കാനായി ശിവഭഗവാൻ നൽകിയതാണ് സഞ്ചരിക്കുന്നതിനൊപ്പം ഇരുന്ന് പ്രാർത്ഥിക്കാൻ കഴിയുന്ന ഏഴ് കുതിരകളെ പൂട്ടിയ രഥം. ഈ രഥത്തിലെ ഏഴ് കുതിരകളുടെ നാമങ്ങളാണ് ആഴ്ചയിലെ ഏഴു ദിവസങ്ങൾക്ക് നൽകിയിരിക്കുന്നത്. നിളയിലെ പുണ്യസ്നാനം കഴിഞ്ഞ് രഥസപ്തമിയിൽ പങ്കെടുത്താൽ എല്ലാവിധ മാനസ്സിക വിഷമതകളും അകലും എന്നാണ് സങ്കൽപ്പം.

സനാതന ധർമ്മടിസ്ഥാനത്തിലുള്ള യാഗങ്ങളും കർമ്മങ്ങളുമെല്ലാം ഓരോ ദിവസവും കൃത്യമായി നടന്നുകൊണ്ടിരുന്നു. കൂടാതെ സദ്സംഗങ്ങൾ, ശാസ്ത്ര സമ്മേളനങ്ങൾ, ആചാര്യന്മാരുടെ പ്രഭാഷണങ്ങൾ അങ്ങനെ നിളയുടെ തീരത്തുനിന്ന് പരശുരാമന്റെയും ഭൃഗു മഹർഷിയുടെയും പാദധൂളികളാൽ പവിത്രമാക്കപ്പെട്ട, തിരുനാവായയിലെ പുണ്യ വേദിയിൽ നിന്നും സനാതനധർമ്മ ഉയർത്തെഴുന്നേൽപ്പിന്റെ ശംഖൊലി മുഴങ്ങിയിരിക്കുന്നു. ഈ മഹാസംരംഭത്തെ പോലും തടയാനും തടസ്സമുണ്ടാക്കാനും പലരും ശ്രമിച്ചു. കേരളത്തിലെ പല മാദ്ധ്യമങ്ങളും വേണ്ടത്ര പ്രാധാന്യം കൊടുത്തുമില്ല ഈ മഹാ സംഭവത്തിന്. എന്നിട്ടും ആയിരകണക്കിന് ഭക്തജനങ്ങളാണ് നിത്യവും നിളാതീരത്തെത്തി നിളാസ്നാനവും നടത്തി ഭക്ത്യാദരപൂർവ്വം പരിപാടികളിൽ പങ്കെടുത്തത്. ഇവിടെ പുനരാരംഭിച്ചിരിക്കുന്നത് അധികാര കൊതിമൂത്ത മാമാങ്ക യുദ്ധങ്ങളല്ല. അതിന് മുമ്പ് ശാസ്ത്രജ്ഞന്മാരുടെയും മഹാപണ്ഡിതന്മാരുടെയും ഒക്കെ നേതൃത്വത്തിൽ മാഘമാസത്തിൽ തപസ്സെന്നൂരെന്ന ഇന്നത്തെ തവനൂരിൽ നടത്തിക്കൊണ്ടിരുന്ന മഹത്തായ സാംസ്കാരിക സമ്മേളനങ്ങളുടെയും, ദേശീയോദ്ഗ്രഥന പരിപാടികളുടെയും, വേദശാസ്ത്ര പഠന കളരികളുടെയും ഒക്കെ പുനരുജ്ജീവനമാണ് ഇവിടെ നടന്നത്. ഭാരതത്തിലെ അഖാഡകളിൽ പ്രാധാന്യമേറെയുള്ള ജൂന അഖാഡയുടെ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതിമഹാരാജിന്റെ നേതൃത്വത്തിലാണ് ഈ മഹാസംരംഭം നടന്നത് എന്നുള്ളത് നമുക്ക് അഭിമാനിക്കാൻ ഏറെ വകനൽകുന്ന ഒന്നുകുടിയാണ്.

കേരളത്തിന്റെ ഈ കുംഭമേളയുടെ വിജയത്തിൽ നമുക്കും അഭിമാനിക്കുകയും അവിടെ സേവനം നടത്തുന്ന സേവാഭാരതിയുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും പ്രവർത്തകരെ ആദരപൂർവ്വം അഭിനന്ദിക്കുകയും ചെയ്യാം. ഇതുപോലെയുള്ള മഹാസംരംഭങ്ങൾ ഇനിയും ഉണ്ടാകട്ടെ. സനാതന ധർമ്മ ധ്വനികൾ എങ്ങും മാറ്റൊലി കൊള്ളട്ടെ, ഭാരതദേശീയതയുടെ പാഞ്ചജന്യം മുഴങ്ങട്ടെ....

**ജയ്ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

**പ്രിയ കരയോഗാംഗങ്ങളെ,**

കഴിഞ്ഞ ഒരു വർഷക്കാലത്തിലധികമായി നമ്മുടെ ചിന്തയും പ്രവർത്തനങ്ങളുമെല്ലാം ഒറ്റ ലക്ഷ്യം മുൻനിർത്തിയുള്ളത് മാത്രമായിരുന്നു. അത് എറണാകുളം കരയോഗം ശതാബ്ദി ആഘോഷമായിരുന്നു. ആ ചരിത്ര മുഹൂർത്തം നാം പിന്നിട്ടിരിക്കുന്നു. എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങൾ രണ്ടാമത്തെ നൂറ്റാണ്ടിലേക്ക് കടക്കുകയാണ്.

അടുത്ത അദ്ധ്യായം ആരംഭിക്കുമ്പോൾ കാലത്തിനനുസൃതമായ ദീർഘവീക്ഷണവും, പാരമ്പര്യവും നിലനിർത്തിക്കൊണ്ട് ഈ പ്രസ്ഥാനത്തിന്റെ വളർച്ച കുറേക്കൂടി വേഗത്തിലാക്കേണ്ടതുണ്ട്. ഒരു വ്യക്തി/സ്ഥാപനം/ പ്രസ്ഥാനം എന്നിവയുടെ പ്രവർത്തനവും, അവരിൽ നിന്ന് ലഭിക്കുന്ന സേവനവും ഏത് തരത്തിലായിരിക്കണമെന്നതാണ് മുഖ്യലക്ഷ്യം. അത് മനുഷ്യ നന്മയ്ക്ക് വേണ്ടിയുള്ളത് ആയിരിക്കണം. ആ പ്രസ്ഥാനത്തിലുള്ളവരെക്കാൾ കൂടുതൽ മുൻഗണന, ജാതി, മത, രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി പൊതുസമൂഹത്തിലുള്ളവർക്കായിരിക്കണം. അതോടൊപ്പം ആ പ്രസ്ഥാനത്തിന്റെ സ്ഥാപനങ്ങളിൽ എല്ലാവർക്കും എന്നപോലെ അംഗങ്ങൾക്കുമുള്ള അവകാശങ്ങളും അധികാരങ്ങളും നിലനിർത്തിക്കൊണ്ടുമായിരിക്കണം സേവനങ്ങൾ നൽകേണ്ടത്. പൊതുവെ സാമൂഹ്യസേവനം എന്ന പേരിൽ പലരും വളരെ സജീവമായി പൊതുരംഗത്ത് പ്രവർത്തിക്കുന്നതായി കാണാറുണ്ട്. ഇന്നത്തെ കാലഘട്ടത്തിൽ അങ്ങനെ വരുന്നവരിൽ കുറച്ച് പേരെങ്കിലും തനിക്ക് എന്ത് ലഭിക്കുമെന്ന ചിന്ത മുൻപിലും, സേവനം ഒരു പൊതു സ്വീകാര്യതയ്ക്കും വേണ്ടി മാത്രമായി ഉപയോഗിക്കുന്നവരുമായി കാണുന്നതിൽ ദുഃഖമുണ്ട്. ഒരു പ്രസ്ഥാനത്തിന്റെ കൂടെ പ്രവർത്തിക്കുമ്പോൾ ആ പ്രസ്ഥാനത്തിലൂടെ സമൂഹത്തിന് വേണ്ടി എന്ത് ചെയ്യുവാൻ കഴിയും എന്ന ചിന്തയാണ് വേണ്ടത്. മറിച്ച് എനിക്ക് ഈ പ്രസ്ഥാനത്തിൽ നിന്നാൽ എന്ത് ലഭിക്കും എന്ന് ചിന്തിക്കുന്നവർ പൊതുപ്രവർത്തകരായി ഇരിക്കുവാൻ യോഗ്യരല്ലായെന്ന് ആരെങ്കിലും ചിന്തിച്ചാൽ തെറ്റ് പറയുവാൻ കഴിയില്ലല്ലോ അവരെ.

“സേവനം ജീവിത സാഫല്യം” എന്ന മുദ്രാവാക്യം ആണ് നമ്മുടെ മുഖമുദ്ര. കൂടുതൽ സേവന തൽപ്പരരും സമൂഹത്തിനും, പ്രസ്ഥാനത്തിനും വേണ്ടി സമയം ചിലവഴിക്കാൻ കഴിവുള്ളവരുമായ പ്രവർത്തകർ എറണാകുളം കരയോഗത്തിൽ ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു. ഇപ്പോൾ തന്നെ പൊതുസമക്ഷം പ്രഖ്യാപിച്ചിരിക്കുന്ന ഒട്ടേറെ പദ്ധതികളുടെയും, പരിപാടികളുടെയും നടപടിക്രമങ്ങളിലേക്ക് കടക്കുന്ന സമയമാണ്. ഒരിക്കൽക്കൂടി നമ്മുടെ പുതിയ നൂറ്റാണ്ടിന്റെ പ്രയാണത്തിൽ എറണാകുളം കരയോഗത്തിനൊപ്പം നിങ്ങളും ഉണ്ടായിരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

2026 ഫെബ്രുവരി 24-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ പ്രകാശ്‌രാജ് ഫൗണ്ടേഷന്റെ സഹകരണത്തോടെ ലിറ്റിൽ എർത്ത് സ്കൂൾ ഓഫ് തിയേറ്റർ അവതരിപ്പിക്കുന്ന നാടകം - **"KOO HOO".**

2026 ഫെബ്രുവരി 22–ാം തീയതി ഞായറാഴ്ച രാവിലെ 11.00–ന് ടി.ഡി.എം. ഹാളിൽ എറണാകുളം കരയോഗം സാഹിതീ യോഗത്തിൽ, ● ജി. യുടെ കാവ്യലോകം – അവതരണം:–ടി. എൻ. ടി. നായർ, ● ഒ. എൻ. വി സ്മൃതി – അവതരണം:– പത്മജ മേനോൻ.

2026 ഫെബ്രുവരി 22–ാം തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ടി. ഡി. എം. ഹാളിൽ എറണാകുളം കരയോഗം സാംസ്കാരിക വേദിയിൽ അകായിലെ സംഗീതം “പ്രണയ വർണ്ണങ്ങൾ” (ഗാനങ്ങൾ). ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്.

**ജനറൽ സെക്രട്ടറി**

---

## ശതീകം സ്മരണിക




# ഇതൊരു തൊട്ടറിവാണ്

കരയോഗത്തിന്റെ നൂറ്റാണ്ട് യാത്രയിലെ ഓരോ ഘട്ടവും താണ്ടിയത് പുതുക്കലും സൂക്ഷ്മതയും കരുതലും സമന്വയിപ്പിച്ച പുതുവഴികൾ വെട്ടി തുറന്നുകൊണ്ടായിരുന്നു. ഒരുവർഷം നീണ്ട ശതാബ്ദി ആഘോഷങ്ങളുടെ അനുഭൂതി പകർന്ന നാളുകൾ. അവ ഇനി നിങ്ങളുടെ കൈയിലെത്തുന്നത് ശതീകം സ്മരണികയിലൂടെ, അതും അനുഭവവേദ്യമാകും. ദൃശ്യങ്ങളും വരകളും അക്ഷരങ്ങളും ലയവിന്യാസത്തോടെ, പറഞ്ഞറിയിക്കാനാവാത്ത വായനാനുഭവങ്ങളിലേക്ക് –

ഉള്ളടക്കം: കഥപറച്ചിലേയല്ല ഗവേഷണമാണ്, രേഖകൾ കണ്ടെത്തലാണ്, ഇതിവൃത്തമുണ്ടാക്കലാണ്, വാദഗതികളാണ്. ചുരുക്കത്തിൽ സുക്ഷ്മ ചരിത്രത്തിലേക്ക് കൂട്ടിക്കൊണ്ട് പോകൽ. തലമുറകളിലേക്ക് നൽകുന്ന കരുതൽ.......

**“ശതീകം സ്മരണിക”** 2026 ഫെബ്രുവരി 16–ാം തീയതി മുതൽ കരയോഗം ഓഫീസിൽ ലഭ്യമാണ്. താൽപര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**Mob: 9447171160,  Ph: 0484 2361160**



# ബാലലോകം



ലക്ഷ്മി പി. നായർ – 9947770638

**പ്രിയപ്പെട്ട കൂട്ടുകാരെ,**

പുതുവർഷപ്പിറവി എല്ലാവരും ആഘോഷിച്ചു കാണുമല്ലോ? പുതുവർഷത്തിൽ നിങ്ങൾ എന്തെല്ലാം പുതിയ കാര്യങ്ങൾ ആണ് ചെയ്യാൻ പോകുന്നത്? വായനയിൽ കൂടുതൽ താല്പര്യം പുലർത്തണം എന്ന് പറയേണ്ടതില്ലല്ലോ? വായന വളർച്ചയുടെ ആദ്യത്തെ പടവുകൾ ആണെന്ന് നിങ്ങൾക്ക് അറിയാമോ? ദിവസത്തിൽ അല്പസമയമെങ്കിലും വായനക്ക് നീക്കി വയ്ക്കണം കൂട്ടുകാരെ. പുസ്തകങ്ങൾ എന്തുതന്നെയുമാവട്ടെ, അവ അറിവ് പകരുന്നത് ആയിരിക്കണം എന്ന് മാത്രം.

ലൈബ്രറികളിൽ എത്രയെത്ര പുസ്തകങ്ങളാണ് വായിക്കാനാളില്ലാതെ നിങ്ങളെ കാത്ത് കിടക്കുന്നത്? ഈ ആധുനിക യുഗത്തിൽ നമുക്ക് അറിവ് പകരുന്ന നിരവധി കാര്യങ്ങൾ ഉണ്ട്. ഇവയിൽ ഏറ്റവും ഉത്തമമായത് വായന തന്നെയാണ്. വായനയിലൂടെ നമ്മുടെ ചിന്താശക്തിയും, ആലോചനാശേഷിയും വർദ്ധിക്കും. ചോറ് ഉരുട്ടി വായിൽ തരുന്നതോ അതോ സ്വയം എടുത്തു കഴിക്കുന്നതോ നല്ലത്? സ്വന്തം കൈകൾ കൊണ്ട് തന്നെ എടുത്തു കഴിക്കുമ്പോൾ വ്യത്യാസമില്ലേ? അതുപോലെയാണ് പുസ്തകങ്ങളിലൂടെ നിങ്ങൾക്ക് കിട്ടുന്ന പ്രയോജനവും.

വായിച്ചു വളരണമെന്ന് ഒരു കവി നമ്മളോട് പറഞ്ഞിട്ടുണ്ടല്ലോ അത് ആരാണെന്ന് നിങ്ങൾ തന്നെ ഓർത്തു നോക്കൂ.


ഇത് ടെലിഫോണിന്റെ യുഗമാണെന്ന് കൂട്ടുകാർക്ക് അറിയാമല്ലോ? കൂട്ടുകാർക്കും അച്ഛനമ്മമാർ ഫോൺ കയ്യിൽ തന്നിട്ടുണ്ടാവും. പക്ഷേ ഒരിക്കലും അതിനെ ദുരുപയോഗം ചെയ്യരുത് കേട്ടോ.

പഴയകാലത്ത് ധാരാളം പുസ്തകങ്ങളൊന്നും വായിക്കാനായി ഉണ്ടായിരുന്നില്ല. ഇന്ന് ലൈബ്രറികളിൽ ഇഷ്ടംപോലെ പുസ്തകങ്ങൾ നിങ്ങൾക്ക് ലഭിക്കും. നിങ്ങളുടെ അറിവിനെ മുൻനിർത്തിയുള്ള പുസ്തകങ്ങൾ. നല്ല നല്ല കവിതകളും കഥകളും അതിൽ ഉണ്ടാവും. കൂട്ടുകാർ ഒന്ന് ചേർന്ന് ഇങ്ങനെയുള്ള പുസ്തകങ്ങളിലെ വിഷയങ്ങൾ ചർച്ച ചെയ്യാവുന്നതാണ്; പഠിക്കാവുന്നതാണ്.

പുതിയ വർഷത്തിൽ കൂട്ടുകാർ പുസ്തക വായനയിൽ പ്രിയരാകുമല്ലോ? മലയാളമായാലും ഇംഗ്ലീഷ് ആയാലും നന്നായി പഠിക്കുക ഉൾക്കൊള്ളുക, മനസ്സിലാക്കി ചർച്ച ചെയ്യുക. അങ്ങനെയെങ്കിൽ നാളെ നിങ്ങൾ എഴുത്തിന്റെ ലോകത്ത് ഒരു പുതിയ വഴി വെട്ടി തുറക്കും എന്നതിന് സംശയമില്ല. ചെറിയ ചെറിയ കവിതകളും ലേഖനങ്ങളും എഴുതി നോക്കൂ. ജ്ഞാനത്തെപ്പോലെ പൂജ്യവും, പരിപാവനവുമായ മറ്റൊന്നും തന്നെ ഇല്ലെന്നു മനസ്സിലാക്കണം. വിദ്യയുടെ ലോകത്ത് നിങ്ങൾക്ക് ഇതിലൂടെ ഉന്നതരാവാൻ സാധിക്കുമെന്നതിൽ സംശയമില്ല.

"വിത്തമെന്തിന്നു മർത്യനു
വിദ്യ കൈ വശമാകുകിൽ"

എന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ? വായനയിലൂടെ നിങ്ങളുടെ കഴിവ് വളർത്തിയെടുക്കുമ്പോൾ നിങ്ങളുടെ അച്ഛനമ്മമാർക്ക് എന്തൊരു സന്തുഷ്ടി ആയിരിക്കും ഉണ്ടാവുക? ആംഗലേയ ഭാഷയോടൊപ്പം തന്നെ ചൈതന്യവത്തായ നമ്മുടെ മാതൃഭാഷയിൽ അറിവ് വളർത്താൻ മറക്കരുത് കൂട്ടുകാരെ. അമ്മയോളം പ്രാധാന്യമുള്ളതാണ് മാതൃഭാഷയും കേട്ടോ. എല്ലാകൂട്ടുകാർക്കും നന്മകൾ നേരുന്നു. ■



# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ – 9447032434

## ചില സംശയങ്ങൾ

വീടുപണി തുടങ്ങുമ്പോൾ പൂജ ചെയ്യണൊ, കല്ലിനടിയിൽ സ്വർണ്ണം വയ്ക്കണൊ, ഏതുഭാഗത്താണ് കല്ലിടേണ്ടത് എന്നെല്ലാം പലരും ചോദിക്കുന്നു. വീട് പണി ആരംഭിക്കുമ്പോൾ പൂജ ചെയ്യുന്നതും, കല്ലിനടിയിൽ പഞ്ചലോഹമോ, പഞ്ചമൃഗ ശിരസ്സുള്ള തകിടൊ, ചില സ്ഥലങ്ങളിൽ സ്വർണ്ണമോ, വെള്ളിയൊ, ഇരുമ്പൊ വെയ്ക്കുന്നത് കാണുന്നുണ്ട്, ഇതെല്ലം നമ്മുടെ കൊല്ലങ്ങളായിട്ടുള്ള ആചാരങ്ങളാണ്. അതിൽ യാതൊരു തെറ്റുമില്ല. ചില സ്ഥലങ്ങളിൽ വാസ്തുവിന്റെ പേരിൽ കബളിപ്പിക്കപ്പെടുന്നു. ഒരു സ്ഥലത്ത് ചെന്നപ്പോൾ ഇഷ്ടിക കെട്ടി ചുമരിന്റെ വണ്ണം കൂട്ടിയതായി കണ്ടു. മുറിയുടെ കണക്കുകൾ ശരിയാക്കിയതാണെന്നു പറഞ്ഞു. മുറികളുടെ കണക്കുകൾ അഥവാ അളവുകൾ നോക്കേണ്ടതില്ല. മറ്റൊരു വീട്ടിൽ ഗൃഹനാഥന്റെ നാളും, പേരും നോക്കി വീടിനു ചുറ്റും അതിരുകൾ തിരിച്ചതായി കണ്ടു. അതിരിടുന്നതിൽ തെറ്റില്ല. ശ്രദ്ധിക്കേണ്ട കാര്യം തെക്ക്വശത്ത് വീട്ടിൽ നിന്നും അതിരുവരെയുള്ള ദുരം വടക്കിനേക്കാൾ കുറവായിരിക്കണം. അതുപോലെ പടിഞ്ഞാറ് കിഴക്കിനേക്കാൾ കുറവായിരിക്കണം. അതിനു ഗൃഹനാഥന്റെ നാളും പേരിന്റെ ആദ്യാക്ഷരവും നോക്കേണ്ട ആവശ്യമില്ല. മറ്റൊരു വീട്ടിൽ ചെന്നപ്പോൾ വീടിന്റെ മദ്ധ്യത്തിലും, മറ്റു സ്ഥലങ്ങളിലും ദ്വാരങ്ങൾ ഇട്ടു കണ്ടു. കർണ്ണസൂത്രങ്ങളും, ബ്രഹ്മസൂത്രങ്ങളും, യമസൂത്രങ്ങളും ആണെന്ന് പറഞ്ഞു. ഇന്നത്തെക്കാലത്ത് ആവശ്യത്തിന് ജനലുകളും, വാതിലുകളും വയ്ക്കുന്നതുകൊണ്ട് ആവശ്യത്തിന് വായു സഞ്ചാരം എല്ലാ മുറികളിലും എത്തുന്നുണ്ട്. അതുകൊണ്ട് പ്രത്യേകിച്ച് സൂത്രങ്ങളുടെ പേരിൽ ദ്വാരങ്ങൾ ആവശ്യമില്ല.

മറ്റൊരു വീട്ടിൽ അടുക്കള കിഴക്ക്തെക്കാണ്. കിഴക്ക്വടക്ക് കാർപോർച്ച്. വീട്ടുടമസ്ഥൻ വീട്ടിൽ നിന്ന് കാർ പുറത്തേക്കെടുത്തപ്പോൾ ഇരുചക്ര വാഹനം വന്നിടിച്ചു. ഉടനെതന്നെ ജോത്സ്യനെ പോയി കാണുകയും, ജോത്സ്യന്റെ ഉപദേശപ്രകാരം വാസ്തു നോക്കുന്ന ആളെ വിളിച്ച് വീട് പരിശോധിപ്പച്ചു. അതനുസരിച്ച് അടുക്കള കിഴക്ക് തെക്ക് നിന്നും കിഴക്ക് വടക്കോട്ടു മാറ്റി. അടുക്കള കിഴക്ക് തെക്ക് ദേവന്മാരുടെ അടുക്കളയാണെന്നാണ് പറഞ്ഞത്. ഞാൻ പോയി നോക്കിയപ്പോൾ അവിടുത്തെ ശരിയായ പ്രശ്നം വീട് പണിഞ്ഞിരിക്കുന്നത് പറമ്പിനെ നാലാക്കിത്തിരിച്ച് വടക്ക് കിഴക്കാണ്.

അടുക്കള വീടിന്റെ കിഴക്ക് എവിടെവേണമെങ്കിലും ആവാം, വടക്ക് എവിടെവേണമെങ്കിലും ആവാം, അടുക്കളക്ക് കിഴക്ക് അല്ലെങ്കിൽ വടക്ക് ജന്നൽ വേണം. എപ്പോഴും വീടുപണിയുന്നത് പ്ളോട്ടിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് വേണം. വടക്കും, കിഴക്കും കൂടുതൽ സ്ഥലം വേണം.

മറ്റൊരു വീട്ടിൽ ടോയ്ലറ്റ് പൂട്ടികിടക്കുന്നതായി കണ്ടു. ടോയ്ലറ്റ് വീടിന്റെ പടിഞ്ഞാറു മദ്ധ്യത്തിലായതുകൊണ്ട് ഉപയോഗിക്കരുത് എന്ന് പറഞ്ഞകാരണമാണ് പൂട്ടിയിട്ടിരിക്കുന്നത്. ടോയ്ലറ്റ് വീടിന്റെ എവിടെ വേണമെങ്കിലുമാകാം. വീടുകളിൽ ടോയ്ലറ്റ് വന്നിട്ട് 200 കൊല്ലമേ ആയിട്ടുള്ളു. ആദ്യം വലിയ വീടുകളിൽ ഓവകം എന്ന ഒരു മുറിയുണ്ടായിരുന്നു. രോഗിക

ളുടെയും, മറ്റും ഉപയോഗത്തിനായി ഉപയോഗിക്കുന്ന പാത്രങ്ങൾ അവിടെയാണ് സൂക്ഷിച്ചിരുന്നത്. രാവിലെ അത് കൊണ്ടുപോയി കളയുകയും ചെയ്യും. വലിയ വീട്ടുകാർക്ക് കുളിക്കുന്നതിനായി കുളവും, കുളപ്പുരയുമുണ്ടായിരുന്നു. എന്നാൽ വാസ്തുശാസ്ത്രത്തിനെപ്പറ്റി പല പുരാണ ഗ്രന്ഥങ്ങളിലും, കൊട്ടാരങ്ങൾ പണിയുമ്പോൾ വാസ്തു നോക്കിയതായി പറയുന്നു. അന്നത്തെക്കാലത്ത് കൊട്ടാരം മാത്രമല്ല ആന, കുതിര എന്നിവയ്ക്കുവേണ്ടിയും സ്ഥലം നോക്കിയിരുന്നു. ഭൂരിപക്ഷം കൊട്ടാരങ്ങളുടെയും, ദേവാലയങ്ങളുടെയും, വടക്ക്, അഥവാ കിഴക്ക് വറ്റാത്ത പുഴ, തടാകം എല്ലാമുണ്ടായിരുന്നു. വാസ്തു ശാസ്ത്രത്തിന് 5000 കൊല്ലത്തേക്കാൾ കൂടുതൽ പഴക്കമുണ്ട്. പിന്നെ എവിടെ നിന്നാണ് ടോയ്‌ലെറ്റിന്റെ സ്ഥാനം വാസ്തുശാസ്ത്രത്തിൽ വന്നതെന്നറിയില്ല. ടോയ്‌ലറ്റ് വീടിന്റെ എവിടെ വേണമെങ്കിലും വരാം. ടോയ്‌ലറ്റ് വടക്ക്കിഴക്കാണെങ്കിൽ ഫ്ളോർ 1 സെ.മി താഴ്ത്തിയിടണം. തെക്ക്പടിഞ്ഞാറു ഭാഗത്താണെങ്കിൽ ടോയ്‌ലെറ്റിലോട്ട് കടക്കുന്ന വാതിലിന് അടിപ്പടി വേണം. ■

---

**എറണാകുളം കരയോഗം**
**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**

**2026 ഫെബ്രുവരി 10 മുതൽ മാർച്ച് 10 വരെ**




| | | | | |
|---|---|---|---|---|
| 1. | 11-02-2026<br>18-02-2026<br>25-02-2026<br>04-03-2026 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല. പി. പി | 3.00 p.m - 4.30 p.m. |
| 2. | 12-02-2026<br>19-02-2026<br>26-02-2026<br>05-03-2026 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 3. | 14-02-2026<br>21-02-2026<br>28-02-2026<br>07-03-2026 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>ആചാര്യൻ കെ. ആർ . നമ്പ്യാർ | 10.00 am - 12.00 pm |
| 4. | 15-02-2026<br>01-03-2026 | ഞായർ | വേദ പഠന കളരി – അരുൺ പ്രഭാകർ | 10.00 am |
| 5. | 22-02-2026 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി<br>**അകായിലെ സംഗീതത്തിൽ,** പ്രണയ വർണ്ണങ്ങൾ<br>**(ഗാനങ്ങൾ)** | 4.00 p.m |
| 6. | 22-02-2026 | ഞായർ | സാഹിതീ യോഗം പരിപാടി: ജി. യുടെ കാവ്യലോകം – അവതരണം:- ടി. എൻ. ടി നായർ, ഒ. എൻ. വി സ്മൃതി – അവതരണം:- പത്മജ മേനോൻ | 11.00 a.m |
| 7. | 24-02-2026 | ചൊവ്വ | **ബീം** – പ്രകാശ് രാജ് ഫൗണ്ടേഷന്റെ സഹകരണത്തോടെ ലിറ്റിൽ എർത്ത് സ്കൂൾ ഓഫ് തിയേറ്റർ അവതരിപ്പിക്കുന്ന നാടകം –<br>**KOO HOO** | 6.30 p.m. |
| 8. | 09-03-2026 | തിങ്കൾ | വിമൻസ് ഫോറം | 3.00 p.m - 5.00 p.m. |

# സുഭാഷിതം

വിദ്യൽപ്രഭ . ജെ. എസ് – 9847537007

എല്ലാവരും സമാധാനവും സന്തോഷവും കാംക്ഷിക്കുന്നവരാണ്. ഏതു വിധത്തിൽ അത് നേടാം എന്ന ആകുലതയാണ് പലപ്പോഴും സമാധാനം നശിപ്പിക്കുന്നത്. ആർത്തിക്ക് അതിർത്തിയില്ലാതെ വരുമ്പോൾ നമ്മുടെ ഉറക്കം പോലും നഷ്ടപ്പെടും. അതിന് അതിർവരമ്പ് നിശ്ചയിക്കേണ്ടത് നാം തന്നെയാണ്. ജീവിതം സുഖദുഃഖസമ്മിശ്രമാണ്. നന്മയും തിന്മയും മാറിമാറി ഭവിക്കും. അറിവുള്ള വിവേകമതികൾ ഏതു പ്രതിസന്ധിയേയും വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ കാണാൻ ശ്രമിക്കും.

“നമുക്ക് നാമേ പണിവതു നാകം
നരകവുമതുപോലെ”

എന്ന കവിവാക്യം ഇവിടെ പ്രസക്തമാണ്. സ്വർഗ്ഗവും, നരകവും നാം തന്നെയാണ് സൃഷ്ടിക്കുന്നതെന്ന നഗ്നസത്യം തിരിച്ചറിയുക. നാം എങ്ങനെ ഒരു കാര്യത്തെ സമീപിക്കുന്നുവെന്നതിനനുസരിച്ചായിരിക്കും – ഒരേ അനുഭവം നല്ലതും ചീത്തയുമാകുന്നത്. മനസ്സിന്റെ വിഭാവനയ്ക്കനുസൃതമാണ് അത്. ഏതു പ്രശ്നവും ഈശ്വരേച്ഛയായി കാണുന്നവർക്ക് ദുഃഖഭാരം ലഘുകരിക്കാം. ഇത് ഒരു കഥയിലൂടെ മനസ്സിലാക്കാം.

ഒരു ഗ്രാമത്തിൽ ഒരു കർഷകനുണ്ടായിരുന്നു – സാധു മനുഷ്യൻ എന്തും വളരെ ലാഘവത്തോടെ കാണുന്ന സാധാരണക്കാരൻ. കൃഷി സ്ഥലത്ത് സഹായത്തിന് ഒരു വയസ്സായ കുതിരയാണുണ്ടായിരുന്നത്. ഒരു ദിവസം അത് കാട്ടിലേക്കോടിപ്പോയി. നിസ്സഹായനായ കർഷകൻ നിസ്സംഗനായി പറഞ്ഞു “ഭാഗ്യമോ, നിർഭാഗ്യമോ ആർക്കറിയാം” എന്നാൽ നാട്ടുകാർ പറഞ്ഞത് ‘കഷ്ടം! ഭാഗ്യദോഷം’ അയാൾക്ക് സഹായത്തിനാരുമില്ലാതായെന്ന് വിലപിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ കുതിര തിരിച്ചെത്തി കൂടെ ചുറുചുറുക്കുള്ള കുറെ കുതിരകളും. നാട്ടുകാർ അത്ഭുതസ്തബ്ധരായി പറഞ്ഞു. “ഭാഗ്യവാൻ”എന്നാൽ മാറ്റമില്ലാതെ കൃഷിക്കാരൻ ആവർത്തിച്ചു “ഭാഗ്യമോ, നിർഭാഗ്യമോ ആർക്കറിയാം” ആ കുതിരകളെ പരിശീലിപ്പിക്കുന്നതിനിടെ കൃഷിക്കാരന്റെ മകൻ നിലത്തുവീണു കാലൊടിഞ്ഞു. ജനം വീണ്ടും “അയാളുടെ ഭാഗ്യദോഷം കുതിരകൾ വന്നു കാലക്കേടായി” കൃഷിക്കാരൻ ഒരു മാറ്റവുമില്ലാതെ അതെ വാക്കുകൾ “ഭാഗ്യമോ, നിർഭാഗ്യമോ ആർക്കറിയാം”

അടുത്ത ദിവസം പടത്തലവൻ പട്ടണത്തിൽനിന്നും ഗ്രാമത്തിലെത്തി ചെറുപ്പക്കാരെയെല്ലാം പട്ടാളത്തിൽ നിർബന്ധപൂർവ്വം ചേർക്കുകയെന്ന ഉദ്യമവുമായി. ബലം പ്രയോഗിച്ച് ചെറുപ്പക്കാരെ പട്ടാളക്യാമ്പിലെത്തിച്ചു. കൃഷിക്കാരന്റെ മകന്റെ കാലൊടിഞ്ഞുവെന്ന ഒറ്റക്കാരണത്താൽ ഒഴിവാക്കി. നാട്ടുകാർ ഐകകണ്ഠേന കൃഷിക്കാരന്റെ ഭാഗ്യത്തെ പുകഴ്ത്തി. കൃഷിക്കാരന് ആ ഒരു വാചകമേ ഇപ്പോഴും പറഞ്ഞുള്ളു. “ഭാഗ്യമോ, നിർഭാഗ്യമോ ആർക്കറിയാം”

ഈ മേൽപ്പറഞ്ഞ ദുരന്ത അനുഭവങ്ങളെയെല്ലാം കൃഷിക്കാരൻ നേരിട്ട രീതി നമുക്കും അവലംബിയ്ക്കാവുന്നതാണ്. മനസ്സിനെ അതിന് പാകപ്പെടുത്താൻ ബുദ്ധിമുട്ടാണ്. ഏത് പ്രശ്നവും കൈകാര്യം ചെയ്യുന്ന ശൈലി അതാണ് പ്രധാനം. തളരാതെ, തകരാതെ സധൈര്യം നമ്മുടെ കർമ്മം ചെയ്യുക. ഈശ്വരേച്ഛ ഏറ്റുവാങ്ങാൻ തയ്യാറാവുക. സമാധാനവും സന്തോഷവും നമുക്ക് സുനിശ്ചിതം. അതിന് എല്ലാവർക്കും കഴിയുമാറാകട്ടെ എന്ന് പ്രാർത്ഥിക്കാം. ■

ക്ഷേത്രങ്ങളിലൂടെ

# പറശ്ശിനിക്കടവ് ശ്രീമുത്തപ്പൻ ക്ഷേത്രം

ഇന്ദിരാഭായി - 8078552892

(തുടർച്ച.....)

അയ്യങ്കര ഇല്ലത്തുനിന്നും യാത്രയായ മകൻ അവിടെ നിന്നും മലനാട്ടിലേക്കാണ് പോയത് . നാലുപാടുമുള്ള വനത്തിലെ കാഴ്ചകൾ വീക്ഷിച്ച അദ്ദേഹം കുന്നത്തൂർപ്പാടി കണ്ട് മോഹിച്ച് അവിടേക്ക് പോയി. കുന്നത്തൂർപാടി നിറയെ ചെത്തുപനകളുള്ള സ്ഥലമായിരുന്നു. അദ്ദേഹം നിത്യവും പനയിൽ നിന്നും കള്ള് മോഷ്ടിക്കുവാൻ തുടങ്ങി. കള്ളുമോഷ്ടാവിനെ കണ്ടുപിടിക്കുവാൻ ചെത്തുകാരൻ കാവലിരുന്നു. ഒരു ദിവസം പനയുടെ മുകളിലിരുന്ന് പനങ്കള്ള് കുടിക്കുന്ന മോഷ്ടാവിനെ ചെത്തുകാരൻ കണ്ടുപിടിച്ചു. പനയുടെ മുകളിൽ നിന്നും കള്ളനെ അമ്പെയ്ത് താഴെ വീഴ്ത്തുവാൻ ശ്രമിക്കവേ ചെത്തുകാരൻ ബോധരഹിതനായി വീണു. ഭർത്താവിനെ അന്വേഷിച്ചു വന്ന ചെത്തുകാരന്റെ ഭാര്യ ബോധരഹിതനായി കിടക്കുന്ന ഭർത്താവിനെക്കണ്ട് നിലവിളിച്ചു നാലുപാടും നോക്കി. അവിടെയെങ്ങും ആരെയും കണ്ടില്ല. പനയുടെ മുകളിലേക്ക് നോക്കിയ അവർ ദിവ്യതേജസ്സുള്ള ഒരു വൃദ്ധൻ പനയുടെ മുകളിലിരിക്കുന്നതു കണ്ട് മുത്തപ്പാ, മുത്തപ്പാ എന്ന് വിളിച്ചു കരഞ്ഞു. മുത്തപ്പൻ അവരെ അനുഗ്രഹിച്ചു. ബോധം തെളിഞ്ഞ അയാൾ ഇത് ഏതോ ദിവ്യനാണെന്നു മനസ്സിലാക്കി. പുഴുങ്ങിയ പയറും, തേങ്ങാപ്പൂളും, ചുട്ടമത്സ്യവും, മദ്യവും അദ്ദേഹത്തിന് സമർപ്പിച്ചു. അവരിൽ പ്രീതനായ മുത്തപ്പൻ കുറച്ചുകാലം അവിടെ വസിച്ച ശേഷം തന്റെ അവതാരലക്ഷ്യം പൂർത്തീകരിക്കുന്നതിനായി അവിടെനിന്നും പോകുവാൻ നിശ്ചയിച്ചു. കുന്നത്തൂർപാടിയിൽ നിന്നും അദ്ദേഹം ദൂരേക്ക് ഒരമ്പെയ്തു. അത് പുഴക്കരയിലെ പറച്ചീങ്ങ എന്ന മുൾച്ചെടി വളർന്നു നിൽക്കുന്ന സ്ഥലത്ത് ഒരു മരത്തിലാണ് ചെന്ന് പതിച്ചത്. രാത്രി അവിടെ മീൻ പിടിക്കാൻ വന്ന ഒരാൾ മരത്തിൽ തറച്ചിരിക്കുന്ന അമ്പും അതിലെ ദിവ്യ പ്രകാശവും കണ്ട്, ഈ വിവരം നാടുവാഴിയെ അറിയിച്ചു. പിന്നീട് പ്രശ്നവിധിയിൽ അത് മുത്തപ്പ സാന്നിദ്ധ്യമാണെന്നും ക്ഷേത്രം നിർമ്മിച്ച് ആരാധിക്കണമെന്നും തെളിഞ്ഞു. അങ്ങനെ മുത്തപ്പൻ നിശ്ചയിച്ച സ്ഥലത്ത് പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം സ്ഥാപിതമായി. പറച്ചീങ്ങ വളർന്നുകിടക്കുന്ന സ്ഥലമാണ് പറശ്ശിനിക്കടവ് എന്നറിയപ്പെട്ടത്. മുത്തപ്പൻ എയ്ത അമ്പ് പറശ്ശിനിക്കാവ് ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്.

ജാതിമതഭേദമന്യേ സർവ്വരും ഉദ്ദിഷ്ടകാര്യ ഫലപ്രാപ്തിക്കായും, മുത്തപ്പന്റെ അനുഗ്രഹത്തിനായും ഓടിയെത്തുന്ന തിരുസന്നിധിയാണ് പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം. സർവ്വാഭീഷ്ടവരദായകനായ മുത്തപ്പനെ ശൈവ - വൈഷ്ണവ - പരബ്രഹ്മ സ്വരൂപനായും ഭൈരവമൂർത്തിയായും വിശ്വസിക്കുന്നു. നിത്യവും മുത്തപ്പൻ തെയ്യക്കോലം കെട്ടി അനുഷ്ഠാനം നടത്തുന്ന സ്ഥലമാണ് പറശ്ശിനിക്കടവ്. ശൈവ - വൈഷ്ണവ ഭാവങ്ങളുള്ള രണ്ടു തെയ്യരൂപങ്ങൾ മുത്തപ്പനെ പ്രതിനിധാനം ചെയ്യുന്നു. ചന്ദ്രക്കലക്കിരീടം വെച്ച് പരമശിവനെയും മത്സ്യരൂപക്കിരീടം വെച്ച് മഹാവിഷ്ണുവിനേയും സങ്കൽപ്പിക്കുന്നു. ക്ഷേത്രത്തിൽ പൂജകൾ നടത്തുന്ന പൂജാരിയെ മടയൻ എന്നാണ് പറയുന്നത്. ക്ഷേത്രത്തിൽ കെട്ടിയാടുന്ന ഈ രൂപങ്ങളെ

വെള്ളാട്ടമെന്നും തിരുവപ്പനയെന്നും അറിയപ്പെടുന്നു. മുത്തപ്പന്റെ ആചാരങ്ങൾ നടത്തുന്ന ഇടമാണ് മടപ്പുര. മടപ്പുരയോടുചേർന്നാണ് കലശസ്ഥാനമായ കഴകപ്പുര. ഭഗവതി, ധർമ്മദൈവങ്ങൾ , കുടിവീരൻദൈവങ്ങൾ എന്നിവരെ കഴകപ്പുരയിൽ കുടിയിരുത്തിയിട്ടുള്ളതിനാൽ കഴകപ്പുര ക്ഷേത്രസമാനമായി തന്നെ പരിപാലിക്കുന്നു. എല്ലാ ദിവസവും മുത്തപ്പൻ കഴകപുരയിലെത്തി സാന്നിദ്ധ്യം അറിയിക്കുന്ന ചടങ്ങുണ്ട്. ഇവിടെ ദ്രാവിഡരീതിയിലുള്ള പൂജകളും സംക്രമദിനങ്ങളിൽ ബ്രാഹ്മണപൂജയും നടക്കുന്നു. ദിവസവും രാവിലെ തിരുവപ്പനയും, വെള്ളാട്ടവും വൈകിട്ട് വെള്ളാട്ടവും നടക്കുന്നു. മുത്തപ്പസന്നിധിയിലയെത്തുന്നവർക്കെല്ലാം കഴിക്കാനും കുടിക്കാനും നൽകുന്നു. ഭക്തർ ഇത് സ്വീകരിച്ചാലേ മുത്തപ്പന് തൃപ്തിയാകു എന്നാണ് വിശ്വാസം. നിത്യവും രാവിലെ പൂജകൾക്കുശ്ശേഷം ഭക്തിനിർഭരമായ തിരുനൃത്തം നടക്കുന്നു. നൃത്തം കഴിയുന്നതോടെ മുത്തപ്പൻ തെയ്യം വില്ലും ശരവും ഇടതുകൈയ്യിലേക്കു മാറ്റുന്നു. പിന്നീട് ഭക്തന്മാരുടെ സങ്കടങ്ങൾ കേട്ടശേഷം അവയ്ക്കു പരിഹാരങ്ങളും നിർദ്ദേശിക്കുന്നു. സാധാരണ ക്ഷേത്രങ്ങളിലെ വെളിച്ചപ്പാടുമായുള്ള കൂടികാഴ്ച പോലെ ഭക്തർ മനസ്സമാധാനത്തോടെ, ആത്മവിശ്വാസത്തോടെ അവിടെ നിന്നും മടങ്ങുന്നു.

ഈശ്വര സാക്ഷാത്കാരം നേടണമെന്നാഗ്രഹിക്കുന്ന ഓരോ ഭക്തനും ഈ പുണ്യ സന്നിധിയിലെത്തി തിരുവപ്പനയും, വെള്ളാട്ടവും കണ്ട് ധന്യരാകുവാൻ പറശ്ശിനിക്കടവ് ശ്രീ മുത്തപ്പൻ അനുഗ്രഹിക്കട്ടെ.

ശ്രീ പൊന്നു മുത്തപ്പാ ശരണം. ■

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2026 ജനുവരി മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | മുരളി മേനോൻ KEJRA-25, കൃഷ്ണസ്വാമി റോഡ്, എറണാകുളം | 9000 |
| 2 | ഉണ്ണികൃഷ്ണൻ സി, ലക്ഷ്മി, 39/4911 A, കരിമ്പറ്റ റോഡ്, | 5000 |
| | **എൻഡോവ്മെന്റ് സംഭാവന നൽകിയവർ** | |
| 1 | A.K ഗോവിന്ദൻകുട്ടി , ലക്ഷ്മി, 39/824, അപ്പാപ്പറമ്പത്ത് ലൈൻ, കൊച്ചി | 20,000 |
| 2 | L.N സേതുമാധവൻ & ശാന്ത സേതുമാധവൻ, 39/134, കൊടക്കാട്ട് വീട്, കാരിക്കാമുറി ക്രോസ് റോഡ്, എറണാകുളം | 10,000 |

## 2026 ജനുവരി മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**പി. എസ്. സുകുമാരൻ (L/0381)**, 62/3630, Ensign Enclave, എം. ജി. റോഡ്, എറണാകുളം




**വി. പി. സരസ്വതി (L/1667)**
ശിവകൃപ, ലായം റോഡ്, എറണാകുളം



**പി. ജി. പരമേശ്വര പണിക്കർ (L/3305)**
Jaikunj, ചിറ്റൂർ റോഡ്, എറണാകുളം



**സുശീല കെ. വി (L/4354)**
സുശീല വിഹാർ, 61/2051, മാണിക്കത്ത് റോഡ്, കൊച്ചി - 16



**അജിത് കുമാർ. പി (L/3303)**
ഗീത ഗോവിന്ദ്, രവീന്ദ്രൻ റോഡ്, എളംകുളം, കൊച്ചി - 20

# നമഃശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

(തുടർച്ച.....)

ശിവഭാവത്തെ ആദ്യം പറഞ്ഞു. സാധനാരൂപത്തിൽ "ഗൗരീവദനാബ്ജ" തുടങ്ങിയ വിശേഷണങ്ങളേയും പറഞ്ഞു. ആ ബ്രഹ്മവിദ്യയെ എങ്ങനെ പ്രാപ്തമാക്കുമെന്നതിന് ദക്ഷാധ്വരനാശനവും പറഞ്ഞു. അതിനു വേണ്ടി ശ്രീ നീലകണ്ഠ വിശേഷണവും വന്നു. നീലകണ്ഠത എന്നതുകൊണ്ട് പ്രതിബന്ധകമായ വിഷത്തിന്റെ ഹാരകത്തേയും പറഞ്ഞു. അമൃത ഫലപ്രാപ്തിവരെയും ക്രമമായി സൂചിപ്പിച്ചു. ഇവയെല്ലാത്തിന്റേയും മൂലരൂപം ധർമ്മമാണ്, എന്നു പറയാനായിട്ടാണ് "വൃഷധ്വജായ" എന്ന അന്തിമവിശേഷണം. ഭഗവാൻ ശങ്കരന്റെ ധ്വജത്തിൽ വൃഷഭത്തിന്റെ ചിഹ്നമുള്ളതുകൊണ്ട് വൃഷധ്വജനെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ വാഹനമാണ് വൃഷഭം. അതിനാൽ വൃഷഭവാഹനനെന്നും വിളിക്കുന്നുണ്ട്. വിഷ്ണുഭഗവാൻ ഗരുഡധ്വജനും, ഗരുഡവാഹനനുമാണ്.

ധർമ്മം തന്നെയാണ് വൃഷഭഗവാൻ. അതിന്റെ അലം = ലോപം വരുത്തുന്നവൻ വൃഷളൻ അതുകൊണ്ട് ധർമ്മലോപം വരുത്തരുത്. ഭഗവാൻ ശങ്കരൻ ധർമ്മ രക്ഷകനുമാണ്. ധർമ്മത്തെ അതിക്രമിക്കാത്തവനുമാണ്. ബ്രഹ്മാവ് പലപ്രാവശ്യം ധർമ്മത്തെ ഉല്ലംഘിച്ചിട്ടുണ്ട്. ജ്യോതിർ ലിംഗത്തിന്റെ അറ്റം കാണാതെ കണ്ടുവെന്ന് നുണ പറഞ്ഞു. ഈ അസത്യം അധർമ്മം തന്നെയാണ്. സത്യലംഘനം അധർമ്മമാണ്. വീണ്ടുമൊരിക്കൽ ബ്രഹ്മാവ് സ്വപുത്രീയെ പ്രാപിക്കാൻ ശ്രമിച്ച് പഹോത്സുകനായി. ശങ്കരൻ ആ സമയം അമ്പയച്ച് അത് തടഞ്ഞു. വിഷ്ണുവിന്റെ കാര്യമെടുത്താലും ഇക്കാര്യങ്ങളുണ്ട്. വാമനരൂപമെടുത്ത് മഹാബലിയെ കബളിപ്പിച്ചു. ജലന്ധരന്റെ രൂപമെടുത്ത് തുളസിയുടെ പാതിവ്രത്യഭംഗവും വരുത്തി. ഇത്തരം ഉദാഹരണങ്ങൾ ശങ്കരന്റെ കാര്യത്തിലില്ല. അദ്ദേഹം പൂർണ്ണതയാ ധർമ്മപാലകനും, ധർമ്മാരൂഢനും, ധർമ്മവഴിയിൽ ചരിക്കുന്നവനും, ധർമ്മം തന്നെയാണ് സർവ്വോപരി എന്ന് കാണിക്കാനായി ധ്വജത്തിൽ ധർമ്മചിഹ്നമായ വൃഷത്തെ പതിപ്പിച്ചിരിക്കുന്നു. ധർമ്മവൃഷാരൂഢതയാണ് ധർമ്മനിഷ്ഠത. വൃഷരൂപത്തിൽ ധർമ്മത്തെ മാനിക്കാൻ കാരണം, വൃഷഭത്തിന് നാലു പാദങ്ങളുണ്ട്. അതുപോലെ ധർമ്മത്തിനും നാലുപാദങ്ങളാണുള്ളത് മനുസ്മൃതി പറയുന്നു:-

തപഃ പരം കൃതയുഗേ ത്രേതായാം<br>
ജ്ഞാനമേവച<br>
ദ്വാപരേ യജ്ഞമേ വാഹുർദാനമേകം<br>
കലൗയുഗേ

സത്യയുഗത്തിൽ മുഖ്യമായ ധർമ്മം തപസ്സായിരുന്നു. ഒറ്റക്കാലിൽ നിന്നാണ് ധ്രുവൻ തപസ്സു ചെയ്തത്, അന്നാദികൾ ഉപേക്ഷിച്ചിരുന്നു. ഹിരണ്യകശിപുവാകട്ടെ, തപസ്സു ചെയ്ത് ചെയ്ത് ചിതൽപുറ്റ് വന്നു മൂടിയിരുന്നു. ത്രേതായുഗത്തിൽ ജ്ഞാനമായിരുന്നു മുഖ്യം. ജ്ഞാനത്താൽ ഉപാസന വിവക്ഷിതമായിരുന്നു. "വിദ്യാം ചവിദ്യാം ച" ഇത്യാദിയിലും "യ ഏവം വേദ" ഇത്യാദിയിലും ജ്ഞാനമാണ് ഉപാസന. ഇവിടെ മേധാതിഥി തുടങ്ങി എല്ലാ വ്യാഖ്യാതാക്കളും ഭ്രമത്തിലകപ്പെട്ടിട്ടുണ്ട്. ശാസ്ത്രജ്ഞാനാദികൾ കലിയുഗത്തിലും പര്യാപ്തമാണ്. ശാസ്ത്രജ്ഞാനാദികളെ ധർമ്മം എന്ന വാക്കിനാൽ പ്രത്യേകിച്ചു സൂചിപ്പിക്കാറില്ല. ദ്വാപരത്തിൽ യജ്ഞമായിരുന്നു മുഖ്യധർ ➙

മ്മം. കലികാലത്തിൽ ദാനം തന്നെ മുഖ്യധർമ്മം. സത്യയുഗത്തിൽ ധർമ്മത്തിന് നാലുപാദങ്ങൾ. എന്നാൽ തപസ്സിന് കുറവ് വന്നു, ഉപാസനാദി മൂന്നെണ്ണം പുഷ്കലമായിരുന്നു. ത്രേതായുഗത്തിൽ ഉപാസനയായിരുന്നു മുഖ്യം. ദ്വാപരത്തിൽ തപസ്സും ഉപാസനയും ശോഷിച്ചുപോയി. മനസ്സൊരിടത്തും ഉറയ്ക്കാതായി. യജ്ഞവും ദാനവും മുന്നിട്ടു നിന്നു. യജ്ഞം മുഖ്യം. കലികാലത്ത് ആരും കാട്ടിൽപോയി തപസ്സു ചെയ്യാറില്ല. മനസ്സ് ചഞ്ചലമായതിനാൽ ഉപാസന ഏറെക്കുറെ അവസാനിച്ച മട്ടാണ്. വേദമേ പഠിക്കുന്നില്ലെങ്കിൽ പിന്നെ യജ്ഞമെങ്ങനെ ചെയ്യാനാണ്, യജ്ഞം ചെയ്താലും അത് വിധി പ്രകാരമാണോയെന്ന് ദൈവത്തിനു മാത്രമേ അറിയൂ ! ദാനം ചെയ്യാൻ ബുദ്ധിമുട്ടില്ല.

ഇനി സത്യയുഗം തുടങ്ങിയ യുഗങ്ങളുടെ നൂതന വ്യാഖ്യാനം ഭാഗവതമനുസരിച്ച് നോക്കാം. ഓരോരോ യുഗത്തിലും ലക്ഷം വർഷങ്ങളുടെ കണക്കെല്ലാം മാറ്റി വെയ്ക്കാം. ഇന്നും ഈ സമയത്തും നാലു യുഗങ്ങളുണ്ട്. എപ്പോഴാണോ മനസ്സും, ബുദ്ധിയും, ഇന്ദ്രിയങ്ങളും പ്രകൃഷ്ടമാകുന്നത്, സത്വഗുണസമ്പന്നമായിത്തീരുന്നത് അപ്പോൾ മനസ്സിലാക്കണം നാം സത്യയുഗത്തിലാണുള്ളതെന്ന്. ആ സമയം ജ്ഞാനത്തിലും തപസ്സിലും താല്പര്യമുണ്ടായിരിക്കും. ഇപ്പോൾ ഇവിടെ നിങ്ങളുടെ മനസ്സിൽ സത്സംഗത്താൽ സാത്വികവിചാരം രൂപപ്പെടുന്നു, ബുദ്ധി നിർമ്മലമാകുന്നു, ചെവികൾ ശാസ്ത്രശ്രവണം ചെയ്യുന്നു, കണ്ണുകൾക്ക് ഭഗവൽ ദർശ്ശനം എന്നിവയും, രസനേന്ദ്രിയത്തിന് സത്സംഗാവസാനമുള്ള പ്രസാദം കിട്ടുമ്പോഴുള്ള പ്രസന്നതയും പ്രാപ്തമാകുന്നു, ഈ സമയം ജ്ഞാനത്തിന്റെ താൽപര്യമെന്തായാലും ഉണ്ട്. ഇതേസമയം തപസ്സിന്റെ മഹിമയറിഞ്ഞാൽ തപസ്സിലും താൽപര്യമുണ്ടാകും ഇതുതന്നെയാണ് സത്യയുഗം.

എപ്പോഴാണോ ധർമ്മാർത്ഥകാമങ്ങളിലും ഭഗവാനിലും ഭക്തിയുണ്ടാകുന്നത് അപ്പോൾ നാം ത്രേതായുഗത്തിൽ എന്നറിയുക. സത്വോപസൃഷ്ടരജസ്സ് അഥവാ രാജോപസൃഷ്ടസത്ത്വം എന്ന നിലയിലായിരിക്കും പ്രവർത്തിക്കുന്നത്. സത്സംഗത്തിൽ നിന്ന് എഴുന്നേറ്റ് പോയി മുഖ്യകവാടം കടന്നതിനുശേഷമുള്ള അവസ്ഥയാണിത്. സത്സംഗത്തിന്റെ പ്രഭാവമുള്ളതിനാൽ ധർമ്മരുചി നിലനിൽക്കുകയും ചെയ്യും. അർത്ഥകാമങ്ങളുടെ താൽപര്യവും ഉണ്ടാകും. മുഖ്യകവാടത്തിൽ നിന്നും പുറത്തേക്കിറങ്ങി മുന്നോട്ടു നടക്കുമ്പോൾ ലോഭവും അസന്തോഷവും ഉടലെടുക്കാൻ തുടങ്ങും. അഭിമാനം, ദംഭം, മാത്സര്യം ഇവയെല്ലാം വ്യക്തിഭേദമനുസരിച്ച് രൂപപ്പെടും. ദ്വാപരം യജ്ഞപ്രദാനമാണ്. കാമ്യകർമ്മങ്ങളിൽ മനസ്സ് വ്യാപാരിക്കും. ആ സമയത്ത് രജഉപസൃഷ്ടമായ തമസ്സ് അല്ലെങ്കിൽ തമ ഉപസൃഷ്ടമായ രജസ്സിന്റെ വിളയാട്ടമായിരിക്കും. ഇതാണ് ദ്വാപരയുഗം.

എപ്പോഴാണോ ചതി, കാപട്യം തുടങ്ങിയവ ചെയ്യാൻ തോന്നുന്നത്, കള്ളത്തരങ്ങളുടെ കൂട്ടുപിടിക്കുന്നത്, നിദ്ര, വിഷാദം, ഹിംസ, ശോകമോഹാദികളിൽ മേയുന്നത്, അപ്പോൾ നാം കലിയുഗത്തിൽ കഴിയുന്നു എന്നറിയുക. അപ്പോൾ തമോഗുണത്തിനാണ് പ്രാധാന്യം. അപ്പോൾ കലിയുഗത്തിൽ തപസ്സും ഉപാസനയും നടത്തണമെങ്കിൽ, ഈ പറഞ്ഞ സത്യയുഗം, ത്രേതായുഗം അല്ലെങ്കിൽ ദ്വാപരയുഗം നമ്മുടെ മനസ്സിലേക്ക് വരുത്തി, ധർമ്മം അനുവർത്തിക്കുക. ഇതുകൊണ്ടു തന്നെ ഭഗവാൻ ശങ്കരൻ പ്രസന്നനായിത്തീരും. ധർമ്മരൂപിയായ ആ കാളപ്പുറത്തെഴുന്നള്ളി ശങ്കരൻ സ്വയം വരുന്നതും കാണാം. ധ്വജത്തിന്റെ സ്ഥാനം എല്ലാറ്റിനും ഉപരിയാണ്. കെട്ടിടത്തിന് മുകളിൽ, ക്ഷേത്രത്തിലെ താഴികക്കുടത്തിനും മുകളിൽ ധ്വജം പറത്തുന്നു. ധർമ്മത്തെ സർവ്വോപരി വയ്ക്കുന്നതാണ് ധർമ്മധ്വജത. ധർമ്മത്തിന് കീഴ്പ്പെട്ട് ജീവിക്കണം, ധർമ്മത്താൽ നിയന്ത്രിതമായ ജീവിതം നയിക്കണം.

(തുടരും.....)

# ഡിസ്ക് ബൾജ്

ഡോ. രാജസൂനൻ – 9946677170

ഡിസ്ക് ബൾജിനെ തുടർന്ന് ഉണ്ടാകുന്ന നടുവേദന, കാരണങ്ങൾ, ലക്ഷണങ്ങൾ, ആയുർവേദ ചികിത്സയുടെ പ്രയോജനങ്ങൾ.

**നടുവേദന:** (Low Back Ache – LBA) എല്ലാ പ്രായത്തിലുള്ളവരിലും സാധാരണയായി കാണുന്ന ഒരു ആരോഗ്യപ്രശ്നമാണ്. ഈ നടുവേദനയ്ക്ക് കാരണമാകുന്ന പല അവസ്ഥകളിൽ, ഡിസ്ക് ബൾജ് ഇന്ന് ഏറെ കണ്ടുവരുന്ന ഒരു പ്രധാന കാരണമാണ്. ദീർഘസമയം ഇരുന്ന് ജോലി ചെയ്യുന്നവർ, തെറ്റായ രീതിയിൽ അംഗവിന്യാസം നടത്തുന്നവർ, കഠിനമായ ശാരീരിക ജോലി ചെയ്യുന്നവർ എന്നിവരിലാണ് ഈ പ്രശ്നം കൂടുതലായി കണ്ടുവരുന്നത്.

**ഡിസ്ക് ബൾജ് എന്താണ്?**

മനുഷ്യന്റെ നട്ടെല്ല് (spine) നിരവധി അസ്ഥികളാൽ (vertebrae) നിർമ്മിതമാണ്. ഈ അസ്ഥികൾക്കിടയിൽ ഇന്റർവെർടിബ്രൽ ഡിസ്കുകൾ എന്ന മൃദുവായ ഘടനകളുണ്ട്. ഇവ നട്ടെല്ലിന് താങ്ങും ഇളവും നൽകുന്നു. ഡിസ്കിന്റെ പുറംഭാഗം ദുർബലമായി പുറത്തേക്ക് തള്ളിപ്പോകുന്ന അവസ്ഥയാണ് ഡിസ്ക് ബൾജ്. ഇതുമൂലം സമീപ നാഡികളിൽ സമ്മർദ്ദം ഉണ്ടാകുകയും നടുവേദനയും മറ്റ് നാഡീയുമായി ബന്ധപ്പെട്ട ലക്ഷണങ്ങൾ പ്രകടമാകുകയും ചെയ്യുന്നു.

**ഡിസ്ക് ബൾജിനെ തുടർന്ന് നടുവേദന ഉണ്ടാകുന്ന കാരണങ്ങൾ:-**

- തെറ്റായ ഇരിപ്പ്, നിൽപ്പ്
- ദീർഘസമയം ഇരുന്ന് ജോലി ചെയ്യുന്നത്
- വ്യായാമക്കുറവും പേശികളുടെ ദുർബലതയും ഭാരമേറിയ വസ്തുക്കൾ തെറ്റായ രീതിയിൽ ഉയർത്തൽ
- പ്രായം കൂടുന്നതോടെ ഡിസ്കുകൾ ക്ഷയിക്കുന്നത്
- അമിതവണ്ണം
- പെട്ടെന്നുള്ള പരുക്കുകൾ അല്ലെങ്കിൽ അപകടങ്ങൾ
- ശരിയായ വ്യായാമ രീതികളുടെ അഭാവം

**സാധാരണയായി കാണുന്ന ലക്ഷണങ്ങൾ**

ഡിസ്ക് ബൾജിന്റെ തീവ്രതയും നാഡികളിലുണ്ടാകുന്ന സമ്മർദ്ദവും അനുസരിച്ച് ലക്ഷണങ്ങൾ വ്യത്യാസപ്പെടാം:-

- സ്ഥിരമായോ ഇടവിട്ട് ഉണ്ടാകുന്നതോ ആയ നടുവേദന
- നിതംബം, തുട, കാലുകൾ എന്നിവിലേക്ക് പടരുന്ന വേദന (സയാറ്റിക്ക)
- നട്ടെല്ലിൽ കടുപ്പവും ചലനക്കുറവും
- കാലുകളിൽ മരവിപ്പ് അല്ലെങ്കിൽ ചുളിവ്
- ഗുരുതരമായ സാഹചര്യങ്ങളിൽ പേശി ദുർബലത
- ഇരിക്കുമ്പോഴും കുനിയുമ്പോഴും ഭാരമുയർത്തുമ്പോഴും നടുവേദന കൂടുക

ആദ്യഘട്ടത്തിൽ തന്നെ ശരിയായ ചികിത്സ സ്വീകരിക്കുന്നത് രോഗം കൂടുതൽ വഷളാകുന്നത് തടയാൻ സഹായിക്കും.

**ആയുർവേദത്തിന്റെ കാഴ്ചപ്പാടിൽ ഡിസ്ക് ബൾജും നടുവേദനയും:-**

ആയുർവേദത്തിൽ, ഡിസ്ക് ബൾജിനെ അനുബന്ധിച്ചുള്ള നടുവേദനയെ പ്രധാനമായും വാതദോഷ വ്യതിയാനം ആയി കണക്കാക്കുന്നു. ഇത് കടിഗ്രഹ, ഗ്രിദ്ധ്രസി, അസ്ഥി-മജ്ജ ദുഷ്ടി തുടങ്ങിയ രോഗാവസ്ഥകളുമായി ബന്ധപ്പെടുത്തി വിവരിക്കുന്നു.

വാതദോഷം നാഡികളുടെ പ്രവർത്തനവും ശരീരചലനങ്ങളും നിയന്ത്രിക്കുന്നതിനാൽ, വാതം വർദ്ധിക്കുമ്പോൾ വേദന, അയവില്ലായ്മ, ശക്തിക്ഷയം തുടങ്ങിയ ലക്ഷണങ്ങൾ പ്രകടമാകുന്നു.

**നടുവേദന ചികിത്സയിൽ ആയുർവേദത്തിന്റെ പ്രയോജനങ്ങൾ:-**

ആയുർവേദചികിത്സ ലക്ഷണങ്ങൾ മാത്രം നിയന്ത്രിക്കുന്നതിലുപരി, രോഗത്തിന്റെ മൂലകാരണം കണ്ടെത്തി പരിഹരിക്കാനാണ് ശ്രമിക്കുന്നത്. ഡിസ്കിൽ ഉണ്ടായ ഘടനാപരമായ മാറ്റങ്ങൾ പൂർണമായി തിരുത്താൻ സമയം എടുക്കാമെങ്കിലും, ആയുർവേദ ചികിത്സ നടുവേദന കുറയ്ക്കാനും പ്രവർത്തനക്ഷമത മെച്ചപ്പെടുത്താനും സഹായകരമാണ്.

**ആയുർവേദ ചികിത്സയുടെ പ്രധാന ഗുണങ്ങൾ, പ്രകൃതിദത്ത രീതിയിൽ നടുവേദന നിയന്ത്രണം:-**

- പ്രദാഹവും പേശിവലിച്ചിലും കുറയ്ക്കൽ
- നട്ടെല്ലിന്റെ ഇളവും ചലനക്ഷമതയും വർദ്ധിപ്പിക്കൽ
- പേശികളും സന്ധികളും ശക്തിപ്പെടുത്തൽ
- തെറ്റായ ജീവിതശൈലി, തിരുത്തൽ
- ദീർഘകാല വേദനനാശിനികളിലേക്കുള്ള ആശ്രയം കുറയ്ക്കൽ

**നടുവേദനയ്ക്ക് ആയുർവേദത്തിൽ ഉപയോഗിക്കുന്ന സാധാരണ ചികിത്സകൾ:-**

രോഗിയുടെ അവസ്ഥയും ശരീരഘടനയും അനുസരിച്ച് ആയുർവേദ ഡോക്ടർ നിർദ്ദേശിക്കുന്ന ചില പ്രധാന ചികിത്സകൾ:

**അഭ്യംഗം** - ഔഷധതൈലങ്ങളുപയോഗിച്ച ശരീരമസാജ്

**സ്വേദനം** - ഔഷധവാഷ്പ ചികിത്സ

**കടി ബസ്തി** - നടുവിൽ തൈലം നിറച്ച് നൽകുന്ന പ്രത്യേക ചികിത്സ

**ബസ്തി ചികിത്സ** - വാതരോഗങ്ങൾക്ക് ഏറ്റവും ഫലപ്രദമായ ചികിത്സകളിലൊന്ന്

നാഡിബലം വർദ്ധിപ്പിക്കുകയും വേദന കുറയ്ക്കുകയും ചെയ്യുന്ന ഔഷധങ്ങൾ, നട്ടെല്ലിന് അനുയോജ്യമായ യോഗയും ലഘുവ്യായാമങ്ങളും, ആഹാരവും ജീവിതശൈലിയും സംബന്ധിച്ച നിർദ്ദേശങ്ങൾ

**സമഗ്രമായ ചികിത്സാസമീപനം**

ആയുർവേദചികിത്സ, ആഹാരം, ജീവിതശൈലി, യോഗ-വ്യായാമങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സമഗ്ര ചികിത്സാസമീപനത്തിനാണ് പ്രാധാന്യം നൽകുന്നത്. വിദഗ്ധനായ ആയുർവേദ ഡോക്ടറുടെ മേൽനോട്ടത്തിൽ നടത്തുന്ന ചികിത്സകൾ പരമ്പരാഗത ചികിത്സാരീതികൾക്ക് നല്ലൊരു പിന്തുണ നൽകുന്നു.

**ഉപസംഹാരം**

ഡിസ്ക് ബൾജിനെ തുടർന്ന് ഉണ്ടാകുന്ന നടുവേദന ദൈനംദിന ജീവിതത്തെ ഗൗരവമായി ബാധിക്കാം. സമയബന്ധിതമായ ചികിത്സ, ആരോഗ്യകരമായ ജീവിതശൈലി എന്നിവ നടുവേദന നിയന്ത്രിക്കാൻ നിർണായകമാണ്. വേദന നിയന്ത്രണം, പ്രവർത്തനക്ഷമത വർദ്ധന, ദീർഘകാല നട്ടെല്ല് ആരോഗ്യസംരക്ഷണം എന്നിവ ലക്ഷ്യമിടുന്ന ഒരു പ്രകൃതിദത്ത ചികിത്സാരീതിയാണ് ആയുർവേദം. ■



# *ദൃഗ് ദൃശ്യ വിവേകം* (*32*)

സി. നാരായണൻ – 9819456012

(തുടർച്ച.....)

പതിനാറാമത്തെ ശ്ലോകത്തിൽ ജീവൻ എന്ന സത്തയുടെ ഘടകങ്ങൾ ഏതെല്ലാമെന്ന് വിവരിക്കുന്നു. ജീവനെന്നാൽ സാക്ഷി ചൈതന്യം, ലിംഗ ശരീരം, അതിൽ പ്രതിബിംബിച്ച ചിദാഭാസൻ, പിന്നെ സ്ഥൂല ശരീരം എന്നിവയുടെ സംഘാതമാണെന്ന് പറയുന്നു. പതിനേഴാമത്തെ ശ്ലോകത്തിൽ, വിവേകം ഉപയോഗിച്ച് ജീവനും സാക്ഷിയും തമ്മിലുണ്ടായ പരസ്പരാധ്യാസത്തെ നിവർത്തിക്കലാണ് ഒരേയൊരു മോക്ഷമാർഗ്ഗം എന്നുപദേശിക്കുന്നു.

ഈ ഗ്രന്ഥത്തിലെ ഇരുപതാമത്തെ ശ്ലോകം വളരെ പ്രസിദ്ധമാണ്. അതിൽ സത്യമായ ബ്രഹ്മത്തിന്റെയും മിഥ്യയായ ജഗത്തിന്റെയും ലക്ഷണങ്ങൾ പറയുന്നു . അസ്തി, ഭാതി, പ്രിയം എന്നിവയാണ് ബ്രഹ്മ ലക്ഷണങ്ങളായി പറയുന്നത്. ജഗത്തിന്റെ ലക്ഷണങ്ങൾ നാമരൂപങ്ങളാണെന്നും പറയുന്നു. അസ്തി എന്നാൽ ഉണ്മ എന്നാണർത്ഥം. സത്യം എന്നതും അതിന്റെ പര്യായം തന്നെ. ആ തത്ത്വമാണ് 'ഉണ്ട്' എന്ന നിലയിൽ ശോഭിക്കുന്നത്. ഓരോ വസ്തുവും, 'ഉണ്ട്' എന്ന നിലയിലാണല്ലോ നാമറിയുന്നത്. ഒരു വസ്തുവിന്റെ ഇല്ലായ്മ പോലും, ആ വസ്തുവിന്റെ 'അഭാവമുണ്ട്' എന്ന നിലയിലാണ് നാമറിയുന്നത്. അതിനർത്ഥം എല്ലാത്തിന്റേയും അസ്തിത്വം ബ്രഹ്മമാണ്. പിന്നെയുള്ള ബ്രഹ്മലക്ഷണം ഭാതി എന്നാണ്. ചൈതന്യം അല്ലെങ്കിൽ അറിവ് എന്ന തത്ത്വമാണത്. ഇവിടെയുള്ള ജഡവസ്തുക്കളെ പോലും നാമറിയുന്നുണ്ടല്ലോ. അതിനു കാരണം ബ്രഹ്മമാണ്. പിന്നെ പ്രിയം എന്ന തത്ത്വം. അത് ആനന്ദമാണ്. ഏതൊരു വസ്തുവും നമുക്ക് പ്രിയങ്കരമാവുന്നത് ആ വസ്തു ആനന്ദത്തിനു കാരണമാകുന്നതു കൊണ്ടാണ്. സർവ്വം ഖല്വിദം ബ്രഹ്മ എന്നാൽ അറിയപ്പെടുന്ന എല്ലാം ബ്രഹ്മം തന്നെ ജഗത്തിന്റെ ലക്ഷണങ്ങൾ നാമരൂപങ്ങൾ ആണെന്ന് പറഞ്ഞല്ലോ. അവയെ നിസ്സാരമാണെന്ന് കരുതി തള്ളിക്കളയരുത്. നമുക്ക് അനുഭവപ്പെടുന്ന ജഗത്, നാമരൂപങ്ങളാണ്.

നിങ്ങൾ വായിക്കുന്ന ഈ ലേഖനം പോലും ഒരു രൂപവും നാമവുമാണ്. നാം ജീവിക്കുന്ന ഭൂമിയും ആകാശവുമെല്ലാം നാമരൂപങ്ങൾ തന്നെ. നാം ജീവിതമെന്നു വിളിക്കുന്ന അനുഭവങ്ങളുടെ ശൃംഖല പോലും നാമരൂപങ്ങല്ലാതെ മറ്റെന്താണ് ? ഭഗവത് ഗീതയിൽ ഈ അംശത്തെ ക്ഷേത്രം എന്ന് പറയുന്നു. അതിൽ എന്തൊക്കെ അടങ്ങിയിട്ടുണ്ടെന്നതിന്റെ വലിയ ഒരു പട്ടിക തന്നെ ഭഗവാൻ നിരത്തുന്നുണ്ട്. പഞ്ചഭൂതങ്ങൾ, അഹങ്കാരം, ബുദ്ധി, ദശേന്ദ്രിയങ്ങൾ, സുഖം, ദുഃഖം, ചേതന എന്നിങ്ങനെ അതു നീണ്ടുപോകുന്നു.

ഇരുപതാമത്തെ ശ്ലോകത്തോടെ ദൃഗ് ദൃശ്യ വിവേകം എന്ന ഈ ഗ്രന്ഥത്തിലെ സിദ്ധാന്തപരമായ അവലോകനം അവസാനിച്ചു. ഇരുപതാമത്തെ ശ്ലോകം ഒരുതരത്തിൽ അദ്വൈത വേദാന്തത്തിന്റെത്തന്നെ സംഗ്രഹമാണ്. അതിൽ പറയുന്നത്, നമുക്കു സത്യാന്വേഷണത്തിന് വിധേയമാക്കാവുന്നവയായി രണ്ടു തത്ത്വങ്ങൾ മാത്രമേ ഉള്ളൂ എന്നാണ്. അവയിൽ ഒന്ന് ബ്രഹ്മവും മറ്റേത് ജഗത്തുമാണ്. അവ തന്നെയാണ് ഗ്രന്ഥത്തിന്റെ തുടക്കത്തിൽ ദൃക്ക് എന്നും ദൃശ്യമെന്നും വിളിക്കപ്പെട്ടത്. അവ തന്നെ ആത്മാവും അനാത്മാവും. ഇങ്ങനെ രണ്ടു വി

ഭാഗങ്ങളായി വിഭജിച്ച് രണ്ടിന്റേയും ലക്ഷണ ങ്ങൾ പറഞ്ഞതിൽ നിന്ന് ഒരു കാര്യം സ്പഷ്ട മാണ്. ആദ്യം പറഞ്ഞ അസ്തിത്വത്തിന് രൂപ മില്ല കാരണം, അതു മറ്റെ വിഭാഗത്തിൽ പെട്ട താണല്ലോ. അതുപോലെതന്നെ രൂപത്തിനു അസ്തിത്വവുമില്ല. രൂപം അസ്തിത്വത്തിന്റെ വിഭാഗത്തിൽ പെട്ടതല്ല. ഇങ്ങനെ താത്വിക മായി അസ്തിത്വത്തിനു രൂപവും രൂപത്തിന് അസ്തിത്വവുമില്ലങ്കിലും നാം ജീവിതത്തിൽ കണ്ടുമുട്ടുന്നതെല്ലാം അസ്തിത്വമുള്ള രൂപങ്ങ ളാണ്. അതായത് രൂപവും അസ്തിത്വവും ഒരേ അധികരണത്തിൽ കാണപ്പെടുന്നുണ്ട്.

ഈ വൈരുദ്ധ്യം വിശദീകരിക്കാനാണ് അദ്വൈത സിദ്ധാന്തം അദ്ധ്യാസം എന്ന് പ്രതി ഭാസത്തെ അവതരിപ്പിക്കുന്നത്. അതു പ്രകാ രം, യഥാർത്ഥത്തിലുള്ള രണ്ടു വിരുദ്ധ ധർമ്മ ങ്ങൾ ഒന്നിച്ചിരിക്കില്ലെങ്കിലും, അവയിൽ ഒന്നു മിഥ്യയാണെങ്കിൽ അവ ഒന്നിച്ചിരിക്കാൻ വിരോ ധമില്ല. ഉദാഹരണമായി, സ്വകണ്ഠാഭരണം വേദാ ന്തത്തിൽ പ്രസിദ്ധമാണ്. ഒരു സ്ത്രീ, തന്റെ കഴു ത്തിൽ മാല ഇരിക്കെത്തന്നെ അത് നഷ്ടപ്പെട്ടു പോയി എന്നു ധരിക്കുന്നതാണ് ആ ദൃഷ്ടാന്തം. മാല കഴുത്തിൽ ഉണ്ടെന്നും ഇല്ലെന്നുമുള്ളത് രണ്ടു വിരുദ്ധ വസ്തുതകളാണല്ലോ. എന്നാൽ ആദ്യത്തേത് യാഥാർത്ഥ്യവും രണ്ടാമത്തേത് ഒരു മിഥ്യാധാരണയുമാണ്. ആരെങ്കിലും ചൂണ്ടി ക്കാണിക്കുമ്പോൾ ആ തെറ്റായ ധാരണ മാറുക യും ചെയ്യും. അതേപോലെയാണ്, ഞാനെന്ന ജീവന്, അമൃതത്വവും മർത്യത്വവും. ആദ്യത്തെ സത്യവും രണ്ടാമത്തേത് ഭ്രാന്തിയുമാണ്. അതാ യത്, മാല കഴുത്തിൽ തന്നെ ഉള്ളപ്പോഴും അതു നഷ്ടപ്പെട്ടു എന്ന് ആ സ്ത്രീ വിചാരിക്കുന്നതുപോ ലെ, അനന്തമായ ബ്രഹ്മം തന്നെ ആയിരിക്കേ, താൻ നാശമുള്ളവനാണെന്നു ജീവൻ ഭ്രമിക്കു ന്നു. ബ്രഹ്മത്തിൽ ജീവത്വം അധ്യസിക്കപ്പെടുന്ന താണത്. ഇത്തരം അധ്യാസമാണ്, ഇരുപതാമ ത്തെ ശ്ലോകത്തിൽ പറയപ്പെട്ട അസതിത്വ വും രൂപവും തമ്മിൽ യോജിക്കുമ്പോൾ സം ഭവിക്കുന്നത്. അസ്തിത്വം അനന്തവും, രൂപം അതിനു വിപരീതമായി സാന്തവുമാണ്. അനന്ത തയ്ക്ക് രൂപവും, രൂപത്തിന് അനന്തതയും സാ ധ്യമല്ലല്ലോ. സാന്തതക്ക് അല്ലെങ്കിൽ രൂപത്തിന് സ്വതന്ത്ര അസ്തിത്വം സാദ്ധ്യമല്ലാത്തതിനാൽ അതു മിഥ്യയാണ്.

ജഗത്തിലെ പദാർത്ഥങ്ങളെല്ലാം മിഥ്യ യായ രൂപവും സത്യമായ അസ്തിത്വവും പരസ് പരം അധ്യസ്തമായവയാണ്. ആചാര്യസ്വാമി കൾ അധ്യാസത്തിനെ ഇങ്ങനെ വിവരിക്കുന്നു

"മിഥ്യാജ്ഞാന നിമിത്തഃ സത്യാനൃതേ മിഥു നീകൃത്യ

അഹം ഇദം മമ ഇദം ഇതി
നൈസർഗികഃ അയം ലോകവ്യവഹാരഃ"

(അവിദ്യ എന്ന മിഥ്യാജ്ഞാനം നിമിത്തം, സ ർവ്വഥാ വിരുദ്ധ സ്വഭാവമുള്ളവയായ ആത്മാ വിനെയും അനാത്മാവിനെയും വേർതിരിച്ചറി യാതെ, സത്യത്തേയും അനൃതത്തെയും കൂ ട്ടിക്കുഴച്ച്, ഞാൻ ഈ ശരീരം, ഇത് എന്റേത് എന്നിങ്ങനെയുള്ള ലോകവ്യവഹാരമുണ്ടാ വുന്നു) ഇപ്പറഞ്ഞതിൽ നിന്ന് അസ്തിത്വവും രൂപവും വ്യത്യസ്തങ്ങളായ രണ്ടു സ്വതന്ത്ര സത്തകളാണെന്ന് ധരിക്കരുത്. രൂപത്തിന് സ്വതന്ത്ര സത്തയില്ല. വളയ്ക്ക് സ്വർണത്തെ വിട്ടിട്ടൊരു സ്വതന്ത്ര സത്തയില്ലല്ലോ. അതുപോ ലെ ജീവനും ബ്രഹ്മത്തെ വിട്ടൊരു സ്വതന്ത്ര സത്ത ഇല്ല.

ഇപ്പോൾ ഗ്രന്ഥത്തിലെ പതിനഞ്ചാമത്തെ ശ്ലോകം വ്യക്തമായി മനസ്സിലാക്കാനുള്ള അറിവ് നമുക്ക് കിട്ടി. അതിൽ പറഞ്ഞിട്ടുണ്ട്, മായ ദൃഗ് ദൃശ്യങ്ങളുടെ ഭേദത്തെ മറയ്ക്കു ന്നു എന്ന്. അതായത് രണ്ടിനെയും ഒന്നായി കാണിക്കുന്നുവെന്ന്. ആദ്യവായനയിൽ ഇവിടെ ഒരു സംശയമുദിക്കാം. അദ്വൈതസിദ്ധാന്തം എല്ലാം ഒന്നായി കാണാനല്ലേ പറയുന്നത്? പി

ന്നെ എന്തിനാണ് ഒന്നായി കാണിക്കുന്നു എന്ന് പരാതിപ്പെടുന്നത്? അതിനുത്തരം, അദ്വൈത സിദ്ധാന്തം എല്ലാം ഒന്നായി കാണാൻ പറയു ന്നില്ല എന്നാണ്. സത്യത്തെയും മിഥ്യയെയും വേർതിരിച്ച് കാണാൻ തന്നെയാണ് അദ്വൈ തി പറയുന്നത്. ശ്രവണ മനന നിദിദ്ധ്യാസം കൊണ്ട്, മനസ്സിൽ ഉറപ്പിക്കാൻ ഗുരു ശിഷ്യനെ ഉപദേശിക്കുന്നത്, അസ്തിത്വത്തിൽ ദ്വൈതം കാണാതിരിക്കാൻ മാത്രമാണ്. അല്ലാതെ, രൂപ ങ്ങളിൽ ദ്വൈതം കാണരുതെന്നല്ല. യഥാർ ത്ഥത്തിൽ അസ്തത്വമില്ലാത്ത രൂപങ്ങൾക്ക് ദ്വൈതഭാവം ഉണ്ടായിക്കൊള്ളട്ടെ, അദ്വൈ തിക്ക് അതിൽ ഒരു വിരോധവുമില്ല. പക്ഷേ, അസ്തിത്വത്തിന് ദ്വൈതമുണ്ടെന്നു പറഞ്ഞാൽ, അതില്ലെന്ന് അദ്വൈതി സ്ഥാപിക്കുക തന്നെ ചെയ്യും.

അധ്യാസം എന്നത് അദ്വൈതസിദ്ധാന്ത ത്തിലെ അടിസ്ഥാനപരമായ ഒരാശയമാണ്. സത്യവും മിഥ്യയും പരസ്പരം അധ്യസി ക്കപ്പെടുന്നതു കൊണ്ടാണ് ലോകത്തിൽ ബഹു ത്വം കാണുന്നതെന്നാണ് അദ്വൈത സിദ്ധാന്തം. ആചാര്യ സ്വാമികൾ ഈ ആശയം പലതര ത്തിൽ പറഞ്ഞിട്ടുണ്ട്. ഭഗവത് ഗീതയുടെ ഭാഷ്യ യിൽ ഒരിടത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു.

'സർവ്വത്ര ദ്വേ ബുദ്ധി സർവ്വൈഃ ഉപലഭ്യതേ സാമാനാധികരണേ ന നീലോല്പവത്. 'സൻ ഘടഃ സൻ പടഃ സൻ ഹസ്തീ ഇതി ഏവംഅ സർവ്വത്ര തയോഃ ബുദ്ധ്യോഃ ഘടാദിബുദ്ധി വ്യ ഭിചരതി. തഥാ ദർശിതം ന തു സദ് ബുദ്ധി,'

(നമ്മുടെ അനുഭവത്തിൽ സൽബുദ്ധി, അസൽബുദ്ധി എന്നീ രണ്ടു ബുദ്ധിയും ഒരേ അധികരണത്തിൽ കാണപ്പെടുന്നു. എങ്ങനെ യെന്നാൽ, ഘടം ഉണ്ട്, പടം ഉണ്ട്, ആന ഉണ്ട് എന്നിങ്ങനെയുള്ള ഘട്ടങ്ങളിൽ ഘടം എന്ന അസൽബുദ്ധിയും, ഉണ്ട് എന്ന സൽബുദ്ധിയും, ആന എന്ന അസൽബുദ്ധിയും ഉണ്ട് എന്ന സൽ ബുദ്ധിയും, സൽബുദ്ധി അസൽബുദ്ധി എന്നി ങ്ങനെ എല്ലാ വിഷയങ്ങളിലും ഒന്നിച്ചിരിക്കു ന്നു. അവയിൽ അസൽബുദ്ധി വ്യഭിചരിക്കുന്ന ത് കാണാം. സൽബുദ്ധി ഒരിക്കലും വ്യഭിചരി ക്കുന്നില്ല) എന്താണ് ഉദ്ദേശിക്കുന്നതെന്നാൽ, ജഗത്തിലെ ഏതൊരു വസ്തുവിലും രണ്ടു ഘടകങ്ങളുണ്ട്. ഒന്ന് യഥാർത്ഥമായ അസ്തി ത്വവും, പിന്നെ വെറും നാമമാത്രമായ രൂപവും. ആദ്യത്തേതിന് സൽബുദ്ധിയെന്നും, രണ്ടാ മത്തെതിന് അസൽബുദ്ധി എന്നും വിളിക്കും. ഉദാഹരണത്തിന് 'പൂവുണ്ട്' എന്നതിൽ, പൂവ് എന്നത് അസൽ ബുദ്ധിയാണ്. കാരണം, ആ പൂ വ് കാലക്രമേണ ഇല്ലാതായി പോകുകയും അതിലെ പൂവ് എന്ന ബുദ്ധി നശിക്കുകയും ചെയ്യുന്നു. പക്ഷേ, 'ഉണ്ട്' എന്നുള്ളത് ഒരു മാറ്റവും കൂടാതെ, പൂവിനെ അപേക്ഷിക്കാതെ നിലനിൽക്കുന്നു. ആലോചിച്ചു നോക്കിയാൽ നിസ്സാരമായ പുൽക്കൊടി മുതൽ ഭീമമായ നക്ഷത്ര സമൂഹങ്ങൾ വരെ എല്ലാം ഇങ്ങനെ രൂപഭാവത്തിലാണ് നിലനിൽക്കുന്നതെന്നു കാ ണാം. അവയെല്ലാം രൂപങ്ങളും ജന്മനാശങ്ങളും ഉള്ളവയാണ്. പക്ഷേ അസ്തിത്വം എങ്ങനെ നശിക്കാൻ?

പിന്നെ വളരെ പ്രധാനമായ ഒരു പ്രത്യേകത എന്തെന്നാൽ, അധ്യസ്ത വസ്തുവിന്റെ ധർമ്മങ്ങൾ അധിഷ്ഠാനത്തെ ഒട്ടും ബാധി ക്കുന്നില്ല എന്നതാണ്. മരുഭൂമിയുടെ മണ്ണിൽ അധ്യസ്തമായ കാനൽ ജലം, ആ മണ്ണിനെ നനയ്ക്കുന്നില്ല. ആത്മാവായ എന്നിൽ അധ്യ സ്തമായ ശരീരത്തിന്റെ മേന്മ, ന്യൂനത, ആരോ ഗ്യം, ജര, നാശം എന്നിവ എന്നെ ബാധിക്കു ന്നതേയില്ല. ഇപ്പറഞ്ഞ വസ്തുത മനുഷ്യരായ ന മ്മെ എങ്ങനെയാണ് ബാധിക്കുന്നത് ? അദ്വൈത സിദ്ധാന്തവും മതങ്ങളും തമ്മിലുള്ള വ്യത്യാ സം എന്താണ്? അദ്വൈത സിദ്ധാന്തം സംഘ ടിത മതങ്ങളെ പോലെയല്ല. മതങ്ങൾ ഒരു പ്ര ത്യേക ഈശ്വരനിലും സ്വർഗ്ഗത്തിലുമൊക്കെ വി ശ്വസിക്കാൻ പറയുന്നു. പക്ഷേ അദ്വൈതം വ

ളരെ പ്രായോഗികമാണ്. ഇപ്പറഞ്ഞ അസ്തി എന്നും രൂപങ്ങൾ എന്നുമുള്ള രണ്ട് ഭിന്നതത്ത്വ ങ്ങളെ നമ്മുടെ ഉള്ളിലേക്ക് നോക്കിയാൽ പക ൽ പോലെ വ്യക്തമായി കാണാവുന്നതാണ്. അവിടെ ഒന്നും അന്ധമായി വിശ്വസിക്കേണ്ട കാര്യമില്ല. നമ്മുടെ ഉള്ളിൽ ചിന്തകൾ അറി യപ്പെടുന്നുണ്ടല്ലോ. ചിന്തകൾ വെറും ജഡങ്ങ ളായ രൂപങ്ങളാണ്. പക്ഷേ ചിന്തകളെ നാം അറിയുന്നുണ്ട്. ആ അറിവ് ബ്രഹ്മത്തിന്റെ ധർമ്മമാണ്. ചിന്തകൾ നിമിഷംപ്രതി ഉയരു കയും അപ്രത്യക്ഷമാകുകയും ചെയ്യുന്നു. എന്നാൽ അവയെ അറിയുന്ന അറിവ്, മൂന്നവ സ്ഥകളിലും ഒരു വ്യത്യാസമില്ലാതെ നിൽക്കു ന്നു. ആ അറിവാണ് ശരിയായ ഞാൻ. ആ അറി വ് സത്, ചിത് എന്നിങ്ങനെയും പറയപ്പെടുന്നു

നാമെല്ലാം അന്വേഷിക്കുന്നത് ആനന്ദമാ ണ്. ആനന്ദം ബ്രഹ്മ ലക്ഷണങ്ങളായി പറ യപ്പെട്ട പ്രിയത്തിന്റെ പര്യായമാണ്. അങ്ങനെ വരുമ്പോൾ, നമ്മുടെ ഉള്ളിൽ നോക്കുന്ന സമ യത്ത് ഉപരിതലത്തിൽ കാണപ്പെടുന്ന ചിന്ത കൾ എന്ന രൂപങ്ങളെ മാറ്റിയാൽ കിട്ടുന്നത് ആനന്ദരൂപമായ ചൈതന്യമാവണമല്ലോ. രണ്ടും രണ്ടും കൂട്ടിയാൽ നാല് എന്ന പോലെ വ്യക്തമാണത്. ചിന്തകളിലുള്ള നാമരൂപങ്ങളെ മാറ്റി അവ പ്രകാശിക്കുന്ന ചൈതന്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക അതാണ് ആത്യന്തി കസുഖത്തിന് ഒരേയൊരു മാർഗ്ഗം. ഇതുവരെ പറഞ്ഞത് അറിയപ്പെടേണ്ടതായ ബ്രഹ്മത്തിന്റെ പരോക്ഷജ്ഞാനമാണ്. അത് അപരോക്ഷമാ യാൽ മാത്രമേ, അത് നമ്മുടെ സ്വന്തമാവുക യും നമുക്ക് ആസ്വദിക്കാൻ പറ്റുന്നതുമാവൂ. അതിനായി ആറ് തരത്തിലുള്ള സമാധികൾ (നിദിദ്ധ്യാസനരീതികൾ) ഉപദേശിക്കുന്നു. അതിൽ മൂന്നെണ്ണം ആന്തരികവും, മൂന്നെണ്ണം ബാഹ്യവുമാണ്. ആന്തരികം എന്നുവച്ചാൽ സൂക്ഷ്മ ശരീരത്തോടുള്ള താദാത്മ്യം വിട്ടു, സൂക്ഷ്മ ശരീരത്തെ അറിയുന്ന തത്ത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. ബാഹ്യ സമാധിയിൽ വിഷയങ്ങളിലുള്ള നാമരൂപങ്ങൾ ഉപേക്ഷിച്ച് അതിലെ അസ്തിത്വത്തെ മാത്രം ധ്യാനിക്കുക. രണ്ട് വിധത്തിലായാലും ഫലത്തിൽ, ദൃശ്യ ത്തെ വിട്ട് ദൃക്കിനെ ധ്യാനിച്ച് മനസ്സിലുറപ്പിക്കുക എന്നർത്ഥം. ഇത്തരത്തിലുള്ള സമാധിയുടെ ഫലമായി കാലക്രമേണ മനസ്സ്, നാമരൂപങ്ങളെ വിട്ട് സത് ചിദാനന്ദത്തിൽ മാത്രം ഉറയ്ക്കുന്നു.

ഗ്രന്ഥത്തിലെ മുപ്പത്തൊന്നാം ശ്ലോകം മു തൽ നാല്പത്താറു വരെയുള്ള ശ്ലോകങ്ങളിൽ ജീവന്റെ മൂന്നു തരത്തിലുള്ള ഭാവങ്ങൾ വിവരി ക്കുന്നു. പാരമാർത്ഥികം, വ്യാവഹാരികം, പ്രാ തിഭാസികം എന്നിവയാണ് ആ മൂന്ന്. അവൾ ആദ്യത്തേത് ജീവന്മുക്തി നേടിയ അവസ്ഥ, രണ്ടാമത്തേത് വ്യവഹാരത്തിൽ സത്യബുദ്ധി യുള്ള അവസ്ഥ . മൂന്നാമത്തേതിന് ഒരു സത്യ ത്വവും ഇല്ല തന്നെ. കർമ്മങ്ങളിലും കർമ്മ ഫലങ്ങളിലുമുള്ള സത്യ ബുദ്ധിയാണ് പാര മാർത്ഥികവും വ്യാവഹാരികവുമായ ജീവൻ മാരുടെ വ്യത്യാസം. പരമാർത്ഥിക ജീവൻ, കർമ്മങ്ങളുടെ മിഥ്യാത്വം മനസ്സിലാക്കുകയും, കർമ്മങ്ങളുമായി തനിക്കൊരു ബന്ധവുമി ല്ലെന്ന് ഉറച്ച ജ്ഞാനം ആർജ്ജിക്കയും ചെ യ്തിട്ടുള്ളതിനാൽ ജീവന്മുക്തനാണ്. പ്രാ രബ്ധകർമ്മം മൂലം നാമമാത്രമായി ശരീരം നിലനിൽക്കുന്നു എന്നേയുള്ളൂ. എന്നാൽ വ്യാ വഹാരിക ജീവൻ അങ്ങനെയല്ല. അയാൾക്ക് കർമ്മങ്ങളിലും കർമ്മഫലങ്ങളിലും സത്യ ബുദ്ധിയുണ്ട്. പക്ഷേ ആചാര്യൻ ഒരു കാ ര്യം ഊന്നിപ്പറയുന്നുണ്ട്. അതെന്തെന്നാൽ, ഒരു വസ്തുവും തന്റെ തനതായ സ്വഭാവം ഒരി ക്കലും കൈവിടുന്നില്ല. അതിനാൽ പരമാർത്ഥി കജീവന്റെ വിവർത്തമായ വ്യാവഹാരിക ജീവ നിലും, പരമാർത്ഥിക ജീവന്റെ സത്യം, ജ്ഞാ നം, അനന്തത എന്നീ ധർമ്മങ്ങൾ കാണപ്പെടു ന്നു. ആ ധർമ്മങ്ങൾ മാത്രം ഉൾക്കൊണ്ട് ബാക്കിയെല്ലാം ഉപേക്ഷിക്കുന്നതാണ് വ്യാവ ഹാരിക ജീവന്റെ മോക്ഷമാർഗ്ഗം. ■

# സർപ്പാരാധന കേരളത്തിൽ

എം. ആർ. എസ്. മേനോൻ – 9037126220

(തുടർച്ച.....)

**സർപ്പപൂജ വഴിപാടുകൾ**

സർപ്പാരാധന ഇല്ലാത്ത തറവാടുകളോ ഗ്രാമങ്ങളോ കേരളത്തിൽ കാണാനിടയില്ല. ആയില്യമാണ് സർപ്പങ്ങളുടെ ജന്മനക്ഷത്രമായി കണക്കാക്കുന്നത്. കന്നിയിലെ ആയില്യമാണ് പ്രധാനം.

**നൂറും പാലും**

സർപ്പാരാധനയിൽ പ്രധാനപ്പെട്ടതാണ് നൂറും പാലും. തളിച്ച് കൊടുക്കുക എന്നും ഇതിന് പറയുന്നുണ്ട്. വർഷത്തിൽ ഒരിക്കൽ എങ്കിലും സർപ്പങ്ങൾക്ക് നൂറും പാലും കൊടുക്കണമെന്നത് നിർബന്ധമാണ്. ശുദ്ധിക്കുശേഷം എണ്ണ പാൽ കരിക്ക് എന്നിവ കൊണ്ട് അഭിഷേകം ചെയ്ത് കവുങ്ങിൻ പൂക്കുല മാലകൾ മഞ്ഞൾപ്പൊടി തുടങ്ങിയവ കൊണ്ട് അലങ്കരിച്ച് മുമ്പിൽ തൂശനില വച്ച് പച്ചപ്ലാവിലയിൽ ഉരുളിയിൽ മഞ്ഞൾപ്പൊടി, പാൽ, കരിക്ക് ഇവ കലക്കി നിവേദിച്ചതിന് ശേഷം അർപ്പിക്കുന്ന ചടങ്ങാണ് നൂറു പാലും. പന്തം കൈത്തിരി, കോൽത്തിരി എന്നിവ കത്തിച്ച് വച്ച ശേഷമാണ് തർപ്പണം നടത്തുക. കൂടെ വിവിധ നിവേദ്യങ്ങളും ഉണ്ടാവും.

**പാൽപായസ ഹോമം**

അറിയാതെ സർപ്പനാശങ്ങൾ ചെയ്താൽ ചെയ്യേണ്ട പ്രായശ്ചിത്തമാണ് പാൽപായസ ഹോമം.

**സർപ്പബലി**

സർപ്പപൂജയിൽ സർപ്പ പ്രീതിക്ക് ഏറ്റവും പ്രധാനമാണ് സർപ്പബലി. സർപ്പപൂജയോ, നൂറും പാലുമോ പൂജയറിയാവുന്ന ആർക്കും നടത്താമെങ്കിലും സർപ്പബലി അതിന് അധികാരപ്പെട്ട കുടുംബങ്ങൾക്കേ ചെയ്യോൻ പാടുള്ളു. ഏറ്റവും ശുദ്ധമായി മാത്രമേ സർപ്പബലി നടത്താവൂ. സർപ്പബലിയിൽ അതൃപ്തി വന്നാൽ സർപ്പകോപമുണ്ടാകുമെന്നാണ് വിശ്വാസം സർപ്പബലി കഴിഞ്ഞാൽ ബലിപ്പുര അടച്ച് എല്ലാവരും മടങ്ങിപ്പോരണം പിറ്റേന്ന് പുലർച്ചക്ക് മാത്രമേ ബലിപ്പുര തുറക്കാവൂ സർപ്പങ്ങൾ വന്ന് ബലി സ്വീകരിക്കുന്നത് മറ്റുള്ളവർ കാണരുതെന്നാണ് വിശ്വാസം വീട്ടിലായാലും കാവിലായാലും പ്രത്യേകം ബലിപ്പുരയിലാണ് ബലി നടത്തേണ്ടത്. ബലിപ്പുരയിൽ അരിപ്പൊടിയും മഞ്ഞൾപ്പൊടിയും കൊണ്ടാണ് കളമോ പത്മമോ വരക്കുന്നത്. പത്മത്തിന്റെ മധ്യത്തിൽ നെല്ലും അരിയും നാളികേരവും വച്ച് ചണ്ഡേശ്വരനെ സങ്കൽപ്പിച്ച് പൂജിച്ച് ചുറ്റും അഷ്ടനാഗങ്ങളെ സങ്കൽപ്പിച്ച് പൂജനടത്തി നിവേദ്യം (പാൽ, പഴം, വെള്ളനിവേദ്യം, പായസം) കഴിഞ്ഞ് ഹവിസ് ഉരുളകളാക്കി തൂകുന്നതാണ് സർപ്പബലി. ബലി തൂകുന്ന ഹവിസിൽ കദളിപ്പഴം, ശർക്കര, വറപൊടി, എള്ള് വറുത്ത് പൊടിച്ചത് മധുരമുള്ളതും ഇല്ലാത്തതുമായ അപ്പം പച്ചപാല്, കവുങ്ങിൻ പൂക്കുല എന്നിവയാണ്. അവസാനം നൂറും പാലും സമർപ്പിക്കുന്നു.

**സർപ്പംപാട്ട്**

കാവുകളിലും നാഗാരാധനയുള്ള തറവാടുകളിലും നടത്തി വരുന്ന ഒരു ആചാരമാണ് സർപ്പം പാട്ട്. പുള്ളുവന്മാർ നടത്തുന്നതിനാൽ പുള്ളുവൻപാട്ട് എന്നും പറയാറുണ്ട്. പുള്ളുവന്മാരെ കൂടാതെ ഗണകന്മാർ, വണ്ണാന്മാർ, തെയ്യമ്പാടി നമ്പ്യാർ എന്നിവരും സർപ്പം പാട്ട് പാടാറുണ്ടെങ്കിലും ഉത്തരമലബാർ ഒഴികെ എല്ലായിടത്തും പുള്ളുവർ തന്നെ പ്രധാനം.

കണ്ണൻ ചിരട്ടകളിൽ പഞ്ചവർണ്ണ പൊടി നിറച്ച് ചിരട്ടയിൽ ദ്വാരമുണ്ടാക്കി അവ നിലത്ത് വച്ചാണ് കളമെഴുതാറ്. കുറുപ്പന്മാർ കൈവിരലിൽ പൊടിയെടുത്താണ് കളമെഴുതുന്നത്. പഞ്ചവർണ്ണപൊടികൾ കൊണ്ടാണ് കളം എഴുതുന്നത്. പ്രകൃതിയിലെ വർണ്ണങ്ങളാണ് ചിത്രമെഴുതാൻ ഉപയോഗിക്കുന്നത്. കറുപ്പിന് ഉമിക്കരി പൊടിച്ചതും, വെള്ളക്ക് അരിപ്പൊടിയും, മഞ്ഞക്ക് മഞ്ഞൾപ്പൊടിയും, പച്ചക്ക് പച്ചില പൊടിയും , ചുവപ്പിന് മഞ്ഞളും ചുണ്ണാമ്പും ചേർത്ത മിശ്രിതവും ഉപയോഗിക്കുന്നു. വർണ്ണവ്യത്യാസം കൊണ്ട് വ്യത്യസ്തനാഗങ്ങളെ വരക്കുന്നു. പന്തലിൽ കളം വരച്ച ശേഷം കളത്തിന് ചുറ്റും നിറനാഴി, നാളികേരം, ഉണക്കലരി, പട്ട്, പീഠം , കവുങ്ങിൻ പൂക്കുല ഇവ വച്ച ശേഷം കളം പൂജ നടത്തുന്നു. പല തരത്തിലുള്ള നാഗങ്ങൾക്ക് വ്യത്യസ്ത കളങ്ങൾ ആണ് വരക്കേണ്ടത്. ഉദാഹരണം അഷ്ടനാഗക്കളം, നാഗരാജാവിന്റെ കളം തുടങ്ങിയവ. കളത്തിന് ജീവചൈതന്യം പകരുന്നത് പൂജയിലൂടെയാണ്. ഈ സമയത്ത് പുള്ളുവൻ പാട്ട് അഥവാ സർപ്പം പാട്ട് ആരംഭിക്കുന്നു. പുള്ളുവൻ വീണയും പുള്ളുവത്തി കുടവുമാണ് കൈകാര്യം ചെയ്യുന്നത്. പുള്ളുവർക്ക് വീണ, കുടം, കൈമണി എന്നിവയാണ് വാദ്യങ്ങൾ. സർപ്പങ്ങളുടെ ഉൽപ്പത്തിയുടെ കഥമുതൽ നാഗരാജാവ് സർപ്പയക്ഷി മണിനാഗം, കുഴി നാഗം, കരിനാഗം, എരിനാഗം, പറനാഗം തുടങ്ങിയ ദേവതകളെയാണ് സർപ്പം പാട്ടിൽ സ്തുതിക്കുന്നത് .

സർപ്പം പാട്ടിനോടനുബന്ധിച്ച് ഉള്ള ഒരു ആചാരമാണ് സർപ്പം തുള്ളൽ. തുള്ളാനുള്ള പിണിയാളുകൾ സാധാരണയായി കയ്യിൽ അടക്കാമരപൂക്കുലയുമായി കളത്തിന് ചുറ്റും ഇരിക്കും. ഭക്തി പരമായ അന്തരീക്ഷത്തിൽ കൊട്ടും പാട്ടും കുരവയും മുറുകുമ്പോൾ പിണിയാളുകൾ പതുക്കെ തലയാട്ടി തുടങ്ങും. തുടർന്ന് ആവേശം വർദ്ധിക്കുമ്പോൾ കളത്തിലേക്ക് കയറി കളങ്ങൾ മായ്ക്കും. ഈ സമയത്ത് ചില പിണിയാളുകൾ നാഗദേവതകളായി മാറി ഭക്തജനങ്ങളെ അനുഗ്രഹിക്കുന്നു. ഈ ആചാരങ്ങൾ കേരളത്തിൽ ഓരോ ഭാഗത്തും വ്യത്യസ്ഥങ്ങളാണ്.

തമിഴ് പാരമ്പര്യത്തിൽ നിന്ന് വന്ന ഒരു സമുദായമാണ് പുള്ളുവർ. പുള്ള് എന്നത് ഒരു പക്ഷിയാണ്, പുള്ളു ബാധ പക്ഷി പീഡ തുടങ്ങിയവ പുള്ള് മൂലം കുട്ടികൾക്കും ഗർഭിണികൾക്കും ഉണ്ടാകുന്ന രോഗങ്ങളാണ്. ഞങ്ങളുടെ കുട്ടിക്കാലത്ത് പുള്ള് ഗ്രാമങ്ങളിൽ വിശിഷ്യ സർപ്പക്കാവുകളിൽ സർവ്വ സാധാരണമായ ഒരു പക്ഷിയായിരുന്നു. സാധാരണ പകൽ ഇവ പുറത്തിറങ്ങാറില്ല, സാധാരണക്കാർ ഭയപ്പെട്ടിരുന്ന രൂപത്തോട് കൂടിയ ഒരു പക്ഷിയാണത്. ഇവയുടെ ദൃഷ്ടി മൂലമുള്ള രോഗങ്ങളിൽ നിന്ന് രക്ഷപെടുത്താൻ ആണ് പുള്ളുവർ ഉണ്ടായത് എന്നാണ് വിശ്വാസം. മുൻകാലങ്ങളിൽ മിഥുനം കർക്കിടകം മാസങ്ങളിൽ പുള്ളുവനും പുള്ളോത്തിയും കുടവും വീണവുമായി വീടുകൾ തോറും കയറിയിറങ്ങി നാഗപ്രീതിക്കായി പാട്ടുകൾ പാടിയിരുന്നു. ഖാണ്ഡവ ദഹനം, കാളിയ മർദ്ദനം, കദ്രുവിനതാ സംവാദം, പാലാഴി മഥനം തുടങ്ങിയ കഥകൾ പുള്ളുവൻ പാട്ടിൽ പാടി വരുന്നു. ഇപ്പോൾ സ്ഥിരമായി നിരവധി ക്ഷേത്രങ്ങളിൽ നാളും പേരും പറഞ്ഞ് പാട്ടു പാടുന്ന പുള്ളുവരെ കാണാം. ഉത്തര മലബാറിലെ അനുഷ്ഠാന കലയായ തെയ്യാരാധനയിലും തെയ്യങ്ങൾക്ക് സ്ഥാനമുണ്ട്. മലബാറിൽ കുറുന്തിനിപ്പാട്ട് എന്ന അനുഷ്ഠാനകലയും വണ്ണാന്മാർ നടത്തുന്നുണ്ട്. കളം വരക്കൽ ഉൾപ്പെടെ നിരവധി സങ്കീർണ്ണങ്ങളായ ചടങ്ങുകൾ ഇതിന് ഉണ്ട്.

### കാവുകളുടെ ശാസ്ത്രിയപ്രാധാന്യം

പരിസ്ഥിതി സംരക്ഷണത്തിൽ കേരളത്തിലെ സർപ്പക്കാവുകളുടെ പങ്കിനെപ്പറ്റി യു.എൻ പഠന റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ആയിരക്കണക്കിന് കാവുകൾ കേരളത്തിൽ ഉണ്ടാ

യിരുന്നെങ്കിലും പലതും നശിപ്പിച്ചു കഴിഞ്ഞു. വീടുകളിൽ ഉള്ള സർപ്പക്കാവുകൾ വെട്ടിനശിപ്പിച്ച് കാവുകളെ ചെറിയ കോൺക്രീറ്റ് കൂടുകളിൽ ഒതുക്കി കഴിഞ്ഞു. ആരാധനയ്ക്ക് എന്ന പോലെ കാവുകളുടെ പാരിസ്ഥിതിക പ്രാധാന്യത്തെ നാം വിസ്മരിച്ചതാണ് ഇതിന് കാരണം. നിരവധി ജന്തുക്കൾക്കും സസ്യങ്ങൾക്കും ആവാസ സ്ഥാനമാണ് കാവുകൾ. ഇവ ജലസമ്പത്തിനെ നിലനിർത്തുകയും അന്തരീക്ഷത്തിലെ പ്രാണവായുവിനെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കാവുകളെ പവിത്ര ഭൂമിയായാണ് കരുതി വന്നത്. കൊഴിഞ്ഞു വീണ ഇലകളും കായ്കളും പഴങ്ങളും പോലും ഉപയോഗിക്കാറില്ല വീടുകളോടനുബന്ധിച്ച സർപ്പകാവുകളിൽ മനുഷ്യ നിർമ്മിതികൾ ഒന്നും കാണില്ല. കാവിൽ വർഷത്തിൽ ഒരിക്കലോ മാസത്തിൽ ഒരിക്കലോ പൂജ നടക്കുമ്പോൾ കുളിച്ച് ശുദ്ധമായി മാത്രമേ കാവിൽ പ്രവേശിക്കാറുള്ളു കാവുകൾ നിത്യഹരിത വനങ്ങളുടെ പതിപ്പുകളാണ് വൻമരങ്ങളും കുറ്റിച്ചെടികളും വള്ളികളും നിറഞ്ഞ സസ്യശൃംഖലയാണ് കാവുകളിൽ ഉള്ളത്. കരിമ്പന, ഒലട്ടി, ആൽ, ഏഴിലംപാല, കരിമരം, കാഞ്ഞിരം, കാവളം, കൂവളം, മലമ്പുന്ന, മരോട്ടി, ഇലഞ്ഞി, താന്നി, ചെമ്പകം, ചേര് തുടങ്ങി വൈവിധ്യമാർന്ന മരങ്ങളും ഇഞ്ച, ചൂരൽ, കാട്ട്കോവൽ, നറും പാണൽ തുടങ്ങി വെള്ളിച്ചെടികളും ചെത്തി, കാട്ട് നാരകം, കൊരണ്ടി, പാണൽ തുടങ്ങി കുറ്റിച്ചെടികളും കിരിയാത്ത, പൂവാം കുരുന്നില, കാട്ടു ചേന, അമൽ പൊരി തുടങ്ങി ചെറുചെടികളും കാവുകളിൽ സമൃദ്ധമായി വളരുന്നു. കൂടാതെ കാവുകളുടെ വലുപ്പ വ്യത്യാസമനുസരിച്ച് മൂങ്ങ, അണ്ണാൻ, മരപ്പട്ടി, കുറുക്കൻ, വാവൽ, പല തരം പാമ്പുകൾ, ആമ, ഉടുമ്പ്, കൂമൻ, നത്ത്, പുള്ള്, പരുന്ത്, മരംകൊത്തി, മയിൽ എന്നീ ജീവജാലങ്ങൾക്ക് പുറമേ ചെറുജീവികളും ശ ലഭങ്ങളും, കാവു കടന്നലുകളും ഉൾപ്പെടെ നൂറ് കണക്കിന് ജീവജാലങ്ങൾ ചെറുതും വലുതുമായ കാവുകളിൽ കാണാം. വലിയ കാവുകൾ ഏറ്റവുമധികം സംരക്ഷിക്കപ്പെടുന്നത് ഉത്തര മലബാറിലാണ്.

മഴ പെയ്യുന്ന വെള്ളം ഒലിച്ച് പോകാതെ മണ്ണിൽ സംരക്ഷിക്കുന്നതിന് കാവുകൾ വലിയ പങ്ക് വഹിക്കുന്നു കാവുകളിൽ എല്ലാം തന്നെ നീർത്തടങ്ങൾ ഉണ്ടാവും. ജല വിതാനങ്ങളെ സംരഷിക്കുന്നതിന് കാവിലെ കുളങ്ങൾ വലിയ പങ്ക് വഹിക്കുന്നു. വൻ വൃക്ഷങ്ങൾ മുതൽ പല തലങ്ങളിൽ മരങ്ങളിൽ തട്ടി ശക്തി കുറഞ്ഞ് ഭൂമിയിൽ പതിക്കുന്ന വെള്ളത്തുള്ളികളിലെ വെള്ളം മുഴുവൻ ഭൂമിക്കടിയിൽ സംരക്ഷിക്കപ്പെടുന്നു. കാവ് അന്തരീക്ഷത്തിലെ താപനിലയെ നിയന്ത്രിക്കും. കാവുകൾ നശിപ്പിച്ചാൽ ചുറ്റുമുള്ള കിണറുകളും കുളങ്ങളും വറ്റും. സൂക്ഷ്മജീവികൾ മുതൽ വൈവിദ്ധ്യമാർന്ന ജീവജാലങ്ങളെ സംരക്ഷിക്കുന്നതിൽ സർപ്പക്കാവുകൾ വഹിക്കുന്ന പങ്ക് വലുതാണ്.

**പ്രധാന കാവുകൾ**

പതിനായിരത്തിലധികം കാവുകൾ കേരളത്തിൽ ഉണ്ട്. ഏറ്റവും കൂടുതൽ കാവുകൾ ഉള്ളത് ആലപ്പുഴ ജില്ലയിലാണ്. പക്ഷേ ഏറ്റവും വലിയ കാവുകൾ സംരക്ഷിക്കപ്പെടുന്നത് ഉത്തരമലബാറിൽ ആണ്. അവശേഷിച്ചിട്ടുള്ള കാവുകളിൽ കുറെ കാവുകൾ ഭഗവതിക്കാവുകൾ ആണ്. ഭഗവതിക്കാവുകൾ ഭൂരിഭാഗവും ക്ഷേത്രങ്ങളായി മാറിക്കഴിഞ്ഞു. മന്നംപുറത്ത് കാവ് (നീലേശ്വരം) മാടായിക്കാവ് (കണ്ണൂർ ജില്ല ) തുടങ്ങിയ കാവുകൾ ക്ഷേത്രങ്ങൾ ആയെങ്കിലും കാവായിത്തന്നെ സംരക്ഷിക്കപ്പെടുന്നുണ്ട്. ഈ ലേഖനത്തിന്റെ ലക്ഷ്യം സർപ്പക്കാവുകളെപ്പറ്റിയുള്ള പഠനമാണല്ലോ. പ്രസിദ്ധങ്ങളായ നിരവധി നാഗാരാധന കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. സവിസ്തരമായ ഒരു പഠനം ഈ ലേഖനത്തിന്റെ പരിധിയിൽ വരുന്നില്ല. കേരളത്തിൽ ഒട്ടുമിക്ക പ്രദേശങ്ങളിലും നാഗാരാധന കേന്ദ്രങ്ങൾ ഉണ്ട്. കുടുംബ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം ചെന്നെത്തുക

സർപ്പകോപത്തിലും പരിഹാരത്തിലുമാണ്. അതിനാൽ സർപ്പാരാധനയെ പരിഹസിക്കുന്നവരും വിമർശിക്കുന്നവരും എല്ലാം രഹസ്യമായി സർപ്പപൂജ ചെയ്യുന്നത് കാണാം. കേരളത്തിലെ പ്രധാനപ്പെട്ട ചില സർപ്പാരാധന കേന്ദ്രങ്ങളെപ്പറ്റി നമുക്ക് പരാമർശിക്കാം. രഹസ്യമായി ധാരാളം അഹിന്ദുക്കളും സർപ്പപൂജ ചെയ്യാറുണ്ട്.

ജനങ്ങൾക്കും സർപ്പാരാധനയിലുള്ള വിശ്വാസത്തിന് എന്റെ ഒരു അനുഭവം വിവരിക്കാം. എന്റെ വീടിന്റെ മുകളിലേക്ക് എന്റെ വീടിന്റെ തൊട്ടടുത്ത പറമ്പിൽ നിന്ന് ഒരു പാലമരത്തിന്റെ കൊമ്പ് വളർന്ന് വന്നു. ഒടിഞ്ഞ് വീണാൽ വീടിന് നാശനഷ്ടങ്ങൾ ഉണ്ടാകും. അത് മുറിക്കാൻ ഒരു ജോത്സ്യനെ കണ്ട് പ്രശ്നം വയ്പിച്ചു. പരിഹാരാർത്ഥം പറഞ്ഞ വഴിപാടുകൾ ചെയ്ത ശേഷം കൊമ്പ് മുറിക്കാൻ അനുവാദം ലഭിച്ചു. ഈ വഴിപാടുകൾ നടത്തിയ ശേഷം ആ ശിഖരം മുറിക്കാൻ സർപ്പകാവ് ഭാരവാഹികൾ അനുവാദം തന്നെങ്കിലും അത് മുറിക്കാൻ ഒരു മരം വെട്ടുകാരനും തയ്യാറായില്ല. ഏറെ അന്വേഷണങ്ങൾക്ക് ശേഷം ഒരു അഹിന്ദുവായ മരം വെട്ടുകാരനെ കിട്ടി. അയാളാവശ്യപ്പെട്ടത് അതിഭീമമായ തുകയും മാത്രമല്ല മരത്തിൽ ആദ്യം ഞാൻ കോടാലി കൊണ്ട് വെട്ടണം. അയാൾ പറഞ്ഞത്, അയാൾ വാങ്ങിയ പ്രതിഫലത്തിന്റെ പകുതി ആമേട സർപ്പക്ഷേത്രത്തിൽ വഴിപാടായി സമർപ്പിക്കണമത്രേ? കുറച്ചെങ്കിലും സർപ്പക്കാവുകൾ നിലനിൽക്കുന്നത് ഈ വിശ്വാസം കൊണ്ടാണ്. സർപ്പകാവുകളെ നശ്ശിപ്പിച്ച പല കുടുംബങ്ങളും പിന്നീട് ദുരന്തങ്ങൾ അനുഭവിച്ച ഉദാഹരണങ്ങളും ഉണ്ട്.

**1. മണ്ണാറശ്ശാല:** കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാഗാരാധന കേന്ദ്രമാണ് ഹരിപ്പാടിനടുത്തുള്ള മണ്ണാറശാല. വാസുകിയും, സർപ്പയക്ഷിയുമാണ് പ്രധാന പ്രതിഷ്ഠകൾ. തെക്കുവശത്തുള്ള ഉപക്ഷേത്രങ്ങളിൽ നാഗയക്ഷിയും, നാഗ ചാമുണ്ഡിയുമാണ് പ്രതിഷ്ഠ. ക്ഷേത്രത്തിന്റെ ഉടമസ്ഥരായ മണ്ണാറശാല ഇല്ലത്ത് നിലവറക്കകത്താണ് പഞ്ചമുഖ നാഗമായ അനന്തൻ വാണരുളുന്നത്. മണ്ണാറശാലയിലെ മുഖ്യ പുരോഹിതയായ അമ്മ തന്നെയാണ് നിലവറയിലെ പൂജ. മുപ്പത്തിആറ് ഏക്കറിലായി ആയിരക്കണക്കിന് നാഗരൂപങ്ങൾ ഇവിടെയുണ്ട്.

ക്ഷേത്രത്തെപ്പറ്റി ഭക്തജനങ്ങൾ വിശ്വസിക്കുന്ന ഒരു കഥയുണ്ട്. ഖാണ്ഡവ വനം ദഹിച്ചപ്പോൾ തീ പരശുരാമൻ പ്രതിഷ്ഠിച്ച ക്ഷേത്രത്തിനടുത്തെത്തി ഇല്ലത്തിന് ചുറ്റുമുള്ള സർപ്പക്കാവുകൾ വെന്ത് നശിച്ചു. ഇല്ലത്തെ അമ്മമാർ കുളത്തിൽ നിന്ന് വെള്ളം കോരി തീ കെടുത്തുകയും സർപ്പങ്ങളുടെ മേൽ ഒഴിച്ച് അവരെ രക്ഷിക്കുകയും ചെയ്തു. മണ്ണാറുന്നത് വരെ വെള്ളമൊഴിച്ച് അവയെ രക്ഷിച്ചതിനാൽ ആ സ്ഥലം മണ്ണാറശാലയായി മാറി. സന്തുഷ്ടരായ നാഗരാജാവ് അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് അവരുടെ മകനായി ജനിക്കാമെന്ന് അറിയിച്ചു. അന്തർജനം ഒരു നാഗശിശുവിനും മനുഷ്യശിശുവിനും ജന്മംനൽകി. പുറത്ത് സർപ്പരൂപം ധരിച്ചു കഴിഞ്ഞാൽ മറ്റുള്ളവർക്ക് അസൗകര്യമാകുമെന്നതിനാൽ ഇല്ലത്തെ നിലവറയിൽ തപോനിഷ്ഠയിൽ കഴിഞ്ഞുകൊള്ളാമെന്നും തന്നെ നേരിട്ട് കാണാൻ ഇല്ലത്തെ അമ്മക്ക് മാത്രമേ കഴിയുകയുള്ളുവെന്നും നിലവറയിൽ വർഷത്തിൽ ഒരിക്കൽ പൂജ നടത്തേണ്ടത് അമ്മയാണെന്നും സർപ്പശിശു അറിയിച്ചു. അമ്മയുടെ കാലശേഷം കുടുംബത്തിലെ മുതിർന്ന അന്തർജനമായിരിക്കണം അമ്മയുടെ സ്ഥാനം വഹിക്കേണ്ടതെന്നും അറിയിച്ചതുകൊണ്ട് ഇന്നും ആ രീതി പിന്തുടരുന്നു. ശിവരാത്രിയുടെ അടുത്ത ദിവസം മാത്രമേ നിലവറ തുറന്ന് പൂജ നടത്താറുള്ളൂ. തങ്ങളെ രക്ഷിച്ചത് സ്ത്രീകളാകയാൽ ഇനി മേലിൽ സ്ത്രീകൾ പൂജിച്ചാൽ മതിയെന്ന് സർപ്പദേവതകൾ അറിയിച്ചു. ഇല്ലത്തെ പ്രായം ചെന്ന അമ്മയാണ് പൂജാദി കർമ്മങ്ങൾ നടത്തുന്നതും ഭക്തന്മാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിശ്ചയിക്കുന്നതും

കന്നി, തുലാം, കുംഭം മാസങ്ങളിലെ ശിവരാത്രിയും ആയില്യവുമാണ് പ്രധാന ആഘോഷങ്ങൾ. തുലാമാസത്തിലാണ് പ്രസിദ്ധമായ മണ്ണാറശാല ആയില്യം. വിവാഹം കഴിഞ്ഞ് കുട്ടികൾ ഉണ്ടാകാത്തവർക്ക് ഇവിടെ ഉരുളി കമിഴ്ത്തൽ പ്രധാന വഴിപാടാണ്

**2. വെട്ടിക്കോട്ട് ശ്രീനാഗരാജ ക്ഷേത്രം**

കായംകുളത്ത് നിന്ന് 10 കി. കിഴക്കുമാറിയാണ് വെട്ടിക്കോട്ട് നാഗരാജ ക്ഷേത്രം. ആദ്യത്തെ നാഗ പ്രതിഷ്ഠയായതിനാൽ ആദിമൂലം വെട്ടിക്കോട്ട് എന്നാണ് പറയുന്നത്. പരശുരാമൻ മഴുകൊണ്ട് മണ്ണ് വെട്ടിക്കൂട്ടി അതിന് മുകളിൽ നടത്തിയ പ്രതിഷ്ഠയായതിനാലാണ് വെട്ടിക്കോട്ട് എന്ന പേർ വന്നത് എന്നാണ് വിശ്വാസം. പുള്ളുവൻ പാട്ടിൽ ആദിമൂലം വെട്ടിക്കോട്ട് പിന്നെ മണ്ണാറശാല എന്നാണ് പാടുന്നത്. അനന്തനും നാഗയക്ഷിയുമാണ് പ്രധാന പ്രതിഷ്ഠ. പരശുരാമഭൂമിയിൽ സർപ്പങ്ങളെക്കൊണ്ട് നിറഞ്ഞിരുന്നു. ഭൂമിയിലെ ഉപ്പ് രസം കൊണ്ടും സർപ്പങ്ങൾ മനുഷ്യരെ ഉപദ്രവിക്കുന്നതിനാലും മനുഷ്യവാസമുള്ള ഇടമാക്കി മാറ്റാൻ പരശുരാമൻ തപസ് ചെയ്തു. അനന്തമൂർത്തിയുടെ അനുഗ്രഹത്താൽ ജലം ശുദ്ധമാകുകയു സർപ്പങ്ങൾ പ്രത്യേക സ്ഥലങ്ങളിലേക്ക് മാറി ഭൂമി ജനവാസയോഗ്യമാകുകയും ചെയ്തു. ഇതിൽ സംതൃപ്തനായ പരശുരാമൻ അസുര ശിൽപ്പിയായ മയനെ കൊണ്ട് അനന്തവിഗ്രഹം പണിയിച്ച് അനന്ത ചൈതന്യത്തെ ആവാഹിച്ച് പ്രതിഷ്ഠിച്ചതാണ് വെട്ടിക്കോട്ട് നാഗരാജക്ഷേത്രം . ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ ചൈതന്യം ഇവിടെയുണ്ട് എന്നാണ് വിശ്വാസം. കന്നിയിലെ ആയില്യമാണ് തിരുനാൾ. ത്വക് രോഗങ്ങൾക്ക് നാഗരാജാവിന്റെ വിഗ്രഹത്തിൽ ആറാടിയ എണ്ണ ദിവ്യൗഷധമായി കണക്കാക്കുന്നു. കന്നി, തുലാം, കുംഭം മാസങ്ങളിലെ ആയില്യം ഇവിടെ വിശേഷമാണ്. കന്നിയിലെ ആയില്യം വെട്ടിക്കോട്ട് ആയില്യം എന്ന പേരിൽ സർപ്പദേവന്റെ തിരുനാളായി ആഘോഷിക്കുന്നു.

**3. പാമ്പുമേക്കാട് മന**

തൃശ്ശൂർ ജില്ലയിലെ മാളക്കടുത്ത വടമയിലാണ് പാമ്പുമേക്കാട് മന. മേയ്ക്കാട്ട് എന്ന നമ്പൂതിരി ഇല്ലത്തെ കാരണവർ ദാരിദ്ര്യദുഃഖം കാരണം തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ ഭജനത്തിന് പോയി. ഭജനം പൂർത്തിയാക്കാറായപ്പോൾ ഒരു ദിവസം കുളക്കടവിൽ ഒരാൾ പ്രത്യക്ഷപ്പെട്ടു. അയാളുടെ കയ്യിൽ തീക്കട്ട പോലെ തിളങ്ങുന്ന മാണിക്കക്കല്ല് കണ്ടു അത് കാണാൻ വേണ്ടി മേക്കാടിന് കൊടുത്തു. ദിവ്യമായ ആ കല്ല് തിരികെ നൽകിക്കഴിഞ്ഞപ്പോൾ അയാൾ അപ്രത്യക്ഷനായി. അപ്പോൾ ചുറ്റുപാടും പരന്ന കടുത്ത ഇരുട്ടിൽ മേക്കാടൻ ഉറക്കമായി. ഉറക്കം ഉണർന്ന് കുളിക്കാനായി കുളിക്കടവിലെത്തിയപ്പോൾ തലേന്ന് കണ്ട് ദിവ്യനെ കണ്ടു നമസ്കരിച്ചു. ഈ ദിവ്യൻ ആരാണെന്നറിയാനുള്ള നിർബന്ധത്തിന് വഴങ്ങി താൻ സർപ്പരാജാവായ വാസുകിയാണെന്ന് അറിയിച്ചു. ഉടൻ മേക്കാടന് വാസുകിയുടെ യഥാർത്ഥ രൂപം കാണണമെന്നായി. യഥാർത്ഥ രൂപത്തെ ഒരു മോതിരത്തോളം ചെറുതാക്കി വാസുകി തന്റെ രൂപം കാണിച്ച് കൊടുത്തു. ഇത് കണ്ട് മേക്കാടൻ തല കറങ്ങി വീണു ഉണർന്നപ്പോൾ അവിടുത്തെ അനുഗ്രഹം ഇല്ലത്ത് ഉണ്ടാകണമെന്ന് മേക്കാടൻ അപേക്ഷിച്ചു. ഏതാനും ദിവസം കഴിഞ്ഞ് മടങ്ങാനുള്ള ദിവസമായപ്പോൾ കുളി കഴിഞ്ഞ് ഓലക്കുടയെടുക്കാൻ ചെന്നപ്പോൾ കുടയുടെ കാലിൽ ഒരു പാമ്പ് കണ്ട് നമ്പൂതിരി ഭയപ്പെട്ടെങ്കിലും പാമ്പ് ദിവ്യരൂപം പൂണ്ട് താൻ വാസുകിയാണെന്ന് പറഞ്ഞ് അനുഗ്രഹിക്കുകയും ദിവ്യമായ മാണിക്കക്കല്ല് നൽകുകയും ചെയ്തു. ഇങ്ങിനെ വാസുകിയുടെ സാന്നിദ്ധ്യം ഉണ്ടായതോടെ ഇല്ലത്ത് എല്ലാ ഐശ്വര്യങ്ങളും ഉണ്ടായി. ഒരു ദിവസം ഇല്ലത്തെ അന്തർജനം കുളി കഴിഞ്ഞ് വന്നപ്പോൾ മറക്കുടയിൽ ഒരു ദിവ്യനാഗത്തെ കാണുകയും ഈ നാഗം വാസുകിയുടെ അടു

ത്ത് ചെല്ലുകയും ചെയ്തു. അത് നാഗയക്ഷിയായിരുന്നു തുടർന്ന് നാഗയക്ഷിയുടെ പ്രതീകമായി ഒരു കെടാവിളക്ക് സ്ഥാപിക്കുകയും ചെയ്തു. ഇല്ലത്തിനകത്ത് നടുമുറ്റത്ത് ഒരു ഭദ്രകാളി പ്രതിഷ്ഠയുണ്ട്. അവിടെയും സർപ്പസാന്നിദ്ധ്യം ഉണ്ട്. ഇല്ലപ്പറമ്പ് മുഴുവൻ സർപ്പ സങ്കേതമായതിനാൽ അവിടെ പറമ്പിൽ കിളക്കുകയും കുഴിക്കുകയും പതിവില്ല. നാഗരാജാവിന്റെയും നാഗയക്ഷിയുടെയും അനുഗ്രഹത്തിന് ശേഷം ഈ മന പാമ്പുമേയ്ക്കാട്ട് എന്ന് അറിയപ്പെട്ടു

സർപ്പബലിയും, നൂറുംപാലും, പായസഹോമവും, കദളിപ്പഴനിവേദ്യവുമാണ് പ്രധാന വഴിപാടുകൾ. കന്നിയിലെ ആയില്യം, വൃശ്ചികം ഒന്ന്, മീനത്തിലെ തിരുവോണം തൊട്ട് ഭരണി വരെയുള്ള നാളുകൾ, പത്താമുദയം എന്നിവയാണ് പ്രധാന ദിനങ്ങൾ. സർപ്പകോപത്തിന് പരിഹാരം തേടി ധാരാളം പേർ ഇവിടെ എത്തിച്ചേരുന്നു.

**4. ആമേട ക്ഷേത്രം**

എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറക്കടുത്ത് ഉദയംപേരൂരാണ് സർപ്പ പൂജക്ക് പ്രസിദ്ധമായ ആമേടക്ഷേത്രം. പരശുരാമൻ കേരളത്തിൽ യാത്ര ചെയ്യുമ്പോൾ കായലിന്റെ തീരത്ത് ഈ സ്ഥലത്ത് എത്തിയപ്പോൾ സപ്തമാതൃക്കൾ നാഗകന്യകയുമായി ഒരു ആമയുടെ പുറത്ത് കയറി യാത്ര ചെയ്യുന്നത് ഒരു ദിവ്യതേജസ്സോടുകൂടി കണ്ടു. പരശുരാമൻ മാതൃക്കളെ വന്ദിക്കാൻ ചെന്നപ്പോൾ ആമ അവിടെത്തന്നെ നിൽക്കുകയും പരശുരാമൻ നമസ്കരിക്കുകയും ആമ നിന്ന ഇടം ആമേട എന്നറിയപ്പെടുകയും ചെയ്തു. പരശുരാമൻ സ്പതമാതൃക്കളെയും നാഗകന്യകയേയും പ്രതിഷ്ഠിക്കുകയും ചെയ്തു. ഇവിടെത്തെ ശ്രീകോവിലിൽ പരശുരാമൻ കൊളുത്തിയ ഭദ്രദീപം ഇന്നും ഉണ്ട്. സപ്തമാതൃക്കളും വീരഭദ്രനും ഗണപതിയും ഉൾപ്പെടെ ഒമ്പത് പ്രതിഷ്ഠകളാണ് ഇവിടുത്തെ ശ്രീകോവിലിൽ. ഉള്ളത്. നാഗരാജാവ്, നാഗയക്ഷി, ജലയക്ഷി (ആമ), വെട്ടത്ത് വിഷ്ണു, ഭദ്രകാളി എന്നിവരാണ് ഉപദേവതകൾ ശ്രീകോവിലിന് പുറത്ത് മതിൽക്കെട്ടിൽ നാഗകന്യകയെയും പാലമരച്ചോട്ടിൽ നാഗയക്ഷിയെയും, നാഗരാജാവായ വാസുകിയെ ആൽമരച്ചോട്ടിലും പ്രതിഷ്ഠിച്ചിരിക്കുന്നു. മറ്റ് സ്ഥലങ്ങളിൽ നിന്ന് ആവാഹിച്ച് കൊണ്ടുവരുന്ന സർപ്പങ്ങളെ പാലമരച്ചുവട്ടിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്.

അഷ്ടനാഗപൂജ, സർപ്പബലി, പാൽപായസഹോമം, നൂറുംപാലും കൊടുക്കൽ തുടങ്ങിയവയാണ് ഇവിടത്തെ പ്രധാന വഴിപാടുകൾ ആയില്യം, ഇടികിണ്ടി എറിയൽ, പൂവട്ട കമഴ്ത്തൽ തുടങ്ങിയവയും ഇവിടത്തെ പ്രത്യേക വഴിപാടുകൾ ആണ്.

ആദിമൂലം വെട്ടിക്കോട്ട് പിന്നെ
മണ്ണാറശാല പാമ്പുമേയ്ക്കാട്ട്
പൊന്നരിയാകുളങ്ങര ആമേടക്കാവിൽ

എന്ന പുള്ളുവൻ പാട്ടിൽ നിന്ന് ആമേട ക്ഷേത്രത്തിന്റെ പ്രാധാന്യം വ്യക്തമാണ്. കന്നി, വൃശ്ചികം, മീനം എന്നി മാസങ്ങളിലെ ആയില്യത്തിന് ആമേടയിൽ പ്രാധാന്യം ഉണ്ട്. പത്താമുദയം, നാഗപഞ്ചമി എന്നിവയും വിശേഷങ്ങളാണ്. മീനത്തിൽ ഉത്രം ആറാട്ടായി ഏഴു ദിവസത്തെ ഉത്സവവും പ്രധാനമാണ്. പണ്ട് നാല് ഊരാണ്മക്കാരാണ് ക്ഷേത്രഭരണം നടത്തിയിരുന്നത്. തിരൂരിനടുത്ത് മംഗലം എന്ന സ്ഥലത്ത് അതേ പേരിൽ ഒരു മനയുണ്ടായിരുന്നു. അവിടെ രണ്ട് സഹോദരന്മാർ ഉണ്ടായിരുന്നു. ഭക്തനായിരുന്ന ജ്യേഷ്ഠൻ ചോറ്റാനിക്കരയിൽ ദീർഘകാലം താമസിച്ച് ദേവിയെ ഭജിച്ചു. പിന്നേ അവിടന്ന് ആമേടയിലെത്തി ഭജനം തുടങ്ങി. രാത്രി അമ്പലത്തിൽ തന്നെയായിരുന്നു താമസം. ഒരു ദിവസം രാത്രി ക്ഷേത്രത്തിൽ കള്ളന്മാർ കയറിയപ്പോൾ അദ്ദേഹം കവർച്ചക്കാരെ തടയുകയും കൈക്ക് വെട്ടേൽക്കുകയും ചെയ്തു. രാത്രി മനക്കലെ ഊരാണ്മക്കാർക്ക് സ്വപ്നദർശന

(ശേഷം 42-ാം പേജിൽ) ➟

# ആഗോള താപനം - പ്രതിബന്ധങ്ങളും ദുരന്തങ്ങളും

എൻ. രാജശേഖരൻ - 9895550719

**ഉയരുന്ന സമുദ്രനിരപ്പും, മുങ്ങുന്ന എണ്ണ തുറമുഖങ്ങളും**

കാലാവസ്ഥാ പ്രതിസന്ധികളുടെ ഫലമായി ഉയർന്നുകൊണ്ടിരിക്കുന്ന സമുദ്ര നിരപ്പ് ലോകത്തിലെ ഏറ്റവും വലിയ എണ്ണ തുറമുഖങ്ങളെ മുക്കിക്കളയുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. "ഇന്റർനാഷണൽ ക്രയോസ്ഫിയർ ക്ലൈമറ്റ് ഇനിഷ്യേറ്റിവ്" പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ പഠനത്തിലാണ് ഇത് ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

വെറും ഒരു മീറ്റർ സമുദ്രനിരപ്പ് ഉയർന്നാൽ തന്നെ ഏറ്റവും കൂടുതൽ സൂപ്പർ ടാങ്കർ ഗതാഗതമുള്ള 13 തുറമുഖങ്ങൾ നശിക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്. സൗദി അറേബ്യയിലെ റാസ്തനൂറ, യാൻബു എന്നിവയെ പ്രത്യേകം എടുത്ത് പറഞ്ഞിട്ടുണ്ട്. ആരാംകോ നടത്തുന്ന ഈ രണ്ടു തുറമുഖങ്ങൾ വഴിയാണ് രാജ്യത്തെ 98 ശതമാനം എണ്ണക്കയറ്റുമതിയും നടത്തുന്നത്. യു. എ. ഇ, ചൈന, സിംഗപ്പൂർ, നെതർലാൻഡ് എന്നിവിടങ്ങളിലെ തുറമുഖങ്ങളും, യു.എസ്സിലെ ഏറ്റവും വലിയ എണ്ണ ഉൽപ്പാദകരായ ഹൂസ്റ്റണിലെയും, ഗാൽവെസ്റ്റണിലെയും എണ്ണ തുറമുഖങ്ങളും മുങ്ങിപ്പോകാനിടയുള്ളവയുടെ പട്ടികയിലുണ്ട്. ഹിമാനികളുടെ അതിവേഗത്തിലുള്ള ഉരുകൽ മൂലം, കഴിഞ്ഞ 30 വർഷത്തിനിടയിൽ സമുദ്രനിരപ്പ് ഇരട്ടിയായി ഉയർന്നിട്ടുണ്ട്. ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുന്നതിൽ ലോകരാജ്യങ്ങൾ തയ്യാറാകുന്നില്ലെങ്കിൽ അതിന്റെ ആഘാതം ഇനിയും വർദ്ധിക്കുക തന്നെ ചെയ്യും. ICCI - ലെ മുഖ്യശാസ്ത്ര ഉപദേഷ്ടാവായ ജയിംസ് കർഖാം പറയുന്നതാണിത്.

ഈ ഒരു നൂറ്റാണ്ടിനുള്ളിൽ സമുദ്രനിരപ്പ് ഒരു മീറ്റർ ഉയരുമെന്നുള്ളത് തർക്കമറ്റ സത്യമാണ്. ഹിമാനികൾ ഉരുകുകയും, കാർബൺ ബഹിർഗമനം കുറയ്ക്കുകയും ചെയ്യുന്നില്ലെങ്കിൽ 2070-ൽ തന്നെ ഇത് സംഭവിക്കുന്നതാണ്. അടുത്ത രണ്ട് സഹസ്രാബ്ദങ്ങൾക്കുള്ളിൽ സമുദ്രനിരപ്പ് മുന്ന് മീറ്റർ ഉയരുകയും ചെയ്താൽ, വലിയ ദുരന്തങ്ങൾക്ക് തന്നെ ലോകം സാക്ഷിയാകുന്നതുമാണ്. 2100-ന്റെ തുടക്കത്തിൽ തന്നെ ഇവ സംഭവിക്കുന്നതാണ്. സമുദ്രനിരപ്പ് ഉയരുന്നതിന്റെ ഫലമായി സമുദ്രജലം തീരദേശത്ത് ഇരച്ച് കയറുകയും ന്യൂയോർക്ക് മുതൽ ഷാങ്ഹായ് വരെയുള്ള സുപ്രധാന നഗരങ്ങളെ നാശത്തിലെത്തിക്കുകയും ചെയ്യും. മിക്ക ലോകരാജ്യങ്ങളും പ്രത്യേകിച്ച് സമ്പന്ന രാജ്യങ്ങളിലെ സർക്കാരുകളും കോർപ്പറേറ്റുകളുടെ താൽപര്യങ്ങൾക്ക് വഴങ്ങി, ഇത്തരം സുപ്രധാന ശാസ്ത്രിയ വീക്ഷണങ്ങൾ ശ്രദ്ധിക്കാതെ പോകുകയാണെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു.

**അടിയന്തിര പരിഹാര മാർഗ്ഗങ്ങൾ - അധികാരികളുടെ സത്വര ശ്രദ്ധയ്ക്ക്:-**

- ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നത് ഗതാഗത രംഗമാണ്. ഇതിനുള്ള പരിഹാരമാർഗ്ഗം യാത്രകൾ ഏതാണ്ട് മുഴുവനായും തന്നെ റയിൽവേയിലേക്ക് മാറ്റുക എന്നതാണ്. ഇന്ധന ചിലവിന്റെ കാര്യമായ കുറവ്, കൂടുതൽ സുരക്ഷിതത്വം കൂടുതൽ ജനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയുന്നു എന്നിവ റയിൽയാത്രയുടെ മേന്മകളാണ്.
- കേരളത്തെ സംബന്ധിച്ചിടത്തോളം തെക്ക്-വടക്കുള്ള യാത്രകൾ ഏതാണ്ട് മുഴുവനായും തന്നെ റയിൽവേയിലേക്ക് മാറ്റേണ്ടതാണ്. ഇതിനുവേണ്ടി അടിയന്തിരമായി അടുത്ത 10 വർഷങ്ങൾക്കുള്ളിൽ 4 വരി തീവണ്ടിപ്പാതകൾ നിർമ്മിക്കേണ്ടതുണ്ട്.

➠

• എറണാകുളം പോലെയുള്ള ജനസാന്ദ്രതയേറിയ പട്ടണങ്ങളിൽ സബർബൻ ട്രെയിൻ ഏർപ്പെടുത്തേണ്ടതാണ് സബർബൻ ട്രെയിനിന്റെ ആരംഭം ഉപയോഗിക്കാതെ കിടക്കുന്ന പഴയ റയിൽവേ സ്റ്റേഷൻ വേണ്ട അറ്റകുറ്റപണികൾ നടത്തി ഉപയോഗിക്കാവുന്നതാണ്.

• നിർദ്ദിഷ്ട ശബരി റയിൽപ്പാത എത്രയും വേഗം യാഥാർത്ഥ്യമാക്കണം.

• മെമു പോലെയുള്ള തീവണ്ടികൾ പത്ത് മിനിട്ട് ഇടവിട്ട് ഓടിക്കാനുള്ള സൗകര്യമൊരുക്കണം.

• ലഗേജുകൾ എത്തിക്കാനുള്ള ട്രെയിനുകൾ ഏർപ്പെടുത്തണം. ഇത്രയും കാര്യങ്ങൾ യാഥാർത്ഥ്യമായാൽ ബസ്, കാർ, ലോറി, ഓട്ടോറിക്ഷകൾ എന്നിവയുടെ തെക്കുവടക്കുള്ള യാത്രകൾ ഏതാണ്ട് തൊണ്ണൂറു ശതമാനവും കുറയുന്നതാണ്. ഇത്രയുമാകുമ്പോൾ തന്നെ കാർബണിന്റെ പുറം തള്ളൽ ഒരു വലിയ അളവിൽ തന്നെ കുറയുന്നതാണ്.

• നിരത്തുകൾക്കിരുവശത്തും മരങ്ങൾ ധാരാളമായി വച്ച് പിടിപ്പിക്കണം. കൂടുതൽ ഉയരം വരാത്ത തൈകൾ വച്ച് പിടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മഴക്കാലത്തും കാറ്റുള്ള സമയത്തും ഉയരം കൂടിയ മരങ്ങൾ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കാറുള്ളതുകൊണ്ടാണ് ഉയരം കുറഞ്ഞ മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നത്.

• അന്തരീക്ഷത്തിൽ ഇതിനകം എത്തിച്ചേർന്ന കാർബണിനെ വലിച്ചെടുത്ത്, ഓക്സിജനെ പുറത്തേക്ക് വിടുന്നതിന് മരങ്ങൾക്കും, ചെടികൾക്കുമുള്ള കഴിവ് പ്രയോജനപ്പെടുത്തണം.

• കാർബണിനെ വലിച്ചെടുത്ത് അന്തരീക്ഷം സംശുദ്ധമാക്കുന്നതിൽ മുളകൾക്കുള്ള കഴിവ് ഓർത്തിരിക്കേണ്ടതാണ്. റോഡുകളിലും, പാർക്കുകളിലും വെളിപ്രദേശങ്ങളിലും മുളകൾ ധാരാളമായി വച്ച് പിടിപ്പിക്കണം.

• കുറഞ്ഞ ഭൂപരിധിയിൽ പാർക്കുകൾ നിർമ്മിക്കണം.

• പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജ പാനലുകൾ, മഴവെള്ള സംഭരണികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുള്ള കെട്ടിടനിർമ്മാണ പ്ലാനുകൾക്ക് മാത്രമേ അനുമതി നൽകാവൂ.

• സൗരോർജ്ജ്യം പോലെ തന്നെ പവനോർജ്ജവും തീർത്തും മാലിന്യമുക്തമാകയാൽ, ഇടതടവില്ലാതെ മണിക്കൂറിൽ 15 കിലോമീറ്റർ വേഗത്തിൽ കാറ്റ് വീശുന്ന സ്ഥലങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കേണ്ടതാണ്.

• വീടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഓഫിസുകൾ എന്നിവിടങ്ങളിലെല്ലാം സൗരോർജ്ജപാനലുകൾ സ്ഥാപിക്കണം.

• മരങ്ങളും, ചില്ലകളും വെട്ടി നശിപ്പിക്കുന്നത് നിയമം മൂലം നിരോധിക്കണം.

• മാലിന്യങ്ങൾ, അവ ശേഖരിക്കാൻ നിയോഗിച്ചിട്ടുള്ള ജീവനക്കാരെ ഏൽപ്പിക്കാതെ, പൊതുസ്ഥലങ്ങൾ, റോഡുവക്കുകൾ എന്നി സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവരുടെ കൈയ്യിൽ നിന്നും വൻതുകകൾ തന്നെ ഫൈൻ അടിക്കേണ്ടതുമാണ്.

• റയിൽ ഗതാഗതം പോലെതന്നെ വളരെ പ്രധാനമാണ് ജലഗതാഗതവും. എറണാകുളം, ആലപ്പുഴ, തിരുവനന്തപുരം എന്നി പ്രദേശങ്ങളിൽ ജലഗതാഗതത്തിന് അനന്തസാധ്യതകളാണുള്ളത്.

• തെക്കുവടക്കുള്ള ചരക്കു ഗതാഗതത്തിന് റയിൽവേ പോലെ തന്നെ ജലഗതാഗതവും ഉപയോഗിക്കേണ്ടതാണ്.

• കേരളത്തിൽ കിഴക്ക് പടിഞ്ഞാറുള്ള യാത്രകൾക്ക് റോഡിനെ ആശ്രയിക്കാതെ മറ്റ് പോംവഴികളില്ല.

• ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള വാഹനങ്ങൾ അടുത്ത 15 വർഷങ്ങൾക്കുള്ളിൽ ഘട്ടംഘട്ടമായി അവസാനിപ്പിക്കണം.

• മലിനീകരണം കൂടുതലുള്ള വാഹനങ്ങൾ, പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡീസൽ വാഹനങ്ങൾ എന്നിവ റോഡിൽ ഇറ

(ശേഷം 31-ാം പേജിൽ) ➞

# പിഴയ്ക്കുന്നത് എവിടെയാണ് ?

**ഡോ. സി. ശാന്തകുമാരി - 9495362735**

മനുഷ്യന്റെ മനസ്സ് സങ്കീർണ്ണമാണ്, അതിന്റെ അവസ്ഥകളെ കുറിച്ച് ആർക്കും പറയാനാവില്ല. ആരോഗ്യമുള്ള മനസ്സില്ലെങ്കിൽ മനുഷ്യ ജീവിതത്തിന്റെ താളം തന്നെ തെറ്റും. സമൂഹത്തിൽ ഇത് വലിയ ചലനമുണ്ടാക്കും, സാമൂഹിക വിപത്തുകളുണ്ടാക്കും. ബന്ധുവോ, മിത്രമോ, മാതാപിതാക്കളോ ആരുമാകട്ടെ സ്നേഹത്തെ അറുംകൊല ചെയ്യാൻ മടിയില്ലാ ത്ത ചിലർ നമുക്കിടയിലുണ്ട്. ഇത് പേടിപ്പിക്കുന്ന ചിന്തയല്ലേ. മനസ്സിനെ എന്ത് ചെയ്യാനും പ്രേരിപ്പിക്കുന്ന ഏതോ ചില ഘടകങ്ങൾ എവിടെയോ ഒളിച്ചിരിക്കുന്നു. ഇതെല്ലം തടയാൻ നീതിന്യായ നടപടികൾ നമുക്കുണ്ടെങ്കിലും അതിനുമുണ്ടല്ലോ പരിമിതികൾ. പലപ്പോഴും ചിലർക്ക് "മനമോടാത്ത കുമാർഗ്ഗമില്ല".

ജീവന്റെ ചരിത്രം പരിശോധിച്ചാൽ അത് ഹിംസയിലധിഷ്ഠിതമായിരുന്നു എന്ന് കാണാം. പക്ഷെ നമ്മുടെ സംസ്കാരം സാവകാശം അതിനെയൊക്കെ സംസ്കരിച്ചെടുത്തു. സ്നേഹം, സഹിഷ്ണുത, സഹവർത്തിത്വം ഇതിലൂടെ നമ്മൾ കയറിക്കയറി വന്നു. എന്നിട്ടും കഴിഞ്ഞ നൂറ്റാണ്ടിലെ പകുതിവരെയെങ്കിലും സാമൂഹിക ജീവിതം ചെറിയ ചെറിയ ഹിംസകളിൽ കൂടിതന്നെയാണ് കടന്നുപോയത്. കേരളം സുരക്ഷിതം എന്ന ചിന്തയിലായിരുന്ന നമുക്കിപ്പോൾ ചുറ്റും ആശങ്കകളുടെ കറുത്ത നിഴലുകൾ പടരുന്നില്ലേ. വിശേഷിച്ചും കുട്ടികളിലും, യുവാക്കളിലും. അവർക്ക് എന്ത് ആക്രമം ചെയ്യാനും, പ്രവർത്തിക്കാനും അറപ്പില്ലാതായിരിക്കുന്നു. ഇതിനെ നമ്മൾ ഗൗരവത്തോടെ കാണേണ്ടതല്ലേ.

എല്ലാ കാലത്തും മനുഷ്യരിൽ കുറച്ചു പേരെങ്കിലും ക്രൂരത കാണിച്ചിരുന്നു എന്ന് പറയാതിരിക്കാനാവില്ല. പക്ഷെ മറ്റുള്ളവരെ ഈ ന്യൂനപക്ഷം വിഷമിപ്പിച്ചിട്ടില്ല. ഇപ്പോൾ അവരുടെ ശതമാനം കൂടുന്നുവോ. അക്രമ വാസനക്ക് പിന്നിൽ സാമൂഹികവും, വ്യക്തിപരവുമായ കാരണങ്ങൾ ഉണ്ടാകാം. പക്ഷെ ഒപ്പം വർദ്ധിച്ചുവരുന്ന ലഹരി രോഗത്തെയും നമുക്ക് കാണാതിരിക്കാനാകുമോ? നമ്മുടെ മാധ്യമങ്ങളിലെ വയലൻസിനെയും മറക്കാനാകുമോ. വിവിധ വിനോദങ്ങൾ, മൊബൈൽ ഡിജിറ്റൽ, ഇന്റർനെറ്റുകൾ ഇവയൊക്കെ മാലിന്യം അരിച്ചു കളയാതെയല്ലേ ബുദ്ധി സ്വീകരിക്കുന്നത്. തിരിച്ചറിയാനുള്ള വിവരവും നമുക്ക് കൃത്യമായുണ്ടോ. ഇത് പത്തിരട്ടിയായിട്ടല്ലേ കുട്ടികളെ സ്വാധീനിക്കുന്നത്. ഓരോ ദിവസവും കുടിക്കുടി വരുന്ന ആത്മഹത്യകൾ വെറുതെ തള്ളിക്കളയാനാകുമോ. പ്രതിസന്ധിഘട്ടങ്ങളിലെ അതിജീവനം നമുക്ക് ചിന്തിക്കേണ്ടതല്ലേ. ചില കൃതികൾക്കുവരെ മനുഷ്യമനസ്സിനെ ആടിയുലയ്ക്കാൻ കഴിയുമെങ്കിൽ, സിനിമ പോലുള്ള ദൃശ്യമാധ്യമങ്ങൾക്ക് എന്താ ചെയ്യാനാകാത്തത്. ഏറെക്കാലമായി ഇതൊക്കെ പഠനവിധേയമായിരിക്കാം. പക്ഷെ ജീവിതത്തിലേക്ക് വെളിച്ചം കാട്ടിയിട്ടില്ല എന്നത് വർത്തമാനകാല ജീവിതം തെളിയിച്ചുകൊണ്ടേയിരിക്കുന്നു.

സത്യം പറഞ്ഞാൽ കുട്ടികളും യുവാക്കളും കാണുന്നതും കേൾക്കുന്നതും അറിയുന്നതും ഒരു പരിധിവരെ അവരെ സ്വാധീനിക്കും, അവരുടെ സ്വഭാവത്തിലും ഇതിന്റെ ചലനമുണ്ടാകും. തങ്ങൾ കണ്ടതും കേട്ടതും അവരിൽ ശരിതെറ്റുകളാകുന്നു. അതവരുടെ സ്വഭാവത്തിൽ പ്രതിഫലിക്കുന്നത് സ്വാഭാവികം. പഠനത്തിലും ഒളിഞ്ഞും തെളിഞ്ഞും ഇത് തെ

ളിയും. ഇത് അക്രമവാസന വളർത്തും, ഒപ്പം സഹാനുഭൂതി നഷ്ടമാവുകയും ചെയ്യും. ഇതാണോ നമ്മുടെ കുട്ടികളുടെ കൗമാരത്തെ മാറ്റിയത്? സ്വന്തം വീട്ടിനകത്തുപോലും നമ്മളിന്ന് സുരക്ഷിതരാണോ. കുറ്റകൃത്യപശ്ചാത്തലമില്ലാത്തവരും കൂടി കൊല, കൊടും കൊല, ക്രൂരമായി നടത്തുന്നു, കുറ്റബോധം പോലുമില്ലാതെ.

ഇതോടു ചേർത്ത് ചിന്തിക്കേണ്ട മറ്റൊരു വിഷയം കൂടിയുണ്ട്. വൈകാരിക ഉത്തരവാദിത്യമുള്ളവരായി രക്ഷിതാക്കൾ കുട്ടികളെ വളർത്താറുണ്ടോ? കോഡിങ് , ശാസ്ത്രം, ഗണിതശാസ്ത്രം ഇവയൊക്കെ വലിയ ഫീസ് കൊടുത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നു. എന്നാൽ കുടുംബാന്തരീക്ഷത്തിലെ യാഥാർത്ഥ്യങ്ങളെ അറിയാൻ, വൈകാരികാവസ്ഥകളെ മനസ്സിലാക്കാൻ, വെല്ലുവിളികളെ നേരിടാൻ, രക്ഷിതാക്കളെ അറിയാൻ തുടങ്ങിയതിനുള്ള അടിസ്ഥാന ശിക്ഷണം ഇന്ന് കുടുംബം കുട്ടികൾക്ക് നൽകുന്നുണ്ടോ?

ദാമ്പത്യത്തിലേക്ക് എത്തുമ്പോൾ കുടുംബത്തിലെ പ്രതികൂല സാഹചര്യങ്ങൾ, വിഷയങ്ങൾ ഇതൊക്കെ ക്ഷമയോടെ എങ്ങനെ നേരിടാം. രക്ഷിതാക്കൾക്ക് എങ്ങനെ ഇടപെടാം ഇതൊന്നും രക്ഷിതാക്കൾക്ക് പ്രശ്നമല്ലാതായിരിക്കുന്നു. കുടുംബം എന്ന് പറയുന്നത് ജനാധിപത്യമാകാതിരിക്കുമ്പോൾ ദാമ്പത്യത്തിൽ വിള്ളലും കുടുംബങ്ങളിൽ യുദ്ധഭൂമികളുണ്ടാകുകയും സ്വാഭാവികം. എന്നിട്ട് അവസാനം ബന്ധങ്ങൾ അറുത്തുമുറിക്കുന്നത് പോലും പ്രതികാര നടപടി എന്ന നിലയ്ക്കാണ്. നമ്മുടെ ബന്ധങ്ങൾക്ക് എന്താണ് പറ്റിയത്? പ്രണയമല്ല വിവാഹം എന്നറിയാതെയാണ് പലപ്പോഴും ദാമ്പത്യം ആരംഭിക്കുന്നത്. ഇതുകൊണ്ടെന്താ മാസങ്ങൾ പിന്നിട്ട് വിവാഹജീവിതം തുടങ്ങുമ്പോൾ കുടുംബങ്ങളിൽ പീഡനങ്ങൾ, ആത്മഹത്യകൾ തുടങ്ങിയവ സാമൂഹിക പ്രശ്നങ്ങളായി മാറുന്നു. അതേ സമയം ഈ അവസ്ഥയിലേക്കെത്തിക്കുന്ന വൈകാരിക അപക്വത, ആശയവിനിമയ ക്ഷാമം, മാനസിക തകരാറുകൾ, തെറ്റിദ്ധാരണകൾ ഇവയെയൊന്നും നാം ഗൗനിക്കുന്നുമില്ല. നിത്യജീവിത സംഭാഷണത്തിൽ പോലും ഇതിനൊന്നും സ്ഥാനം കാണുന്നില്ല. പിന്നെ കുട്ടികൾ അബദ്ധങ്ങൾ കാണിക്കുമ്പോൾ മാത്രം അട്ടഹസിക്കുന്നതെന്തിനാ?

എന്താണ് നമ്മൾ കുട്ടികളെ ഇക്കാലത്ത് പഠിപ്പിക്കുന്നത്?. ഉയർന്ന മാർക്ക്, വലിയ ജോലി, സ്റ്റാറ്റസ്സില്ലേ സ്റ്റാറ്റസ്, അതിനു പറ്റിയ ഭാര്യ, ജീവിതം എങ്ങനെയെങ്കിലും പ്രൗഢിയോട് നയിക്കാനും അല്ലേ? ഇതൊക്കെ വേണം, എന്നാലും ഇതോടൊപ്പം ജീവിത പ്രശ്നങ്ങളെ ക്ഷമയോടെ നോക്കിക്കണ്ട് പരിഹരിക്കാനും പരസ്പരം കുറ്റപ്പെടുത്താതെയും കാര്യങ്ങൾ ഒളിക്കാതെ പറയാനും കുട്ടികൾക്ക് ഇന്ന് കുടുംബങ്ങളിൽ അവസരമേ കിട്ടുന്നില്ല. ഇതൊന്നും അനുസരിക്കാനും മനസ്സിലാക്കാനും കുട്ടികൾക്കുമറിയില്ല. എല്ലാം കൊടുത്ത് ഇഷ്ടത്തിനൊത്ത് വളർത്തുന്ന കുട്ടികളെ സാമ്പത്തിക അച്ചടക്കം, പണം ചിലവാക്കേണ്ട വിധം ഇതൊന്നും രക്ഷിതാക്കൾ പഠിപ്പിക്കില്ല. അപ്പോൾ അതൊന്നും കുട്ടികൾക്ക് അറിയില്ല. വിവാഹ ബന്ധത്തിൽ കോളിളക്കങ്ങൾ ഉണ്ടായി തുടങ്ങുമ്പോൾ ബന്ധുക്കൾ നല്ലരീതിയിൽ ഇടപെടുകയില്ല. പുരുഷനോ സ്ത്രീയോ ഒറ്റപ്പെടുമ്പോൾ പക്ഷം പിടിക്കലാണ് ഇന്ന് കാണുന്നത്. നിങ്ങളുടെ കാര്യം നിങ്ങൾ തന്നെ ശരിയാക്കൂ എന്ന് പറഞ്ഞൊഴിയുന്ന രക്ഷിതാക്കളും ഏറെ. ഇത് കാര്യങ്ങൾ കൂടുതൽ വഷളാക്കും. പിന്നെ കോടതികൾ കയറിയിറങ്ങൽ. കോടതിയിൽ വൈകാരികതയ്ക്കല്ല, രേഖകൾക്കും തെളിവുകൾക്കുമാണ് പ്രാധാന്യം. ഇന്നൊക്കെ ദാമ്പത്യം പ്രതികാര ചിന്തക്ക് മുന്നിൽ വിസ്മരിക്കുന്നു.

ഇന്ന് കൂടിക്കൂടി വരുന്ന വിവാഹ മോചനങ്ങൾ, ക്രൂരതകൾ, കുറ്റകൃത്യങ്ങൾ, മരണങ്ങൾ ഇവയ്ക്കെല്ലാം കാരണം കുടുംബ

ബന്ധങ്ങളുടെ അറിവില്ലായ്മ തന്നെയാണ്. ഇതിൽ രക്ഷിതാക്കൾക്കും, ബന്ധുക്കൾക്കും മതാദ്ധ്യക്ഷന്മാർക്കും ഒക്കെ ഉത്തരവാദിത്വമില്ലേ. പറഞ്ഞത് കേൾക്കാനും, കുടുംബത്തിന്റെ അഭിമാനവും, സംസ്കാരവും നോക്കാനും ചോദിക്കാതെ അനുസരിക്കാനും എല്ലാറ്റിനും പുറമെ സഹിക്കാനുമാണ് എല്ലാവരുടെയും ഉപദേശം. ഈ ശിക്ഷണം ചെറുപ്രായത്തിലേ കിട്ടികൊണ്ടിരിക്കുകയാണ്. ആൺകുട്ടികൾ പലതും കടിച്ചമർത്തി കുടുംബത്തിൽ വരുമാനമുണ്ടാക്കുമ്പോൾ പെൺകുട്ടികൾ വഴങ്ങുന്ന മൗനികളാകുന്നു, സഹിക്കുന്നു.

അപ്പോൾ, സത്യത്തിൽ കുടുംബങ്ങൾ, രക്ഷിതാക്കൾ എന്താണ് ചെയ്യേണ്ടത്? സാങ്കേതികത അനുനിമിഷം വളരുന്ന ഈ നൂറ്റാണ്ടിൽ എങ്ങനെ ദമ്പതികൾ ആരോഗ്യകരമായി ജീവി ക്കണം, ബന്ധുക്കളെ തുറന്ന മനസ്സോടെ എങ്ങനെ കാണണം, ചീത്ത ബന്ധങ്ങളെ എങ്ങനെ പിഴുതെറിയണം ഒരു നിവൃത്തിയുമില്ലെങ്കിൽ മാന്യമായി എങ്ങനെ പിരിയണം ഇതെല്ലാം കുട്ടികളെ കുടുംബം പഠിപ്പിക്കണം. അപ്പോൾ സ്വാഭാവികമായും കുടുംബങ്ങൾ ജനാധിപത്യപരമാവില്ലേ. നമ്മുടെ വീടുകളിലൊക്കെ ഈ പരിശീലനം തലമുറ നല്കിയില്ലെങ്കിൽ കുടുംബ കോടതികളുടെ മുറ്റം നിറയും. ഒരു കാര്യം തീർച്ച. നിയമങ്ങളും കോടതികളും മാനസിക വ്രണങ്ങൾക്ക്  മരുന്ന് തരില്ല. എന്ന് മാത്രവുമല്ല കേസുകൾ ഒരിക്കലും പെട്ടെന്ന് തീരില്ല. അവർ കേസ് പഠിച്ച് വിധിയിലേക്കെത്തുമ്പോൾ ദാമ്പത്യം ദാരുണാവസ്ഥയിലാകും. മാത്രമോ, സാമ്പത്തികനഷ്ടവും, അപമാനവും അനുഭവം.  ഇതിലേക്കൊന്നും ചെറുപ്പക്കാരെ തള്ളിവിടാതെ ജീവിത മൂല്യങ്ങൾ വ്യക്തമാക്കി, അംഗീകരിച്ച്, വൈകാരിക ക്ഷമതയിലേക്ക് രക്ഷിതാക്കൾ എത്ര ക്ലേശിച്ചാലും അവരെ നയിക്കണം. ഇതിലേക്ക് അവരെ എത്തിക്കേണ്ടത് നീതിപീഠമല്ല. രക്ഷിതാക്കളും, അദ്ധ്യാപകരും തന്നെയാണ്. അവർക്കുള്ള ക്ഷമയും ത്യാഗമനസ്സും തളരാതിരിക്കട്ടെ.

നമ്മൾ എന്താണ് ചെയ്യേണ്ടത്? കുട്ടികൾ നമ്മുടെ രക്തമാണ്. അവരുടെ വികാരങ്ങളെ നിസ്സാരമാക്കി തള്ളരുതേ. തുറന്നു പറയാം, ചേർത്ത് പിടിക്കാം, പാരമ്പര്യങ്ങളെ തല്ക്കാലം മറക്കാം, കാരണം പാരമ്പര്യാധിഷ്ഠിത കുടുംബങ്ങൾ ജനാധിപത്യപരമാകില്ല. അപ്പോൾ കുടുംബ ബന്ധങ്ങൾ പിടിച്ചാൽ കിട്ടാത്ത വിധം തകർന്നു പോകും. പിന്നെ നിയമത്തിനും പിടികിട്ടാത്ത വിധം അവർ അകന്നു പോകും. നമുക്കൊരിക്കലും, മാതാപിതാക്കളേ , നിയമ പീഠങ്ങളോട് നിങ്ങൾ എന്തുകൊണ്ട് വൈകാരികമായി ബന്ധുക്കളെ രക്ഷിക്കുന്നില്ല എന്ന് ചോദിക്കാനാവില്ല, കാരണം അത് ശാസ്ത്രീയമാണ്, സത്യമാണ്, ധർമ്മമാണ്. നമുക്കിതാണ് ചിന്തിക്കാനുള്ളത്, വിശേഷിച്ചും ഈ നൂറ്റാണ്ടിൽ, അതായത് മനുഷ്യൻ എന്തുകൊണ്ടാണ് പരസ്പരം തമ്മിൽ തല്ലി തോൽക്കുന്നതെന്ന്? ചിന്തിക്കുക, കുടുംബങ്ങൾ, രക്ഷിതാക്കൾ. ■

---

(28-ാം പേജിന്റെ തുടർച്ച...)

ഞാൻ അനുവദിക്കരുത്. പതിനഞ്ചു വർഷത്തിൽ കൂടുതൽ പഴക്കമുള്ള പെട്രോൾ വാഹനങ്ങളും നിരോധിക്കണം.

- ഇലക്ട്രിക് വാഹനങ്ങൾ, പ്രകൃതിവാതകം, ഹൈഡ്രജൻ വാതകം എന്നിവ കൊണ്ട് പ്രവർത്തിക്കുന്ന വാഹനങ്ങൾ മാത്രമേ റോഡിലിറങ്ങാൻ അനുവദിക്കാവൂ. ഇത്തരം വാഹനങ്ങൾ നിർമ്മിക്കുന്നവർക്കു വേണ്ട നികുതിയിളവുകൾ നൽകാൻ സർക്കാരുകൾ തയ്യാറാവണം.
- കാൽ നടക്കാർക്കും, സൈക്കിൾ യാത്രക്കാർക്കും പ്രത്യേകം പാതകൾ മാറ്റിവക്കണം.
- റയിൽ ഗതാഗതം, ജലഗതാഗതം എന്നിവ പൂർണ്ണമായി ഉപയോഗിക്കുന്നതോടെ കാർബൺ പുറംതള്ളൽ നല്ലയളവിൽ തന്നെ കുറയുന്നതാണ് ഡീസൽ, പെട്രോൾ വാഹനങ്ങളുടെ യാത്രകളും അവസാനിക്കുന്നതോടെ ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലും, പൊടി, പുക എന്നിവയിൽ വളരെയധികം കുറവുണ്ടാകുന്നതുമാണ്.

(തുടരും.....)

യാത്രാ വിവരണം

# അസർബൈജാൻ യാത്ര...

ആരതി - 9388602778

(തുടർച്ച.....)

*ആറാം ദിവസം*

രാവിലെ തന്നെ ഞങ്ങൾ ഇറങ്ങി ജോർജിയൻ ബോർഡർ ക്രോസ്സ് ചെയ്യേണ്ടതുകൊണ്ട്, അത്യാവശ്യമായിട്ട് ഗൈഡ് ബ്രീഫ് ചെയ്തിരുന്നു എന്തെല്ലാമാണ് കയ്യിൽ കരുതേണ്ടതെന്നും മറ്റും. കുറച്ച് ബുദ്ധിമുട്ടാണെന്നാണ് പറഞ്ഞത്. ജോർജിയൻ വിസ ഉണ്ടെങ്കിൽ കൂടി ചിലപ്പോൾ അവർ അവിടെ ചോദ്യങ്ങളൊക്കെ ചോദിച്ച് നമ്മളെ ബുദ്ധിമുട്ടിക്കാൻ സാധ്യതയുണ്ടെന്ന് പറഞ്ഞതുകൊണ്ട് എല്ലാവരും അത്യാവശ്യം കെയർഫുൾ ആയിരുന്നു. ഹോട്ടലിൽ നിന്നു തന്നെ documents റീ ചെക്ക് ചെയ്തിട്ടാണ് പോയത്. രണ്ടു പേർക്ക് ജോർജിയൻ വിസ കിട്ടിയിരുന്നില്ല, അന്ന് രാവിലെ വരെ അവർ വെയ്റ്റ് ചെയ്തു. പക്ഷേ അതിലൊരാൾക്ക് കിട്ടിയതേയില്ല. ഒരു ആളുടേത് പാസ്സായി വന്നിരുന്നു രാവിലെ ആയപ്പോഴേയ്ക്കും. അവർ നമ്മുടെ കൂടെ ബസ്സിൽ വന്ന് ബോഡർ വരെ പോയിട്ട് ദുബായ് വിസ കൂടി അപ്ലെ ചെയ്തിട്ടുണ്ടായിരുന്നു. അതുവഴി കൂടി ഒന്നു try ചെയ്തിട്ട് പറ്റിയാൽ അവർ നമ്മുടെ ഗ്രൂപ്പിന്റെ കൂടെ Join ചെയ്യുമെന്ന് പറഞ്ഞു, അല്ലെങ്കിൽ അവർക്ക് തിരിച്ച് ബാക്കുവിൽ പോയി അവിടന്ന് ടിക്കറ്റ് എടുത്ത് തിരിച്ച് പോകേണ്ടി വരുമെന്നൊരു സങ്കടം ഉണ്ടായിരുന്നു, അവരുടെ കാര്യത്തിൽ. എന്തായാലും അവിടെ നിന്ന് ഞങ്ങളെല്ലാവരും നേരെ കിഷ് ചർച്ചിലേക്ക് യാത്രയായി. അവിടേക്ക് വളരെ ചെറിയ വഴിയായതുകൊണ്ട് ബസ് ഒരു സ്ഥലത്ത് നിർത്തിയിട്ട് ടാക്സിയിലാണ് കിഷ് ചർച്ചിലേക്ക് പോയത്. അത് വളരെ പഴയ ഒരു ചർച്ച് ആണ്. പഴയ കൊക്കേഷ്യൻ അർബേനിയയുടെ ചർച്ച് ആണ്. One of the first churches in the Cocus region. എന്നാണവർ പറയുന്നത്, അത് ഒരു പഴയ ചെറിയ ചർച്ച് ആണ്. അന്ന് ക്രിസ്റ്റ്യാനിറ്റിയുടെ തുടക്കം ആണല്ലോ എല്ലാം വളരെ സിമ്പിൾ ആയിരുന്നു. പഴയ യൂറോപ്യൻ ചർച്ചസ് പോലെ ഭയങ്കര ഇലാബറേറ്റ് ആയിട്ടൊന്നും നമ്മൾക്ക് കാണാനില്ല, വളരെ ചെറുതാണ്. അതിനുള്ളിൽ കുറേ സ്കെലിറ്റൻ റിമെയിൻസ് ഒക്കെ ഇപ്പോ ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് എസ്കവേറ്റ് ചെയ്ത് എടുത്തിട്ടുണ്ട്. അതും അവിടെ ഡിസ്പ്ലെ ചെയ്തിട്ടുണ്ട്. ചിലർ പറയുന്നത് സൊറാസ്ട്രിയൻ ടെമ്പിൾ എന്നാണ് ക്രിസ്റ്റ്യാനിറ്റി വന്നപ്പോൾ അവർ ഏറ്റെടുത്തതാണെന്ന് ഒരു വിഭാഗം പറയുന്ന കഥയുണ്ട്. വാസ്തവം നമുക്കറിയില്ല. ഇപ്പോൾ അത് അറിയപ്പെടുന്നത് ചർച്ച് ആയിട്ടാണ്, കിഷ് ചർച്ച്. കിഷ് എന്നു പറയുന്നത് അവിടുത്തെ വില്ലേജ് ആണ് അവിടത്തെ നദിയുടെ പേരും കിഷ് എന്നാണ്. വളരെ സുന്ദരമായ സ്ഥലമാണ് ഫുൾ കോക്കസ് റെയ്ഞ്ച് ഓഫ് മൗണ്ടൻസ് ആണ്. ഇനി അങ്ങോട്ട് ജോർജിയയിൽ മുഴുവനും ഇതു തന്നെയാണ് കാണാൻ പോകുന്നത്. എല്ലാ മലയുടെ മുകളിലും ഒരോ ചർച്ച് നമുക്ക് കാണാം, ഈ കിഷ് ചർച്ചിനുള്ളിൽ ഒരു ചുവർ (wall ) ഉണ്ട്. ആ ചുവരിൽ നമ്മൾ coin ഘടിപ്പിച്ച് വയ്ക്കുമ്പോൾ അത് അവിടെ ഒട്ടി ഇരുന്നാൽ നമ്മുടെ ആഗ്രഹം സാധിക്കുമെന്നാണ് വിശ്വാസം. പലരും coin ഒക്കെ കൊണ്ടുവന്ന് ശ്രമിച്ചു നോക്കി. നമ്മുടെ ഗൈഡ് നിഗാർ നോക്കിയിട്ട് അത് ഒട്ടിപ്പിടിക്കാത്തതുകൊണ്ട് അവിടത്തെ ഒരു ലോക്കൽ ലേഡി

യോട് പറഞ്ഞ് അവർ വന്ന് രണ്ടു മൂന്നു പേരുടെ coin അവിടെ ഒട്ടിക്കുകയും ചെയ്തു. ബാക്കിയുള്ളവരുടെ coins എല്ലാം താഴെ വീണു. വളരെ ചെറിയ ചർച്ച് ആണെങ്കിലും പുറത്ത് മനോഹരമായ ഗാർഡനൊക്കെ ഉണ്ടായിരുന്നു. നേരെ ജോർജിയൻ ബോഡറിലോട്ട് പോകുന്നതുകൊണ്ട് എല്ലാവരോടും വാഷ് റൂമിലൊക്കെ പോയി തയ്യാറായി ഇറങ്ങാൻ പറഞ്ഞു. ചുറ്റും മലനിരകളായതുകൊണ്ട് മനോഹരമായ സ്ഥലങ്ങളാണ്, നല്ല ഭംഗിയാണ്. പലരും ഫോട്ടോസൊക്കെ എടുത്ത ശേഷം ചർച്ചിനുള്ളിൽ കയറി കാര്യങ്ങളൊക്കെ ചെയ്ത ശേഷം തിരിച്ച് കാറിൽ കയറി നമ്മുടെ ബസ്സ് പാർക്ക് ചെയ്യുന്നിടത്ത് എത്തി. ഷെയ്കി പൊതുവെ മനോരമായ സ്ഥലമായതിനാൽ തന്നെ ഈ ചർച്ചും കാണാൻ നല്ല ഭംഗിയാണ്. നിൽക്കുന്നതും mountain top -ൽ ആയതിനാൽ അതിന്റെ ചുറ്റുപാടും കാണാൻ വളരെ ഭംഗിയാണ്. അങ്ങിനെ ഞങ്ങൾ ബസ്സിലെത്തി. ഇനി അടുത്ത കടമ്പയായ ജോർജിയൻ ബോർഡർ കടക്കുക എന്നതിനായി എല്ലാവരും തയ്യാറെടുത്തു.

ജോർജിയൻ ബോർഡറായ ലാഗോ ദേഖിയിൽ അതായത് ജോർജിയൻ ബോർഡർ വരെ ബസ്സ് വന്നു. അവിടന്ന് പെട്ടിയെടുത്ത് നടക്കണമായിരുന്നു. ഒരു ചെറിയ വഴിയാണ്, നല്ല ദൂരം ഉണ്ട്. പ്രായമായവർക്കൊക്കെ ബുദ്ധിമുട്ട് തോന്നി. നേരെ നമ്മൾ ചെന്നത് അസർബൈജാൻ ഔട്ടിൽ. അവിടെ, നമ്മുടെ പെട്ടികളൊക്കെ ചെക്ക് ചെയ്ത ശേഷം അവരുടെ ആളുകൾ വന്ന് നമ്മുടെ അസർബൈജാനി പാസ്പോർട്ടും ജോർജിയൻ പാസ്പോർട്ടും നോക്കി, പിന്നേം അത്ര തന്നെ ദൂരം പെട്ടികൾ വലിച്ചു കൊണ്ട് ജോർജിയൻ ചെക്ക് പോസ്റ്റിലോട്ട് പോയി. ജോർജിയൻ ചെക്ക് പോസ്റ്റിലും അവരുടെ ഔട്ട് കഴിഞ്ഞ ശേഷം ഞങ്ങൾ വെയ്റ്റ് ചെയ്തു ഞങ്ങളുടെ പെട്ടികളൊക്കെ ചെക്ക് ചെയ്ത ശേഷം പാസ്സ്പോർട്ട് സ്റ്റാമ്പിങ്ങിനായി വിളിക്കുകയായിരുന്നു. നോർമൽ പ്രോസസ് ഫോട്ടോയൊക്കെ എടുത്ത് പാസ്പോർട്ട് വെരിഫിക്കേഷനൊക്കെ കഴിഞ്ഞു. വിചാരിച്ച പോലെ അത്ര ബുദ്ധിമുട്ട് അവിടെ ഉണ്ടായിരുന്നില്ലെങ്കിലും ഈ പെട്ടികൾ വലിച്ചു കൊണ്ട് നടക്കലൊരു ബുദ്ധിമുട്ടായിരുന്നു. എയർപോർട്ടിലെ പോലെ അത്ര സുതാര്യമായിരുന്നില്ല കാര്യങ്ങൾ. അതൊക്കെ കഴിഞ്ഞ് ഞങ്ങൾ ബസ്സിൽ കയറി. ഒരു കേസ് പറഞ്ഞിരുന്നല്ലോ ? അവർക്ക് വിസ കിട്ടുമോ എന്നതിനു വേണ്ടി ഞങ്ങൾ വെയ്റ്റ് ചെയ്തു. പിന്നെ റിസ്ക് എടുക്കാൻ പറ്റാത്ത ഒരു സ്റ്റേജ് ആയതിനാൽ, ആ ഫാമിലി മാത്രം തിരികെ നമ്മുടെ ബസ്സിൽ തന്നെ ബാക്കുവിൽ പോയി അവിടെ ഒരുദിവസം Stay ചെയ്തിട്ട് തിരിച്ചു പോയി. അങ്ങിനെ അവരു മാത്രം ഞങ്ങളുടെ കൂടെ ഇല്ലാത്തതൊരു സങ്കടമായിരുന്നു. ഇത്രയും ദിവസം ഞങ്ങളുടെ കൂടെ ഉണ്ടായിട്ട് ആ ഒരു ഫാമിലിക്ക് മാത്രം എല്ലാവരുടെയും കൂടെ ജോർജിയയിലേക്ക് വരാൻ സാധിച്ചില്ല. ജോർജിയൻ ബോർഡറിൽ നിന്നും നേരെ ഹോട്ടലിലേക്കാണ് ചെക്ക് ഇൻ ചെയതത്. ഹോട്ടൽ വിൻറ്റെയിൻ ഗാർഡൻ റ്റിബിലിസി ആയിരുന്നു. Correct central ൽ തന്നെ. തുടർന്നുള്ള 5 ദിവസവും ഈ ഹോട്ടലിൽ തന്നെ ആയിരുന്നു, കുറേ സമാധാനം ഉണ്ടായിരുന്നു. പാക്കിംഗ് കുറേ ഒഴിവാക്കാനായി. ഉച്ചയോടെ ഹോട്ടലിൽ എത്തുമെന്നാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ഇതെല്ലാം കഴിഞ്ഞ് എത്തിയത് ഏകദേശം വൈകുന്നേരമാണ്. അന്ന് ഞങ്ങൾ ഹോട്ടലിൽ ചെക്ക് ഇൻ ചെയ്തെങ്കിലും അധിക സമയം ഉണ്ടായിരുന്നില്ല. അതുകൊണ്ട് പിറ്റേ ദിവസമാണ് ജോർജിയൻ സിറ്റി ടൂർ വെച്ചിരുന്നത്. ഞങ്ങളുടെ ഹോട്ടൽ ഹാർട്ട് ഓഫ് ദ സിറ്റിയിൽ തന്നെയായിരുന്നു. അതുകൊണ്ട് അടുത്ത് ചെറിയ ഷോപ്പിംങ്ങിനും സൂപ്പർ മാർക്കറ്റിലുമൊക്കെ പോകാൻ ആളുകൾക്ക് എളുപ്പ

മായിരുന്നു. അവിടുത്തെ കറൻസി ലാരി ആണ് ജോർജിയൻ lari, ഏതാണ്ട് 31 or 32 രൂപയുടെ റേഞ്ചിലാണ് മൂല്യം. ഇന്ത്യയെ അപേക്ഷിച്ച് കുറച്ചു കൂടി Expensive ആണ്. ഒരു യൂറോപ്യൻ ടച്ച് ഉള്ള രാജ്യമായതുകൊണ്ട്. കൂടുതൽ നോക്കി കഴിഞ്ഞാൽ ഒരു സോവിയറ്റ് ലെവൽസ് ഒന്നും നമ്മൾ അതിൽ കാണുന്നില്ല. യൂറോപ്യൻ trend-ൽ ആണ് അവർ പോകുന്നത്. ഗൈഡ്സിനോടൊക്കെ ചോദിച്ചാലും young sters ഒക്കെ അങ്ങിനെ തന്നെയാണെന്നാണ്, പറയുന്നത്. They want to be a part of NATO അങ്ങനെ ആവാനുള്ള ശ്രമമാണവരവിടെ നടത്തുന്നത്. എന്നാൽ ഇക്കാര്യത്തിൽ റഷ്യക്ക് ശക്തമായ എതിർപ്പാണുള്ളത്. ഇപ്പോഴത്തെ ഭരണകൂടത്തിന് കുറച്ച് റഷ്യൻ ടച്ച് ഉണ്ട് എന്ന് തോന്നുന്നു അതുകൊണ്ട്, There is a little bit of dissatisfaction among the Youngsters എന്നാണ് ഞങ്ങളുടെ ഗൈഡിൽ നിന്നും മനസ്സിലായത്. ജോർജിയ തിബിലീസിൽ ആയതുകൊണ്ട് തിബിലീസ് sorounded by mountain ranges ആണ്. കാണാൻ നല്ല ഭംഗിയുള്ള സ്ഥലമാണ്. പ്രത്യേകത എന്താണെന്നു വച്ചാൽ എല്ലാ മലയുടെ മുകളിലും ഒരു പള്ളിയുണ്ട്. ഒരു പാട് പള്ളികളുണ്ട്. നമ്മുടെ day tour ലും ഇഷ്ടം പോലെ പള്ളികൾ കണ്ടു. പള്ളികൾക്കൊക്കെ ഏകദേശം ഒരേ ലവലിലുള്ള ആർക്കിടെക്ച്ചർ തന്നെയാണ് കാണുന്നത്, നേരത്തെ കണ്ട കിഷ് ചർച്ചിന്റെ പോലെ തന്നെ. ജോർജിയ യഥാർത്ഥത്തിൽ USSR ന്റെ ഒരു ഭാഗം തന്നെയായിരുന്നു, 1991-ൽ ആണ് സ്വാതന്ത്ര്യം ലഭിച്ചത്. സ്വാതന്ത്ര്യം കിട്ടുന്നതുവരെ. ജോർജിയ eastern Europe നേയും Asia യെയും ബന്ധിപ്പിക്കുന്ന രാജ്യമായിരുന്നു. അതിന്റെ ഒരു വശത്ത് Black sea പിന്നെ റഷ്യ നോർത്തിലുണ്ട്, Turkey Sou th, West - അർമേനിയ ആണ്. താഴെ പിന്നെ അസർബൈജാൻ തെക്കുപടിഞ്ഞാറും വ്യത്യാസം എന്താന്നു വച്ചാൽ നമ്മൾ അസർബൈജാനിൽ നിന്നും നോക്കുമ്പോൾ അതൊരു മുസ്ലീം രാജ്യം, അവിടെ wall ഒന്നും ഇല്ല, ഇവിടെ ജോർജിയയിൽ ഇടയ്ക്കിടക്ക് wall -ൽ വലിയ Writings ഒക്കെ കാണാം, അവരുടെ ഭാഷയിൽ ആണ് എന്താണെന്നൊന്നും മനസ്സിലായില്ല, Expression കൊണ്ട് കൂടുതൽ ആണെന്നു തോന്നി. ജോർജിയ ക്രിസ്ത്യൻ ഡോമിനേറ്റട് രാജ്യമാണ്. ഏകദേശം 90% ക്രിസ്ത്യൻ ജനങ്ങളാണ് കുറച്ച് മുസ്ലീംസും ഉണ്ട്. ഹിസ്റ്ററി നമ്മൾ നോക്കുകയാണെങ്കിൽ 1991ൽ USSR-ൽ നിന്നും അത് വിട്ടു പോന്നെങ്കിലും ITTA യുടെ USSR നോട് ഒരു ally പോലുള്ള ഗവൺമെൻറ് ആയിരുന്നു ഇവിടെ ഉണ്ടായിരുന്നത്. പക്ഷേ അത് ഭയങ്കര Corrupt ഉം ഇക്കണോമിക്കലി വളരെ താഴെയും ആയപ്പോൾ ആണ് അവിടെ റോസ് റവലൂഷൻ എന്ന ഒരു വിപ്ലവം ഉണ്ടായി. 2003 -ൽ ഈ റവല്യൂഷൻ വന്നിട്ട് all most വളരെ Bankrupt ആവുന്ന level- ൽ നിന്നിരുന്ന ആ ജോർജിയൻ ഇക്കണോമിയെ ഈ ഒരു റവല്യൂഷനിലൂടെയും US ഫണ്ടിങ്ങിലൂടെയും പിടിച്ചു നിർത്തി എന്നാണ് പറയുന്നത്. ഒരു NGO വഴിയാണ് ഈ റവല്യൂഷൻ നടത്തിയത്. എന്തായാലും Economy was very bad. അതിനെ വട്ടപൂജ്യത്തിൽ നിന്നും കരകയറ്റി MFA യിലോട്ട് കൊണ്ടുവന്നു. ഇന്നിപ്പോൾ മോശമല്ലാത്ത level of living ആണ്. ആ രാജ്യത്തിനു കൊടുത്തിരിക്കുന്നത് ആ റവല്യൂഷനിലൂടെയാണ്. Corruption ഒരു മാതിരിയൊക്കെ മാറ്റാൻ പറ്റിയെന്നാണ് അവർ അവകാശപ്പെടുന്നത്. ഇന്ന് GDP around എടുക്കുകയാണെങ്കിൽ അതിന്റെ Bankruptcy -ൽ നിന്നും ഇന്ന് 99th position-ലേക്ക് വരാൻ സാധിച്ചിട്ടുണ്ടെങ്കിൽ ആ ഒരു രാജ്യത്തെ റോസ് റവല്യൂഷൻ കാര്യമായി ഇഫക്ട് ചെയ്തിട്ടുണ്ടെന്നാണ് കാണേണ്ടത് .

(തുടരും.....)

# സ്വാമിദാസന്റെ ചായക്കട

പ്രീത ജയകുമാർ – 8319638274

യൂണിവേഴ്സിറ്റിയുടെ വിശാലമായ ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ ഓരം ചേർന്നുള്ള വീതികുറഞ്ഞ റോഡിന്റെ എതിർവശത്തായിരുന്നു സ്വാമിദാസിന്റെ ചായക്കട. കുടുസ്സായ ഒരു ചെറിയ മുറി. കാലുകളിളകുന്ന, പഴകി ദ്രവിച്ച ഒരു ഡെസ്കും അതിന്മേൽ 'നൂതൻ' കമ്പനിയുടെ ആദ്യത്തെ ബാച്ചിൽ പാസ് ഓട്ട് ആയ മഞ്ഞയും ചുവപ്പും പെയിന്റടിച്ച, ഇപ്പോഴും പെൻഷൻ പറ്റാത്ത ഒരു മണ്ണെണ്ണ തിരി സ്റ്റൗവും. പിന്നെ ഫാരക്സും ലാക്ടോജനും എന്നോ ചുമന്നിരുന്നുവെന്ന പ്രൗഡി കാണിക്കുന്ന, തുരുമ്പു പിടിച്ച രണ്ടോ മൂന്നോ തകര ടിന്നുകൾ (ചായപ്പൊടിയും പഞ്ചസാരയുമാണതിൽ), പുതുമോടി പോകാത്ത ഒരു മിൽക്ക് പൗഡറിന്റെ ടിൻ ഇവയെല്ലാമാണ് ആ ഡെസ്കിനെ അലങ്കരിച്ചിരുന്ന മറ്റു സാമഗ്രികൾ. തുടർച്ചയായുള്ള ഉപയോഗവും പരിചരണക്കുറവും അടിച്ചേൽപ്പിച്ച ക്ഷതങ്ങളാണ് ഡെസ്ക് എന്ന ആ വയോധികന്റെ ദേഹമാസകലവും. ദ്രവിച്ചു കൊണ്ടിരിക്കുന്ന കാലുകളെ താങ്ങാനെന്നോണം ഒരു മണ്ണെണ്ണ പാട്ടയും ഈയം പൂശിയ പഴയ ഒരു ചെമ്പും ചേർത്തുവെച്ചിരിക്കുന്നു. എങ്ങനെയായാലും സ്വാമിദാസിന്റെ ചായയ്ക്ക് നല്ല ഡിമാൻഡാണ്. ഡസ്കിന്റെ ഓരം ചേർന്ന് അടുക്കിവെച്ചിരിക്കുന്ന കൊച്ചുകൊച്ചു പിഞ്ഞാണ കോപ്പകളിൽ മണ്ണിന്റെ നിറമുള്ള രണ്ടുസിപ്പു കടുപ്പമേറിയ ചായ ഏവർക്കും അഭികാമ്യം. പ്രമേഹരോഗികൾക്കും സേവിക്കാവുന്ന ചായ. വെളുക്കാൻ മടിക്കുന്ന മുഷിഞ്ഞ മുണ്ടിന്റെ മനോഭാവത്തോടെ അറച്ചു നിൽക്കുന്ന പാൽപ്പൊടി.

ഓപ്പൺ എയർ ഓഡിറ്ററിയം കുറുകെ മുറിച്ചു കടന്നാൽ യൂണിവേഴ്സിറ്റിയുടെ സമ്പൽ സമൃദ്ധമായ വായനശാലയാണ്. തരം തിരിച്ചു വേർപെടുത്തിയിരിക്കുന്ന വായനാമുറികളും, പാഠ്യേതര വിഷയങ്ങളുടെ ആവശ്യാനുചിതമായ വിവിധ വിഭാഗങ്ങളും, ന്യൂസ് പേപ്പർ സെക്ഷനും, പീരിയോഡിക്കൽസും എന്നുവേണ്ട ബൃഹത്തായ ഒരു ശേഖരം തന്നെയുണ്ട് അവിടെ. മൂന്നു നിലകളിലായി സ്ഥിതിചെയ്യുന്ന ആ പുസ്തകശാലയുടെ വാതായനങ്ങൾ തുറക്കുന്നത് ലൈഫ് സയൻസ് വിഭാഗത്തിന്റെ പുൽത്തകിടിയിലേക്കാണ്. ജനാലയോട് ചേർത്തിട്ടിരിക്കുന്ന ക്യൂബിക്കിളുകൾ യുവമിഥുനങ്ങൾക്ക് കിന്നരിക്കാൻ ഏറ്റവും അനുയോജ്യമായ ഇടമാണ്. അതിന്റെ ലൊക്കേഷൻ ആവും അതിന് കാരണം. ഏറെ നേരം ഇരുന്നു മുഷിയുമ്പോൾ നേരെ, അധികം ദൂരത്തല്ലാത്ത സ്വാമിദാസിന്റെ ചായക്കടയിലേക്ക് വായനക്കെത്തിയവർ വെച്ചുപിടിക്കും. നാലായിരത്തിൽ പരം ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ മുക്കിലും മൂലയിലും ചായക്കടകളുണ്ട്. എന്നാലും സ്വാമിദാസിന്റെ ചായക്കടയിലെ തിരക്ക് വേറെയെങ്ങുമില്ല. കടയ്ക്കു മുന്നിലായുള്ള പൊക്കം കുറഞ്ഞതെങ്കിലും പടർന്നു പന്തലിച്ച വൃക്ഷച്ചുവട്ടിലെ സിമന്റ് കഷ്ണങ്ങൾ കൂട്ടി വെച്ചുണ്ടാക്കിയ ഇരിപ്പിടങ്ങൾ. അവയിൽ 'കസേരകളി' പോലെ സീറ്റിനായി കാത്തുനിൽക്കുന്ന പതിവുകാർ. സീറ്റു കിട്ടാത്ത നേരങ്ങളിൽ ഓപ്പൺ ഓഡിറ്റോറിയത്തിന്റെ ഗ്യാലറികളിലെ കൽപ്പടവുകളിൽ ഇരുന്ന് കൂട്ടം കൂടി സൊറപറഞ്ഞു ചായകുടിക്കുന്നവർ. അതുമല്ലെങ്കിൽ ചായക്കടയുടെ തുടർച്ചയായുള്ള റേഷൻകടയുടെ അരമതിലിൽ കയറിയിരുന്നാവും ചായസൽക്കാരം. ഞങ്ങൾ യൂണിവേഴ്സിറ്റിയിലെ ശിശുക്ലാസ്സുകാരായിരുന്നു. അതായത് ജൂനിയർമോസ്റ്റ്. സ്വാമിദാസിന്റെ കടയിൽ ആദ്യമായി ചായ കുടിക്കാൻ ചെന്ന

ദിവസം ഞാൻ ഇപ്പോഴും ഓർക്കുന്നു. പുതിയ അദ്ധ്യായനവർഷത്തിലെ ക്ലാസുകൾ ആരംഭിച്ചിട്ടേയുള്ളൂ. ചെറിയതോതിൽ റാഗിങ്ങ് ആവാമെന്ന ഉദ്ദേശത്തോടെ സീനിയർ വിദ്യാർഥികൾ, സ്വാമിദാസന്റെ കടയിലേക്ക് ഞങ്ങളെ കൊണ്ടുപോയി. വിവിധ കലാപരിപാടികളുടെ വികൃതരൂപങ്ങൾ ഞങ്ങളെക്കൊണ്ട് ചെയ്യിപ്പിച്ചു. സ്വാമിദാസായിരുന്നു അതിന്റെ ഏക മൂക ദൃക്സാക്ഷി. എല്ലാവർക്കും ഓരോ കട്ടൻ ചായയും വാങ്ങിത്തന്നു. എന്റെ ആദ്യത്തെ അനുഭവമതാണ്. കറുത്ത രൂപമായിരുന്നു സ്വാമിദാസിന്റേത്. പാറാവുകാരെപ്പോലെ രണ്ടുഭാഗത്തേക്കും പിരിച്ചുകയറ്റിയ കറുത്തമീശ. സാമാന്യ ശരീര പ്രകൃതി. പഴയ തമിഴ്നടന്മാരെ അനുകരിച്ചുള്ള ഹെയർസ്റ്റൈൽ. സ്വാമിദാസിന്റെ മാതൃഭാഷയെന്താണെന്ന് എനിക്കൊരിക്കലും പിടികിട്ടിയിരുന്നില്ല. ഓരോ പതിവുകാരന്റെയും സ്വാദും ഭാഷയും അയാൾക്ക് സുപരിചിതമായിരുന്നു. അപൂർവ ഭാഷിയായിരുന്ന അയാളുടെ കുടുംബങ്ങളെക്കുറിച്ചും വ്യക്തമായൊരോർമ എനിക്കില്ല.

പരീക്ഷ സമയങ്ങളിൽ ക്ഷണിക്കാതെ വരുന്ന നിദ്രയെ പമ്പകടത്താൻ സ്വാമിദാസന്റെ ചായ വേണം. ലൈബ്രറിയിൽ രാവേറെ ചെല്ലുവോളം പഠിക്കുന്നതിനിടയിൽ ഞങ്ങൾ ഒന്ന് രണ്ടു തവണ ഈ ചായ തേടിപ്പോവും. ലൈബ്രറിയുടെ അടുത്തു തന്നെ മറ്റൊരു ചായക്കടയുണ്ടെങ്കിലും ഞങ്ങൾ സ്വാമിദാസന്റെ കടയിലേക്ക് തന്നെ യാന്ത്രികമായി നീങ്ങിത്തുടങ്ങും. കൂട്ടം കൂട്ടമായി എത്തുന്ന പല മേഖലകളിലെ, പല വിഭാഗങ്ങളിലെ വിദ്യാർഥികൾ! അതിൽ പ്രണയിതാക്കളും ഉണ്ടാകും. എന്തായാലും, ആ ചായ ഞങ്ങളെ പരീക്ഷാസമയങ്ങളിൽ സരസ്വതിദേവിയെ, എല്ലാം മറന്നു സേവിക്കാൻ പ്രാപ്തരാക്കി. സ്വാമിദാസിന്റെ കടയിൽ ഇന്നത്തെ കടകളിലെല്ലാം കാണുന്നതുപോലെ നിരനിരയായി തൂക്കിയിട്ട പൊട്ടറ്റോ ചിപ്സ്സിന്റെ പാക്കറ്റുകളോ പാൻ പരാഗിന്റെ വെട്ടിത്തിളങ്ങുന്ന വെള്ളി നിറത്തിലുള്ള കുഞ്ഞു പാക്കെറ്റുമാലകളോ ഉണ്ടായിരുന്നില്ല.

ആ കാലം വേറെയായിരുന്നു. ചായക്കൊപ്പം കഴിക്കാൻ കൂടിപ്പോയാൽ പാർലെ ജി യുടെ ചെറിയ പാക്കറ്റുകൾ ഒരുപക്ഷെ ലഭിക്കും. തൊട്ടപ്പുറത്തെ ഗോപാലിന്റെ പലചരക്കു കടയിൽ കുറച്ചുകൂടി വെറൈറ്റി സാധനങ്ങൾ ഉണ്ടായിരുന്നു. ഒരു ഓൾ ഇൻ വൺ കടയായിരുന്നു ഗോപാലിന്റേത്.

സ്വാമിദാസിന്റെ സൗമ്യതയും ഞങ്ങളോടുള്ള മമതയും എന്റെ മതിപ്പ് പിടിച്ചുപറ്റിയിരുന്നു.

അധികമാരോടും സംസാരിക്കാത്ത അയാളുടെ മനോഗതങ്ങൾ ആർക്കും മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. ഇടക്ക് അപൂർവമായി ഒരു സ്ത്രീ അയാളുടെ കൈയാളായി കണ്ടിരുന്നു. അവർ സ്വാമിദാസിനെ ജോലിയിൽ സഹായിക്കാനും മറ്റുമായി കടയിൽ ഒതുങ്ങിക്കൂടി. അവരാരാണെന്നോ ഉദ്ദേശമെന്താണെന്നോ അറിയാൻ ആരും മെനക്കെട്ടതുമില്ല.

സ്വാമിദാസന്റെ കടയിൽ എത്രനേരം വേണമെങ്കിലും ഇരുന്നു സമയം ചെലവഴിക്കാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുണ്ടായിരുന്നു. ചെറിയ കടയാണെങ്കിലും, വിശാലമായ ആ പരിസരത്ത് എത്രപേർക്കും സ്വൈര്യമായി സമയം ചെലവഴിക്കാൻ കഴിയുമായിരുന്നു. അയാളാകട്ടെ, ആരെയും മുഷിപ്പിച്ചതുമില്ല.

അയാളുടെ കടയിൽ ആളൊഴിഞ്ഞ നേരം കാണില്ല. ചില സമയങ്ങളിൽ കുറച്ചാൺകുട്ടികൾ കുറച്ചധികം സമയം ചെലവഴിക്കുന്നത് പലപ്പോഴും കണ്ടിരുന്നു. ഗവേഷണവിദ്യാർത്ഥികളായിരുന്നു അവർ എന്നാണു ഞാൻ മനസ്സിലാക്കിയത്. അവർ അയാളോട് കുറച്ചധികം സ്വാതന്ത്ര്യമെടുക്കുന്നതായി ഞാൻ കണ്ടുപിടിച്ചു. അവർക്കുവേണ്ടി ആരും കാണാതെ അയാൾ പ്രത്യേകമായി ചില സാധനങ്ങൾ കരുതിവെച്ചു. സിഗരറ്റിന്റെ പാക്കറ്റുകളായിരുന്നു അവ. ഇവർ വരുന്ന സമയം നോക്കിമാത്രം അയാൾ അത് പുറത്തെടുത്തു. അത് സേവിക്കാൻ സ്വകാര്യമായി ഒരിടവും ഒരുക്കി. മുകളിലേക്കുയരുന്ന

പുകച്ചുരുളുകളുടെ ലഹരിവലയത്തിൽ അവർ അവരെത്തന്നെ മറന്ന പോലെ തോന്നിച്ചു.

സ്വാമിദാസന്റെ ഈ വിശേഷവ്യക്തികൾ വരുന്ന സമയവും കടയിൽ മറ്റാരുമില്ലാത്ത നേരങ്ങളായിരുന്നു. ചില ദിവസങ്ങളിൽ അയാൾ റിസേർച്ച് സ്കോളേഴ്സ് ഹോസ്റ്റലിൽ സന്ദർശനത്തിന് പോകുന്നതും കാണാം. അയാളുടെ പതിവുകാർക്ക് ആവശ്യം സാധനങ്ങൾ എത്തിച്ചു കൊടുക്കയാവും എന്ന് മാത്രമേ ഞങ്ങളും ധരിച്ചുള്ളൂ. ആ നല്ല മനുഷ്യനെ അങ്ങനെ മാത്രമേ ഞങ്ങൾക്ക് കാണാനാവുമായിരുന്നുള്ളൂ. അയാളുടെ അഭാവത്തിൽ സഹായിയായ സ്ത്രീ പതിവുകാർക്കു വേണ്ടി ചായക്കോപ്പകളുമായി എത്തി. വിഷാദം നിഴലിച്ച, ശൂന്യത ചേക്കേറിയ മുഖത്തെ സാരിത്തലപ്പുകൊണ്ട് പൊതിഞ്ഞു അവർ അതിഥികളെ സല്ക്കരിച്ചു. സമയം ആർക്കു വേണ്ടിയും കാത്തുനിൽക്കാതെ ദിവസങ്ങളും ആഴ്ച്ചകളുമായി രൂപാന്തരപ്പെട്ടുകൊണ്ടിരുന്നു. താമസിയാതെ പരീക്ഷാദിനങ്ങൾ ആഗതമായി. അവസാന സെമസ്റ്റർ പരീക്ഷ! അതിനുശേഷം ഓരോരുത്തരും താന്താങ്ങളുടെ ഭാവിയുടെ മാറ്റുരയ്ക്കാൻ ഇഷ്ടപ്പെട്ട വഴി തെരഞ്ഞെടുക്കും. അതിനാൽ ഈ പരീക്ഷ ഏറ്റവും പ്രധാനവും. രാപ്പകൽ ഒരുപോലെ തോന്നിപ്പിക്കുന്ന പരീക്ഷാ സമയം!

ക്ലാസ്സുമുറിയും ഹോസ്റ്റലും ലൈബ്രറിയും മാറിമാറി വിഹരിച്ചിരുന്ന ഞങ്ങൾ കുട്ടികൾ കഴിവിന്റെ പരമാവധി കിണഞ്ഞു പരിശ്രമിച്ചു, പഠിത്തത്തോടു നീതിപുലർത്താൻ. പരസ്പരം ചർച്ച ചെയ്തും സഹായിച്ചും പറഞ്ഞുകൊടുത്തും ഞങ്ങൾ പഠനാന്തരീക്ഷം മുഖരിതമാക്കി. പരീക്ഷാച്ചൂടിൽ സമയം വ്യർത്ഥമാക്കാൻ ഞങ്ങൾ മെനക്കെട്ടില്ല. പരീക്ഷാസമ്മർദ്ദം സമയം പാഴാക്കാൻ ഞങ്ങളെ അനുവദിച്ചില്ല. അതുകൊണ്ട് തന്നെ സ്വാമിദാസിന്റെ ചായ ഞങ്ങൾ സൗകര്യപൂർവം മറന്നു. അവസാനത്തെ പരീക്ഷയുടെ തലേന്നുപോലും സ്വാമിദാസന്റെ കടയിൽ പോകാൻ എന്തോ സമയം കിട്ടിയില്ല. എല്ലാവരും ഒടുവിലത്തെ പരീക്ഷയ്ക്ക് വേണ്ടി ഒത്തുതീർപ്പില്ലാതെ ശ്രമിച്ചു പഠിക്കുകയായിരുന്നു. അതിനാൽ തന്നെ ഇതിന്നിടയിൽ അയാളെപ്പറ്റി ഒന്നും അറിയുവാനും കഴിഞ്ഞിരുന്നില്ല. അവസാനത്തെ പരീക്ഷയും കഴിഞ്ഞു. പരീക്ഷ എന്ന വൈതരണി ഒരുവിധം സുഗമമായി തന്നെ തരണം ചെയ്തു. പരീക്ഷകൾ ഒരർത്ഥത്തിൽ പരീക്ഷണങ്ങളാണ്. എത്ര കാലം പഠിച്ചാലും പരീക്ഷാനാളുകളിലെ യോഗം പോലെയായിരിക്കും പരീക്ഷാഫലങ്ങളും. അതിനെക്കുറിച്ച് വേവലാതിപ്പെട്ടിട്ട് എന്ത് കാര്യം!

പരീക്ഷ കഴിയുന്ന ദിവസത്തിനു ഒരു പ്രത്യേക ചാരുതയുണ്ട്. അതുവരെ ഉണ്ടായിരുന്ന ജീവിതഭാരം എല്ലാം ഒഴിഞ്ഞു പൂർണമായും കനമില്ലാത്തതുപോലെ തോന്നും. വല്ലാത്തൊരാശ്വാസമാണ്. ഇനിയൊന്നും ചെയ്യാനില്ലാത്ത ഒരുതരം സ്വാതന്ത്ര്യം. പഞ്ഞിക്കെട്ടുപോലെ, ഭാരമില്ലാതെ പാറിനടക്കുന്ന ഒരു പ്രതീതി. അന്ന് ഞങ്ങളൊക്കെ പഞ്ഞിക്കെട്ടുകളാകാൻ തീരുമാനിച്ചു. കുറെ നേരം അലസതയോടെ, ആലസ്യത്തോടെ ഒന്നും ചെയ്യാതെ സ്വന്തം മുറികളിൽ വെറുതെ സമയം പോക്കി. മടുത്തപ്പോൾ എല്ലാരും ഉന്മേഷത്തോടെ ചാടിയെഴുന്നേറ്റ് ഒന്ന് കറങ്ങിവരാൻ തീരുമാനിച്ചു. സ്വാമിദാസന്റെ ചായക്കടയായിരുന്നു ലക്ഷ്യം. അന്നത്തെ ചുറ്റലിനു ഒരു പ്രത്യേകതയുണ്ടായിരുന്നു. സമയപരിധികളോ പഠനബാധ്യതകളോ ഇല്ല. ആ സായാഹ്നം വിലയേറിയതാണ്. പിറ്റേന്ന് ഓരോരുത്തരായി നാട്ടിലേക്കു മടങ്ങും. പിന്നെ, തമ്മിലൊരു കൂടിക്കാഴ്ച ഉറപ്പിക്കാനാവില്ല. ജീവിതശകടം പുതിയ ലക്ഷ്യസ്ഥാനങ്ങളിലേക്ക് കുതിക്കാനൊരുക്കുകയാവും ഭൂരിഭാഗവും. പഠനം മുമ്പോട്ട് നയിക്കാൻ താല്പര്യപ്പെടുന്ന ചിലർ. ഇനിയൊരു ജോലി എന്ന സ്വപ്നത്തിന് സാക്ഷാത്കാരം കൊടുക്കാൻ വെമ്പുന്ന മറ്റു ചിലർ. എന്തായാലും പുതിയൊരു വഴിത്തിരിവിന് എല്ലാവരും സാക്ഷിയാകും എന്നുറപ്പ്.

➡

അങ്ങനെയൊരു വഴിത്തിരിവിന്റെ തലേ സായാഹ്നം. ഒരുപക്ഷെ....പലരെയും ഒരിക്കലും സന്ധിക്കാൻ വഴിയില്ലാതെ പിരിയേണ്ടി വരുന്ന ഒരു നാൾ ...........ഇന്നോ അതിന്റെ തലേ നാൾ..... ഓർക്കുന്തോറും മനസ്സിലൊരു ഭാരം.... അതുകൊണ്ട്, ഇന്ന് എല്ലാവരെയും കാണണം. സ്വാമിദാസനെ പ്രത്യേകിച്ചും. ക്യാമ്പസ്സിൽ രണ്ടു വർഷം ഞങ്ങളെ സേവിച്ച സ്വാമിദാസ്! ഉൻമേഷത്തോടെ ഞങ്ങൾ പുറപ്പെട്ടു. കളിയും ചിരിയും തമാശയും സന്തോഷവുമായി ഞങ്ങൾ കടയുടെ മുൻവശത്തെ റോഡിലെത്തി. പതിവിനു വിപരീതമായി അവിടം വിജനമായിരുന്നു. ഒരു സെക്കന്റുകൊണ്ട് ഞങ്ങളുടെ മുഖഭാവം മാറി. ചിരി നിലച്ചു. ശബ്ദം ഉള്ളിലേക്ക് വലിഞ്ഞു. ഒന്നും മനസ്സിലാകാതെ ഞങ്ങൾ പരസ്പരം നോക്കി. സ്വാമിദാസിന്റെ കട എപ്പോഴെങ്കിലും അടഞ്ഞു കിടക്കുന്നതായിട്ടു കണ്ട കാഴ്ച എന്റെ ഓർമ്മയിലില്ല. അതുകൊണ്ടു തന്നെ ആ വിജനത ഞങ്ങൾക്കുൾക്കൊള്ളാനായില്ല. സ്വാമിദാസിനെന്തു പറ്റി? അയാളുടെ ജീവശ്വാസമായിരുന്നു ആ കട. ആ കടയില്ലെങ്കിൽ അയാൾക്ക് ശ്വാസമില്ല, എല്ലാ അർത്ഥത്തിലും. ആരോടാണ് അന്വേഷിക്കുക? ഒരുപക്ഷെ ഗോപാലിനറിയാമായിരിക്കും. തൊട്ടടുത്തുള്ള ഗോപാലിന്റെ കടയിൽ നല്ല തിരക്കുണ്ട്. സ്വാമി ദാസിന്റെ പതിവുകാരും അക്കൂട്ടത്തിൽ ഉണ്ടാകും. തിരക്ക് വക വെക്കാതെ ഞങ്ങളിൽ രണ്ടുപേർ മുന്നിൽ നിന്നിരുന്ന ആൾക്കാരെ വകഞ്ഞു മാറ്റി, ഗോപാലിന്റെ അടുത്തെത്തി. ഉത്കണ്ഠയോടെ ആരാഞ്ഞു, 'സ്വാമിദാസ് എവിടെപ്പോയി?' 'അറിഞ്ഞില്ലേ, അയാളെ പോലീസ് പിടിച്ചു കൊണ്ടുപോയി.', ഒറ്റശ്വാസത്തിൽ ഗോപാൽ മൊഴിഞ്ഞു. എല്ലാം കീഴ്മേൽ മറിയുകയാണോ? ഒന്നും മനസ്സിലാവുന്നില്ല. വീണ്ടും ഗോപാലിനോട് തന്നെ വിശദമായി കാര്യങ്ങൾ തിരക്കി.

സ്വാമിദാസിനെ രണ്ടു ദിവസം മുമ്പ് പോലീസ് വന്ന് പൊക്കിക്കൊണ്ടുപോയത്രെ. അയാൾക്കെതിരെ, ക്യാമ്പസ്സിലെ ആരോ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് റെയ്ഡ് നടത്തിയെന്നും അവർ തൊണ്ടി വകകൾ പിടിച്ചു കൊണ്ടുപോയി എന്നും ഗോപാലിൽ നിന്നും ഞങ്ങൾ അറിഞ്ഞു. എങ്കിലും സംശയം പിന്നെയും ബാക്കി. അതിനുമാത്രം എന്താണ് അയാൾ അവിടെ സൂക്ഷിച്ചു വെച്ചത് ? എന്റെ മനസ്സിൽ മാത്രം ഒന്നും കയറിയില്ല. സ്വാമിദാസിനെ കുറ്റക്കാരനായി കാണാൻ എനിക്ക് കഴിയുമായിരുന്നില്ല. ആ വാർത്തയുടെ ഞെട്ടലിൽ നിന്നും തെല്ലൊന്നു മുക്തരാകാനായി ഞങ്ങൾ ഗാലറിയുടെ പടവുകളിൽ മൗനം പൂണ്ടിരുന്നു. എല്ലാരുടെയും മനസ്സിൽ സ്വാമിദാസിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള ചിത്രങ്ങൾ ഒരു തിരശ്ശീലയിലെന്ന പോലെ ഒന്നൊന്നായി പൊയ്ക്കൊണ്ടിരുന്നു. ഒരു ഫ്ളാഷ്ബാക്കിലെന്നപോലെ എന്റെ ഓർമ്മകളും കൃത്യമായി പ്രവർത്തിച്ചു. ആ ഗവേഷണ വിദ്യാർത്ഥികളും, റിസർച്ച് സ്കോളർ ഹോസ്റ്റലും അവരുടെ സ്വകാര്യതകളും കുറെശ്ശെ എനിക്ക് പിടികിട്ടാൻ തുടങ്ങി. എന്തിനയാൾ അത് ചെയ്തു? സർവ്വസമ്മതനായ സ്വാമിദാസ് എന്റെ കൺമുമ്പിൽ ഒരു ചീട്ടുകൊട്ടാരം പോലെ തകർന്നു വീണു. പണമെന്ന വ്യാമോഹമായിരുന്നോ അയാളെക്കൊണ്ട് മാപ്പർഹിക്കാത്ത ഈ കൃത്യം ചെയ്യിച്ചത്? അടഞ്ഞു കിടന്ന ആ കുടുസ്സായ മുറി ഇനി സ്വാമിദാസ് ഒരിക്കലും തുറക്കില്ല. സഹായിയായ ആ സ്ത്രീക്ക് ആശ്രിതനായി അയാളിനി വരില്ല. ആ കടയുടെ സ്വാമി ഇനി വേറൊരു ദാസനായിരിക്കും. ആ കടയിലേക്ക് ഇനി ഞങ്ങളും വരില്ല.

വിധിയുടെ അജ്ഞാതവഴികൾ കാലത്തിന് മാത്രം മുൻകൂട്ടി അറിയാമായിരിക്കും. സമയത്തിനുമാത്രം ആരോടും പക്ഷപാതമില്ല. സമയത്തെ മാനിക്കുന്നവർ വിളയുന്നു. അല്ലാത്തവരോ വളയുന്നു.

സ്വാമിദാസെന്റ സമയം ദുർവിനിയോഗിക്കപ്പെട്ടു. അതയാൾക്കു വിനാശം കുറിച്ചു. ■

# ആസ്തികൻ

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

അനന്തം വാസുകിം ശേഷം പദ്മനാഭം ച കാമ്പലം ।
ശങ്കപാലം ധൃതരാഷ്ട്രം തക്ഷകം കാലിയം തഥാ ॥
ഏതാനി നവ നാമാനി നാഗാനാം ച മഹാത്മനാം ।
സ്വയം പ്രാതഃ പഠെന്നിത്യം പ്രാതഃകാലേ വിശേഷതഃ ॥
തസ്യ വിഷഭയം നാസ്തി സർവത്ര വിജയീ ഭവേത് ॥

അനന്തൻ, വാസുകി, ശേഷൻ, പദ്മനാഭൻ, കാമ്പലൻ, ശങ്കപാലൻ, ധൃതരാഷ്ട്രർ, തക്ഷകൻ, കാലിയൻ എന്നിങ്ങനെ ഒൻപതു മഹാന്മാരായ നാഗന്മാരുടെ നാമങ്ങൾ പ്രഭാതത്തിലും സന്ധ്യയിലും ജപിക്കുന്നവർക്ക് വിഷഭയമില്ല. എല്ലായിടത്തും വിജയവും അനുഗ്രഹവും ലഭിക്കും. ഈ സന്ദർഭത്തിലാണ് സർപ്പങ്ങളുടെ ജീവൻ രക്ഷിച്ച ആസ്തികൻ എന്ന ബ്രാഹ്മണന്റെ കഥ ഓർക്കേണ്ടത്.

മഹാഭാരതം ആദിപർവ്വത്തിലാണ് ആസ്തികന്റെ കഥ വിവരിക്കുന്നത് -പരീക്ഷിത് രാജാവ് സർപ്പദംശനമേറ്റാണ് മരണമടയുന്നത്. പരീക്ഷിത്തിന്റെ മക്കളായ ജനമേജയൻ, ശ്രുതസേ നൻ തുടങ്ങിയവർ അനേകനാൾ നീണ്ടുനിന്ന സർപ്പയജ്ഞം നടത്തി. പ്രമതി എന്ന മഹാരാജാവ് ജനമേജയന്റെ സർപ്പയജ്ഞത്തിന്റെ കഥ പറയുമ്പോഴാണ് ആസ്തികചരിതം നാം മനസിലാക്കുന്നത്.

ജരൽക്കാരു എന്ന ബ്രാഹ്മണന്റെ പുത്രനാണ് ആസ്തികൻ. ജരൽക്കാരു വനത്തിൽകൂടി നടക്കുമ്പോൾ ഒരു പൊട്ടക്കിണറ്റിന്റെ സമീപം വള്ളിയിൽ പിടിച്ച് വയസ്സായ രണ്ടുപേർ കിടക്കുന്നതു കണ്ടു. എന്താണിവിടെ കിടക്കുന്നു എന്നുള്ള ചോദ്യത്തിനുത്തരമായി ആ വൃദ്ധർ പറഞ്ഞു, "നിങ്ങൾക്കു ഞങ്ങളെ രക്ഷിക്കാൻ കഴിയില്ല, ഞങ്ങളുടെ പരമ്പരയിൽ നിന്നും കിട്ടുന്ന തിലോദകം കൊണ്ടു വേണം ഞങ്ങൾക്കു ജീവിക്കേണ്ടതെന്നും വംശം നശിക്കാറായിയെന്നും ജരൽക്കുരു എന്നൊരാൾ മാത്രമേ ജീവിച്ചിരിക്കുന്നുള്ളുവെന്നും പറഞ്ഞു". "ഞാനാണ് ആ പാപി, എന്നെ ശിക്ഷിച്ചാലും". "മകനെ നീ എന്താണ് വിവാഹം കഴിക്കാതിരിക്കുന്നത്"."എനിക്കാഗ്രഹമുണ്ട്. എനിക്ക് ബ്രഹ്മചര്യത്തിലാണ് താല്പര്യമുണ്ടായിരുന്നതെങ്കിലും ഞാൻ മാറാം. എന്റെ പേരുതന്നെയുള്ള ഒരു സ്ത്രീയെ കിട്ടിയാൽ എനിക്കു തന്നാൽ ഞാൻ വിവാഹം കഴിക്കാം."അതിനു ശേഷം അദ്ദേഹം അവിടെനിന്നും പോയി. പെൺകുട്ടിയെ കിട്ടിയില്ല. അദ്ദേഹം അവസാനം ഒരു വനത്തിൽചെന്ന് 3 പ്രാവശ്യം ഉറക്കെ വിളിച്ചു പറഞ്ഞു, പാവപ്പെട്ട എനിക്ക് എന്റെ പേരുള്ള ഒരു കന്യകയെ ദാനമായി തരുമോ? അവിടെയുണ്ടായിരുന്ന ജഗൽക്കാരുവിനെ ശ്രദ്ധിച്ചുകൊണ്ടിരുന്ന സർപ്പങ്ങൾ വാസുകിയെ വിവമറിയിച്ചു. ഇവിടെ സർപ്പദോഷമകറ്റാൻ ജരൽക്കാരുവിനും സഹോദരി ജഗൽക്കുരുവിനും പിറക്കുന്ന മകൻ വേണമെന്നുള്ള വരം വാസുകിക്കറിയാമായിരുന്നു. അങ്ങനെ ജരൽക്കാരു എന്നു പേരുള്ള സഹോദരിയെ ജ്ഞാനിയായ ജരൽക്കാരുവിനു ദാനമായി നൽകി. വാസുകി പറഞ്ഞു, ജരൽക്കാരു എന്നു പേരുള്ള എന്റെ സഹോദരിയെ വിവാഹം കഴിച്ചു തരികയാണ്. അവളുടെ ചിലവുകൾ ഞാൻ നോക്കിക്കൊള്ളാം. ഇങ്ങനെ പറഞ്ഞതെന്തെന്നാൽ, ജരൽക്കാരു പിതാമഹന്മാരുടെ മുക്തിക്കുവേണ്ടിയാണ് വിവാഹിതനാകുന്നത്.

അദ്ദേഹത്തിന്റെ നിബന്ധനകൾ, (1) പെൺ കുട്ടിയുടെ പേര് ജഗൽക്കുരു എന്നുതന്നെയായിരിക്കണം. (2) എനിക്കു ഭാരമാകരുത് (3) എന്നോടപ്രിയം കാണിക്കരുത്. കാണിച്ചാൽ ഞാനവിടെനിന്നു പോകും. ഇതെല്ലാം വാസുകി സമ്മതിച്ചു. നാഗകന്യക കുറെ നാൾ കഴിഞ്ഞ് ഗർഭിണിയായി. ഒരു ദിവസം ഭാര്യയുടെ മടിയിൽ തലവെച്ച് കിടന്ന് അദ്ദേഹം ഉറങ്ങി. അദ്ദേഹത്തെ സന്ധ്യാവന്ദന സമയമായപ്പോൾ ഉണർത്തണോ എന്ന ചിന്തയായി ഭാര്യക്ക്. പൂജ നടത്തിയില്ലെങ്കിൽ പാപം വരുമെന്നു കരുതി ജരൽക്കുരുവിനെ ഉണർത്തി. ദേഷ്യം വന്ന ജരൽക്കുരു നിബന്ധന ലംഘിച്ചുവെന്നു പറഞ്ഞു ഗർഭിണിയായ ഭാര്യയെ ഉപേക്ഷിച്ചു പോയി. താനും വാസുകിയും തമ്മിലുള്ള കരാറിനെക്കുറിച്ചു പറഞ്ഞു. അവരുടെ കണ്ണുനീർ തുടച്ചുകൊണ്ട്, മഹാത്മാവേ തന്നെ ഉപേക്ഷിക്കരുതേ, എന്റെ ഉദ്ദേശശുദ്ധിയെ കാണണം എന്നൊക്കെ അവൾ പറഞ്ഞു. തനിക്ക് വേദങ്ങളിലും മറ്റും പ്രാവീണ്യമുള്ള ഒരു പുത്രനുണ്ടാകുന്നെ് അനുഗ്രഹിച്ചു ജഗൽക്കാരു അവിടെനിന്നു പോയി.

ജരൽക്കുരു ഭർത്താവു പോയശേഷം വാസുകിയോടു വിവരമെല്ലാം പറഞ്ഞു. സർപ്പങ്ങൾക്ക് ഉണ്ടായിരിക്കുന്ന ഒരപകടത്തിൽ നിന്നും രക്ഷപ്പെടാൻ നിനക്ക് ഒരു പുത്രൻ വേണ്ടത് അത്യാവശ്യം തന്നെയാണ്. അതു സാധിച്ചു. മാസങ്ങൾ കഴിഞ്ഞു. ജരൽക്കുരു ഒരു നല്ല പുത്രന് ജന്മം കൊടുത്തു. ആസ്തികൻ എന്നു പേരിട്ടു. അദ്ദേഹം പിന്നീട് വേദങ്ങളിലും ശാസ്ത്രങ്ങളിലും ജ്ഞാനിയായി മാറി. ആ ആസ്തികനാണ് ജനമേജയന്റെ സർപ്പയജ്ഞത്തിൽ നിന്നും സർപ്പങ്ങളെ രക്ഷിച്ചത്. ഇതിനൊരു കഥയുണ്ട്.

ദക്ഷന്റെ പുത്രിമാരാണ് കദ്രുവും വിനീതയും. ഇവരെ കശ്യപമഹർഷി വിവാഹം കഴിച്ചു. അവരുടെ ആഗ്രഹം സന്താനങ്ങളുണ്ടാകുന്നതാണെന്ന് അവർ പറഞ്ഞു. വീരന്മാരായ 1000 സർപ്പങ്ങൾ ജനിക്കണമെമെന്ന് കദ്രുവും അതിലും വീരന്മാരായ രണ്ടു പുത്രന്മാർ തനിക്കുണ്ടാകണമെന്ന് വിനതയും അപേക്ഷിച്ചതനുസരിച്ചു കശ്യപമഹർഷി സമ്മതിച്ചു. കദ്രു 1000 അണ്ഡങ്ങളും വിനത രണ്ട് അണ്ഡങ്ങളേയും പ്രസവിച്ചു. കദ്രുവിന്റെ അണ്ഡങ്ങൾ വിരിഞ്ഞ് 1000 സർപ്പങ്ങൾ പുറത്തു വന്നു. ദുഃഖിതയായ വിനത ഒരണ്ഡം സമയമാകാതെ പൊട്ടിച്ചു. അതുകൊണ്ട് കാലില്ലാത്ത മകനായി ജനിച്ചുവെന്നും മറ്റേ അണ്ഡം പൊട്ടിക്കരുതെന്ന് ഈ മകൻ അമ്മയോടു പറഞ്ഞുവെന്നുമാണ് കഥ. ഈ മൂത്ത കുട്ടിയാണ് പിന്നീട് സൂര്യന്റെ സാരഥിയായ അരുണൻ. ഇതിനിടയിൽ കദ്രുവും വിനതയും തമ്മിൽ ഒരു തർക്കം. പാലാഴിമഥനത്തിൽ ഉയർന്നു വന്ന ഉച്ചൈശ്രവസ്സ് എന്ന കുതിരയുടെ നിറം വെളുത്തതാണെന്ന് വിനതയും വാല് കറുത്തതാണെന്ന് കദ്രുവും പറഞ്ഞു. നേരിൽ പോയി നോക്കണമെന്നും തോൽക്കുന്ന ആൾ ജയിക്കുന്ന ആളുടെ ദാസിയാകാമെന്നും സമ്മതിച്ചു. കദ്രുവിന് കുതിര വെളുത്തതാണെന്ന് അറിയാമെങ്കിലും ജയിക്കാൻ വേണ്ടി കുതിരയുടെ വാലിൽ തൂങ്ങിക്കിടക്കാൻ മക്കളോടു പറഞ്ഞു. അധാർമ്മികമെന്നു പറഞ്ഞു ചില സർപ്പങ്ങൾ പിന്മാറി. അവരെ ജനമേജയന്റെ യാഗത്തിൽ വീണു മരിക്കട്ടെയെന്നു ശപിച്ചു. മറ്റു സർപ്പങ്ങൾ പേടിച്ച് വാലിൽ തുങ്ങിക്കിടന്നു. പിറ്റേ ദിവസം കണ്ടപ്പോൾ സർപ്പങ്ങൾ വാലിൽ തൂങ്ങിക്കിടക്കുന്നതുകണ്ട് വാല് കറുത്തതായി തോന്നി. കദ്രു പന്തയത്തിൽ ജയിച്ചു. വിനത ദാസിയായി. അണ്ഡം നേരത്തെ പൊട്ടിയതുകൊണ്ട് വികലാംഗനായ മകൻ ശപിച്ചുവെന്നു മഹാഭാരതം ആസ്തികപർവ്വത്തിൽ പറയുന്നു. ഇതിനിടയിൽ വിനതയുടെ രണ്ടാമത്തെ അണ്ഡം വിരിഞ്ഞു ഗരുഢനായി. വലിപ്പം കണ്ട് എല്ലാവരും ഭയന്നു. ഗരുഢൻ ശരീരം ചെറുതാക്കി തന്റെ കാലില്ലാത്ത സഹോദരനേയും കൂട്ടി മാതാവിനെ കാണാൻ ചെന്നു. ദാസിയായതുകൊണ്ട് അമ്മക്ക് മക്കളെ ഇഷ്ടംപോലെ സ്വീകരിക്കാൻ കഴിഞ്ഞില്ല. ഇതേസമയം തന്നെ

അരുണൻ സൂര്യന്റെ സാരഥിയായി മാറുകയും ചെയ്തു.

ഇടിമിന്നലിൽ നഷ്ടപ്പെട്ട ഗരുഡന്റെ തൂവലിനുപകരം ഗരുഢൻ ഉണ്ടാക്കിയ തൂവൽ വളരെ മനോഹരമായിരുന്നു. പാലാഴി മഥനം കഴിഞ്ഞു അമൃത് ഭക്ഷിക്കുവാനായി വേഷം മാറി വന്ന രാഹുവിനെ മഹാവിഷ്ണു കഴുത്തു മുറിച്ചു. പക്ഷെ അമൃത് കുറച്ച് ഉള്ളിൽ ചെന്നതിനാൽ മരിച്ചില്ല. രാഹു ആദിത്യചന്ദ്രന്മാരെ ഉപദ്രവിച്ചപ്പോൾ പല പ്രയാസങ്ങളും പ്രഞ്ചത്തിനുണ്ടായി. കദ്രു പല വിധത്തിലും വിനതയെ ഉപദ്രവിച്ചപ്പോൾ ഗരുഢന് വിഷമം തോന്നി. കദ്രു ഇതു തുടരാതിരിക്കണമെങ്കിൽ അമൃത് വേണമെന്നും മറ്റും പറഞ്ഞു. കശ്യപനും മറ്റും ഉപദേശിച്ചതനുസരിച്ച് അമൃതം എടുക്കാനായി ഇന്ദ്രലോകത്തെത്തിയ ഗരുഢൻ സർപ്പങ്ങളെയെല്ലാം നശിപ്പിച്ച് അമൃതവുമായി പുറത്തു വന്നു. തിരിച്ചു പോകുന്ന വഴിയിൽ മഹാവിഷ്ണുവിനെ കണ്ടു. മഹാവിഷ്ണുവിന്റെ ധ്വജാവാസത്തെ വരിച്ചു. തിരിച്ചു ഭഗവാന്റെ വാഹനമാകാനുള്ള വരവും സമ്പാദിച്ചു. അമൃതം കദ്രുവിന്റെ അടുത്തു കൊണ്ടു വെച്ചു, വിനതയുടെ ദാസ്യം ഒഴിവാക്കി. ഇന്ദ്രൻ അമൃതം തിരികെ കൊണ്ടുപോയി. അമൃതം കൊണ്ടുവെച്ചത് ദർഭയുടെ മുകളിലായിരുന്നുവെന്നും അതു നക്കിയതിനാലാണ് സർപ്പങ്ങൾക്ക് നാക്കു മുറിഞ്ഞ് രണ്ടായതെന്നും കഥ. നാഗങ്ങളായ സർപ്പങ്ങൾ നശിക്കുമെന്നും ധർമ്മിഷ്ഠരെ ആസ്തികൻ രക്ഷിക്കുമെന്നും ബ്രഹ്മാവു പറഞ്ഞു.

അക്കാലത്ത് പരീക്ഷിത്ത് രാജാവിനെ തക്ഷകൻ കടിച്ചു മരിച്ചതിനാൽ അതിന്റെ വൈരാഗ്യത്താൽ ജനമേജയരാജാവ് സർപ്പയജ്ഞം നടത്തി. സർപ്പയജ്ഞത്തിൽ വീണ് നാഗങ്ങൾ മരിക്കും. വംശനാശം സംഭവിക്കുമെന്നു ഭയന്ന വാസുകി ബ്രഹ്മാവു പറഞ്ഞതുമോർത്ത് സർപ്പങ്ങളെ രക്ഷിക്കുവാനുള്ള ശ്രമവും തുടങ്ങി. ബ്രഹ്മാവിനോട് സങ്കടമുണർത്തി. അപ്പോഴാണ് ജഗൽക്കാരുവും മകനുമൊക്കെ ജനിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടായത്. വാസുകി തന്റെ സഹോദരിയായ ജഗൽക്കാരുവിനോട് വിവരം പറഞ്ഞു. പുത്രനെ വിളിച്ചു വരുത്തി എല്ലാം വിശദമായി പറഞ്ഞു കേൾപ്പിച്ചു. ജനമേജയന്റെ സർപ്പയജ്ഞത്തിൽ ഋത്തുക്കൾ സർപ്പങ്ങളെ അവഗണിക്കുകയാണെന്നും എങ്ങനെയെങ്കിലും രക്ഷിക്കണമെന്നും പറഞ്ഞു. ഇത്രയും നാൾകൊണ്ട് ജഗൽക്കുരു വേദങ്ങളും ശാസ്ത്രങ്ങളും ഹൃദിസ്തമാക്കിയിരുന്നു. ഇതെല്ലാം കേട്ട ജഗൽക്കുരു യജ്ഞ സ്ഥലത്തേക്കു പോയി. അവിടെ ചെന്നപ്പോൾ ജഗൽക്കുരുവിനെ കാവൽക്കാർ തടഞ്ഞു. അദ്ദേഹം പുറത്തുനിന്നുകൊണ്ട് സന്യാസിമാരേയും രാജാവിനേയും സ്തുതിച്ചു. സന്തുഷ്ടനായ രാജാവ് അകത്തേക്കു ക്ഷണിച്ചു. ബാലന്റെ സ്തുതി വാക്കുകൾ കേട്ട രാജാവ് യുവാവ് ജ്ഞാനിയാണെന്നു പറഞ്ഞു. എല്ലാവരുടേയും അഭിപ്രായപ്രകാരം രാജാവ് അയാൾക്ക് ദാനം കൊടുത്തു. ദക്ഷകനങ്ങനെ എത്തുമെന്നുള്ള വിശ്വാസത്താൽ ആവശ്യമുള്ള പണം വേണമെന്നഭ്യർത്ഥിച്ചു.

ഇവിടെ ഒരു കാര്യം ഓർമ്മിക്കേണ്ടതായുള്ളത് ഈ യജ്ഞസ്ഥലം നിശ്ചയിച്ച സമയത്ത് ശാസ്ത്രങ്ങളിലും പുരാണങ്ങളിലും ജ്ഞാനിയായ ഒരു സൂതൻ പറഞ്ഞു, ഈ സ്ഥലവും തുടങ്ങിയ സമയവും വെച്ചു നോക്കിയാൽ (ആദിപർവ്വം അദ്ധ്യായം 51) ഇതു പൂർത്തീകരിക്കില്ലയെന്ന്. അതിനൊരു ബ്രാഹ്മണനായിരിക്കും കാരണഭൂതനാകുന്നതും. ഇതു കേട്ട രാജാവ് തന്റെ അനുമതി കൂടാതെ ആരെയും അകത്തേക്കു കടത്തിവിടരുതെന്നും പറഞ്ഞു.

ജനമേജയൻ പറഞ്ഞു, "ഈ ഋഷി കുട്ടിയാണെങ്കിലും വിദ്വാനാണ്." ഇന്ദ്രന്റെ വസ്ത്രത്തിലൊളിച്ച തക്ഷകനെ തീയിലേക്കെറിയാനാണ് ജനമേജയൻ പറയുന്നത്. ഈ സന്ദർഭത്തിലാണ് ആസ്തികൻ അവിടെയെത്തിയതും വരം ചോദിക്കാനവസരം കിട്ടിയതും. ആസ്തികൻ പറഞ്ഞു, "അല്ലയോ മഹാരാജാവേ, എനി

ക്കു വരം തരാനുദ്ദേശിക്കുന്നുവെങ്കിൽ ഈ യജ്ഞം ഇവിടെ നിർത്തണം." ജനമേജയൻ പറഞ്ഞത് "അല്ലയോ ബ്രാഹ്മണാ, സ്വർണ്ണമോ, വെള്ളിയോ എന്തു വേണമെങ്കിലും തരാം, പക്ഷെ യജ്ഞം നിറുത്തില്ല." "എനിക്കതല്ല വേണ്ടത്, യാഗം നിറുത്തിയാൽ എന്റെ മാതൃ ഭാഗത്തുള്ളവർ രക്ഷപ്പെടും." അവസാനം ആ വരം കൊടുക്കുവാൻ തുടങ്ങിയപ്പോൾ എന്തുകൊണ്ടാണ് തക്ഷകൻ വീഴാതിരുന്നതെന്നാലോചിച്ചു. തക്ഷകനെ കണ്ട ആസ്തികൻ നില്ക്കൂ, നിൽക്കൂ നിൽക്കൂ എന്നു മൂന്നുപ്രാവശ്യം പറഞ്ഞു. ആളുകളെല്ലാം വീണ്ടും വീണ്ടും പറഞ്ഞപ്പോൾ യജ്ഞം നിറുത്താനും സർപ്പങ്ങൾ രക്ഷപ്പെടട്ടേ എന്നും രാജാവു പറഞ്ഞു. രാജാവിനും ആസ്തികന് തന്റെ ഉദ്യമം ജയിച്ചുവല്ലോയെന്ന സന്തോഷമുണ്ടായി. രാജാവു പറഞ്ഞു, ഇനിയും തന്റെ രാജസദസ്സ് അലങ്കരിക്കാനും എത്തണം. സമ്മതമറിയിച്ചു ആസ്തികനും. ആസ്തികൻ തിരികെ വന്ന് അമ്മയേയും അമ്മാവനേയും കണ്ടു എല്ലാം വിശദമായി പറഞ്ഞു. എല്ലാ സർപ്പങ്ങളും സന്തോഷിച്ചു. ആസ്തികനോട് വരം ആവശ്യപ്പെടാൻ പറഞ്ഞു. ആസ്തികൻ പറഞ്ഞു, "ആര് സന്തോഷത്തോടും ശ്രദ്ധയോടും കൂടി രാവിലെയും വൈകിട്ടും ഇതു പ്രാർത്ഥിച്ചാൽ നിങ്ങളിൽ നിന്നും ഭയമുണ്ടാകരുത്." അവർ പറഞ്ഞു, "പ്രിയ ഭാഗിനേയാ, നീ ചോദിച്ച വരം അങ്ങനെയാകട്ടെ. ജരൽക്കുരുവിന്റെ പുത്രനായി ജനിച്ച ആസ്തികൻ, സർപ്പയജ്ഞത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ച ആസ്തികനെ സ്മരിച്ചാൽ സർപ്പദംശത്തിൽ നിന്നും രക്ഷപ്പെടാം." ആസ്തികന്റെ വരവ് എല്ലാവരിലും സന്തോഷമുളവാക്കി. അവർ പറഞ്ഞു,

"സർപ്പകുലത്തെ രക്ഷിച്ചതു ഓർക്കുമ്പോ
ളത്ഭുതമെത്രയുമെന്നേ പറയാവൂ."

ഇവിടെ ആസ്തികൻ പറഞ്ഞു,
സന്ധ്യകാലത്തെന്റെ ചരിതങ്ങൾ ചിന്തിക്കയും
ചൊൽകയും കേൾക്കയും ചെയ്താൽ
പന്നഗജാതികളിലവർക്കാർക്കുമേ പിന്നെയൊരു ഭയം കൂടാതെയിരിക്കണം.

അപ്പോൾ ബാക്കിയുള്ളവർ പറഞ്ഞു,
"ഇക്കഥ ചൊൽകയും കേൾക്കയും ചെയ്യുന്നോർക്കു
ദുഃഖം വരാ വിഷമൊന്നുമകപ്പെടാ
അന്ധരായ് ഞങ്ങളിലേകൻ കടിക്കിലും
അന്തർഭവിക്കയില്ലെന്നും വിഷമെടോ." ■

---

(26-ാം പേജിന്റെ തുടർച്ച...)

മുണ്ടായി പിറ്റേന്ന് ഊരാണ്മക്കാർ നമ്പൂതിരിയുടെ അവസ്ഥ കണ്ട് അദ്ദേഹത്തോട് ബഹുമാനവും സ്നേഹവും തോന്നി ഉടമസ്ഥാവകാശം അവർക്ക് നൽകി. അത് മുതൽ ആമേട മംഗലം എന്നായി മനയുടെ പേര്. ഇന്ന് ആ മനയുടെ നാലു കുടുംബങ്ങൾ ഉൾപ്പെട്ട ട്രസ്റ്റിനാണ് ഭരണം.

കേരളത്തിലെ സർപ്പക്ഷേത്രങ്ങളെപ്പറ്റി വിസ്തരിച്ചുള്ള പഠനം ഒരു ലേഖനത്തിന്റെ പരിധിയിൽ ഒതുങ്ങില്ല കണ്ണൂർ പെരളശ്ശേരി സുബ്രഹ്മണ്യക്ഷേത്രം, മഞ്ചേശ്വരത്തെ മദനന്തേശ്വര ക്ഷേത്രം, നാഗർകോവിൽ നാഗരാജക്ഷേത്രം, പുതുക്കുളം നാഗരാജക്ഷേത്രം (തൊടുപുഴ), കരിപ്പാൽ നാഗക്ഷേത്രം (കണ്ണൂർ ജില്ല), പാമ്പാടി പാമ്പുംകാവ് (തിരുവില്ല്വാമല), നാഗമ്പൂഴി മന (വൈക്കം), അനന്തൻ കാട് (തിരുവനന്തപുരം) തുടങ്ങി പ്രസിദ്ധങ്ങളായ നിരവധി നാഗക്ഷേത്രങ്ങൾ കേരളത്തിലുണ്ട്. കേരളത്തിന് പുറത്ത് കാസർഗോഡിന് കിഴക്ക് ഭാഗത്തായി സുബ്രഹ്മണ്യ നാഗാരാധനക്ക് പ്രാധാന്യമുള്ള ഒരു ക്ഷേത്രമാണ്. സർപ്പപ്രതിഷ്ഠയും സർപ്പാരാധനയും ഇല്ലാത്ത ഒരു ഗ്രാമവും കേരളത്തിൽ ഉണ്ടാകില്ല എന്നത് സർപ്പാരാധനയുടെ പ്രാധാന്യത്തെ കാണിക്കുന്നു. ■

# ആരോഗ്യം-ശരീരത്തിന്റേയും മനസ്സിന്റേയും

യു. എസ്. രവീന്ദ്രൻ - 9496120978

ഇന്നത്തെ ദിവസം എങ്ങനെയുണ്ട്? നീരൊലിക്കുന്ന മൂക്കും, മുട്ടുവേദനയും ഉള്ളതിനെപ്പറ്റിയല്ല ചോദിച്ചത്; ലോകത്ത് എല്ലായിടത്തും ഒരുപോലെ കണ്ടുവരുന്ന മാനസിക സംഘർഷം, ഉത്കണ്ഠ, വേവലാതികൾ തുടങ്ങിയവയെ കുറിച്ചാണ്. നമ്മൾ ആശങ്കാകുലരാണ്, സ്വന്തം കുടുംബത്തെ സുരക്ഷിതമായി നോക്കുക, കുടുംബാംഗങ്ങളുടെ ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധിക്കുക, വാട്ടർബിൽ, കറന്റ് ബിൽ തുടങ്ങിയവ കൃത്യസമയങ്ങളിൽ അടയ്ക്കുക, സാധനങ്ങൾ മോഷ്ടിക്കപ്പെടാതെ സൂക്ഷിക്കുക ഏകാന്തത, സോഷ്യൽ മീഡിയ, തൊഴിലിലുള്ള അസ്ഥിരത, പുതിയ പുതിയ സാങ്കേതിക വിദ്യകളുടെ പ്രവർത്തനം, രാഷ്ട്രീയ ധ്രുവീകരണം, പ്രകൃതിക്ഷോഭങ്ങൾ, സമകാലീന സംഭവങ്ങൾ , ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥ തുടങ്ങിയവ ചിന്തിച്ച് - സംശയമില്ല; നമ്മൾ ആശങ്കാകുലരാവുന്നതിൽ അത്ഭുതപ്പെടാനില്ല.

പല രംഗങ്ങളിലുമുണ്ടാകുന്ന പെട്ടെന്നുള്ള മാറ്റങ്ങളാണ് മിക്കപ്രശ്നങ്ങളുടെയും കാരണം. പെട്ടെന്നുള്ള മാറ്റങ്ങൾ ഉത്കണ്ഠക്കും ചിലപ്പോൾ വിഷാദത്തിനും കാരണമാകുന്നു. കൊളംബിയ യൂണിവേഴ്സിറ്റിയിലെ മനസികാരോഗ്യമേധാവിയായിരുന്ന, ഇപ്പോൾ വിവിധ കമ്പനികളിലെ മനസികാരോഗ്യകാര്യങ്ങളിലെ കൺസൽട്ടന്റായി പ്രവർത്തിക്കുന്ന ശ്രീമതി. ലിൻഡയുടെ അഭിപ്രായമാണിത്. "ചെറുപ്പക്കാരാണെങ്കിൽ ഇൻസ്റ്റാഗ്രാമിൽ തപ്പി മാതൃകാപരമായ ജീവിതം നയിക്കുന്നതിനെപ്പറ്റി ആലോചിച്ചു ഉത്കണ്ഠാകുലരാകുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) വന്നതോടെ ജോലി ലഭ്യത കുറവാകുന്നതിൽ അവർ ആശങ്കപ്പെടുന്നു. പ്രായമായവരാണെങ്കിൽ ഒറ്റപ്പെടലിൽ വ്യാകുലരാണ് . പഴയ സുഹൃത്തുക്കളും കുടുംബാംഗങ്ങളും നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുന്നു. കോറോണ വന്നതുമുതൽ ചിലർ ഓൺലൈൻ ജീവിതവുമായി പൊരുത്തപ്പെട്ട് ഒറ്റപ്പെടലിന്റെ സ്വാഭാവികതയുമായി താദാത്മ്യം പ്രാപിച്ചവരായി തീർന്നിരിക്കുന്നു".

2026-ൽ നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് നോക്കാം. ശരീരാരോഗ്യത്തിന് നമ്മൾ ഇതുവരെ കൊടുത്തിരുന്ന പ്രാധാന്യം പോലെ ഭാരം കുറയ്ക്കൽ, വ്യായാമം, പോഷകാഹാരം തുടങ്ങിയവ മനസികാരോഗ്യത്തിനും പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. കഴിഞ്ഞ കൊല്ലം തന്നെ അമേരിക്കയിലെ ജനങ്ങളിലെ മൂന്നിൽ ഒരു ഭാഗവും മനസികാരോഗ്യത്തിനും പ്രാധാന്യം കൊടുക്കേണ്ടതിനെപ്പറ്റി തീരുമാനമെടുത്തു കഴിഞ്ഞു. ധ്യാനത്തിലൂടെ (മെഡിറ്റേഷൻ) യും പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് കൂടുതൽ സമയം ചെലവഴിക്കാനും ആത്മീയകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാനും, സോഷ്യൽമീഡിയ, വാട്ട്സ്ആപ്പ് , ഇൻസ്റ്റാഗ്രാം തുടങ്ങിയവയിൽ അധികസമയം ചെലവഴിക്കാതെ നോക്കുന്നതിനും, ഒരു തെറാപ്പിസ്റ്റിനേയോ, മനസികാരോഗ്യവിദഗ്ദനെയോ, കോൺടാക്ട് ചെയ്യാനും അവർ തീരുമാനിച്ചിട്ടുണ്ട്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസ് നടത്തിയ ഒരു പഠനത്തിൽ ഉത്കണ്ഠയും വിഷാദരോഗവും ഏറിവരികയാണെന്ന് 2015-16 ൽ നാഷണൽ മെന്റൽ ഹെൽത്ത് സർവേയിൽ കണ്ടെത്തിയിട്ടുണ്ട്. അതായത് ഇന്ത്യയിലെ 10 പേരിൽ ഒരാ

ൾക്ക് -140 കോടി ജനങ്ങളിൽ 14 കോടി പേർക്ക് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മനസികാരോഗ്യ വൈകല്യങ്ങളുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഉൽക്കണ്ഠം, വിഷാദം എന്നി മനസികാവസ്ഥയിലുള്ളവരുടെ എണ്ണം വർഷം തോറും കൂടി വരികയാണ്. നാഷണൽ ക്രയിം റെക്കോർഡ്സ് ബ്യൂറോയുടെ രേഖകൾ പ്രകാരം 2023-ൽ 1,71,418 പേർ ആത്മഹത്യചെയ്തതായി കണ്ടിട്ടുണ്ട്. ഒരു പ്രതിസന്ധിഘട്ടത്തിലാണെന്ന് വേണമെങ്കിൽ പറയാം- പ്രത്യേകിച്ച് ചെറുപ്പക്കാരിൽ.

കോവിഡ് കാലത്താണ് ഈ മാറ്റങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങിയത്. എന്നാൽ ഇപ്പോഴുള്ള മാനസിക പ്രശ്നങ്ങൾ കോവിഡിന് മുമ്പുതന്നെ തുടങ്ങിയിട്ടുണ്ട്. കോവിഡ് കാലത്ത് ഉത്കണ്ഠയും വിഷാദവും ഉള്ള രോഗികളുടെ എണ്ണം വർദ്ധിച്ചു. അതോടെ മനസികാരോഗ്യ കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. കോവിഡ് കാലത്തെ പ്രത്യേക ശ്രദ്ധകൊണ്ട് മനസികാരോഗ്യത്തിന്റെ കാര്യത്തിൽ പുരോഗതി ഉണ്ടായതായി കണ്ടിട്ടുണ്ട്. ഏന്തെന്നൽ യുദ്ധം, മഹാമാരി, പ്രളയം എന്നിവ ഉണ്ടാകുന്ന സമയങ്ങളിൽ ജനങ്ങൾ ഇവയെ നേരിടാൻ അതീവ ശ്രദ്ധാലുക്കളായിരിക്കുമല്ലോ. ഉദാഹരണത്തിന് കോവിഡ് 19 എന്ന മഹാമാരി നിലനിന്നിരുന്ന സമയത്ത് ആത്മഹത്യാനിരക്ക് ഗണ്യമായി കുറഞ്ഞിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ അതിനു ശേഷം ജനങ്ങളുടെ മനസികാരോഗ്യസ്ഥിതി കോവിഡിന് മുമ്പുണ്ടായിരുന്ന നിലയിലേക്ക് എത്തുന്നവിധം മോശമായിക്കൊണ്ടിരിക്കുകയാണ്.

ഉൽകണ്ഠയും, വിഷാദവും Adolesence പ്രായത്തിലുള്ള കുട്ടികളിൽ കൂടിക്കൊണ്ടിരിക്കുകയാണ്. ആത്മഹത്യയും ഓവർ ഡോസ് മരുന്ന് കഴിക്കലും കൂടിക്കൊണ്ടിരിക്കുകയാണ്. മാനസിക സംഘർഷവും ഉൽകണ്ഠയും ദൈനംദിനജീവിതത്തെ ബാധിക്കുമെന്ന അവസ്ഥയിലാകുന്നതിനു മുൻപ് ഒരു മാനസിക ചികിത്സ വിദഗ്ദന്റെ അഭിപ്രയം തേടേണ്ടതാണ്. ചികിത്സ തേടാനുള്ള ജാഗ്രത ഇപ്പോൾ കൂടിവരുന്നതായി കണ്ടിട്ടുണ്ട്. അത് ഒരു പക്ഷെ ബ്രിട്ടനിലെ പ്രിൻസ് ഹാരിയും, പ്രസിദ്ധ അത്‌ലറ്റായ സിമോണേ ബൈൽഡ്സും, നടിയും ഗായികയുമായ സെലീനാഗോമസും കോവിഡ് അതിജീവിച്ച കഥ ജനങ്ങളുമായി പങ്കുവച്ചതുകൊണ്ടാകാം. സമൂഹത്തിൽ ഒരു തുറന്ന സമീപനമുണ്ടെങ്കിൽ ആരെയും ബാധിക്കാവുന്ന ഉൽകണ്ഠയും വിഷാദരോഗവും എനിക്കും ഉണ്ടെന്നും ഒരു ചികിത്സ തേടേണ്ടത് ആവശ്യമാണെന്നുള്ള നാണവും സങ്കോചവും ജനങ്ങളിൽ നിന്നും പോയിക്കിട്ടും. അത് സർക്കാരിനും, സേവനദാതാക്കൾക്കും, സാമൂഹ്യ സംഘടനകൾക്കും ആവശ്യക്കാർക്ക് സഹായം എത്തിക്കുവാൻ ഉപകരിക്കും. ശരീരാരോഗ്യ ചികിത്സക്ക് ഡോക്ടറെ കാണാൻ പോകാൻ ആരും മടിക്കാറില്ല. എന്നാൽ മാനസികാരോഗ്യ ഡോക്ടറെ കാണാൻ പാത്തും പതുങ്ങിയുമാണ് പോകുക. അടച്ചിട്ട മുറിയിലാണ് രോഗവിവരങ്ങൾ പറയുക, ഡോക്ടർ നിർദ്ദേശങ്ങൾ നൽകുക എന്നാൽ ഈ സ്ഥിതി ഇപ്പോൾ കുറെശ്ശെ മാറിവരുന്നുണ്ട്. മാനസിക അസ്വസ്ഥതകൾക്ക് ചികിത്സിക്കുന്ന വിദഗ്ധരുടെ അഭിപ്രായം പൊതുജനങ്ങളിൽ വിഷാദം, ഉൽകണ്ഠ എന്നീ രോഗങ്ങളെപ്പറ്റി ഒരു ധാരണ ഉണ്ടാക്കി എടുക്കണമെന്നാണ്.

മനസികാസ്വാസ്ഥ്യം ഉള്ള പകുതിപേർക്കു മാത്രമേ ഇപ്പോൾ വേണ്ടത്ര ചികിത്സ കിട്ടുന്നുള്ളു. ആരോഗ്യകാര്യമന്ത്രാലയത്തിന്റെ മനസികാരോഗ്യവിഭാഗത്തിന്റെ അഭിപ്രായത്തിൽ മനസികാസ്വാസ്ഥ്യം അനുഭവിക്കുന്ന 92% പേർക്കും രോഗത്തോടുള്ള അവഗണന കൊണ്ട് വേണ്ടത്ര ചികിത്സ കിട്ടുന്നില്ലത്രേ ഇതിനുകാരണം ചികിത്സ വേണ്ടവർ ദുഷ്പ്പേര് വന്നേക്കാമെന്ന ഭയംകൊണ്ടും, ഈ മേഖലയിൽ അതിവിദഗ്ദരായ ഡോക്ടർമാർ വേണ്ടത്ര ഇല്ലാത്തതിനാലുമാണ്. ഒരു ലക്ഷം രോഗികൾക്ക്

ഒരാൾ എന്ന തോതിൽ പോലും മാനസികാരോഗ്യ വിദഗ്ദർ ഇല്ലതന്നെ. എന്നാൽ ലോകാരോഗ്യ സംഘടന ഒരു ലക്ഷം രോഗികൾക്ക് 3 ഡോക്ടർ എന്ന തോതിലെങ്കിലും ഡോക്ടർമാരുടെ ലഭ്യത വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. രോഗിയുടെ സാമ്പത്തിക സ്ഥിതികൂടി ഒരു ഘടകമാണ്. ചികിത്സക്കുവേണ്ട ചിലവുകൾ പലർക്കും താങ്ങാവുന്നതിലുമപ്പുറമാണ്.

ശരീരത്തിന് എന്തെങ്കിലും അസുഖം ഉണ്ടാകുമ്പോൾ ഡോക്ടറെ കാണുന്ന അവസരത്തിൽ മാനസികാരോഗ്യ വിദഗ്ദനെക്കൂടി കാണുന്ന അവസ്ഥ എല്ലാ ആശുപ്രതികളിലും ലഭ്യമാക്കേണ്ടതാണ് . ഉദാഹരണത്തിന് തൊണ്ടവേദനമൂലം ഒരു ഡോക്ടറെ കാണുന്നയാൾക്ക് ഉൽകണ്ഠ, വിഷാദം എന്നി അസ്വസ്ഥതകൾ ഉണ്ടെങ്കിൽ അതിനുള്ള ചികിത്സയും ലഭിക്കണം. രോഗത്തെപ്പറ്റി എഴുതാൻ ആശുപത്രിയിൽ നിന്നും നൽകുന്ന ഫോറത്തിൽ ഉൽകണ്ഠ, വിഷാദം, ഭയം എന്നിവ ഉണ്ടെങ്കിൽ അതുകൂടി എഴുതാനുള്ള കോളങ്ങൾ ഉണ്ടാകണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം വന്നതോടുകൂടി പല കമ്പനികളും Head Space, Talk Space, Better Help, Spring Help തുടങ്ങിയവ Chat Bot, Thera Bot എന്നീ സാങ്കേതിക വിദ്യകളുപയോഗിച്ച് മാനസികാരോഗ്യം നിലനിർത്താനുള്ള ചികിത്സ നൽകുന്നുണ്ട്. എന്നാൽ ഇത് ഒരു നിയന്ത്രണവും ഇല്ലാത്ത കമ്പനികളാണ്. ഒരു വ്യക്തിയുടെ സ്വകാര്യതയിലേക്ക് കടന്നു ചെല്ലാനുള്ള സാദ്ധ്യതയുണ്ട്. ഭാവിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഈ മേഖലയിൽ മേൽക്കൈ നേടാനുള്ള സാധ്യതയുണ്ട്.

നട്ടെല്ല്, ഹൃദയ ചികിത്സകൾ, കാൻസർ ചികിത്സകൾ എന്നിവക്ക് ഒരു ആശുപത്രി ലക്ഷങ്ങളോളം ചാർജ് ചെയ്യുന്നു. എന്നാൽ മാനസികാരോഗ്യ ചികിത്സയിൽ നിന്നും ആശുപത്രികൾക്ക് വരുമാനം കുറവാണ് ആയതിനാൽ ഈ മേഖലയിൽ ആശുപത്രികൾ താല്പര്യം കാണിക്കാറില്ല. കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ ആണ് "നിങ്ങൾ മാനസിക ചികിത്സക്ക് വിധേയനാകണം" എന്ന് പറയേണ്ടത്. ചെറിയ തോതിലുള്ള വിഷാദം, ഉൽകണ്ഠ എന്നിവക്ക് സ്പെഷ്യൽ മാനസിക വിദഗ്ദനെ കാണണമെന്നില്ല. ഇപ്പോൾ കൺസെൾട്ട് ചെയ്യുന്ന ഡോക്ടർക്ക് തന്നെ ചെറിയ ചികിത്സകൾ നിർദ്ദേശിക്കാൻ സാധിക്കും. വലിയ കമ്പനികളിൽ ജോലിക്കാരുടെ മാനസികാരോഗ്യം ശ്രദ്ധിക്കാൻ പ്രത്യേക വിഭാഗം തന്നെയുണ്ട്. മെഡിക്കൽ ഇൻഷുറൻസ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. റെസിഡൻസ് അസോസിയേഷനുകൾ സൗജന്യമായി കൗൺസിലിങ്ങ് സംഘടിപ്പിക്കാറുണ്ട്. ഗത്യന്തരമില്ലാതെ വരുമ്പോൾ 14416-ൽ വിളിക്കുക 24 മണിക്കൂറും ലഭ്യമായ ഹെല്പ് ലൈൻ നമ്പർ ആണിത്. ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് സൗജന്യമായി ഫോൺ വഴിയും, ഇമെയിൽ വഴിയും കൗൺസലിങ്ങ് നടത്താറുണ്ട്. എല്ലാത്തിനും ഒരു പരിഹാരമുണ്ട്, കൈനീട്ടി ആവശ്യപ്പെടണമെന്നു മാത്രം. ■

---

**മിനിക്കഥ**

**ഉണ്ണി വാരിയത്ത് – 9867179480**

## ഒറ്റയ്ക്ക്

എന്തു പ്രശ്നമുണ്ടെങ്കിലും അത് ഒറ്റയ്ക്കു നേരിട്ടാണ് അവനു ശീലം.

കൂട്ടുകാർ ഇല്ലാഞ്ഞിട്ടൊന്നുമല്ല. കൂടെയുള്ളവർ ചിലപ്പോൾ മാറാം. മറക്കാം. അപ്പോൾ അവരെ പഴിക്കേണ്ടിവരും. എന്തിനു വെറുതെ...?!

ഏതായാലും, ആത്മധൈര്യത്തെപ്പോലെ ഒരു ആത്മസുഹൃത്തുണ്ടാവില്ലല്ലോ എന്നാണ് അവൻ പറയുന്നത്.

# പതിനെട്ടാമത് എറണാകുളം കരയോഗം - പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് - 2026

കേരളനദീസംരക്ഷണസമിതിയുടെ സ്ഥാപക അദ്ധ്യക്ഷനും **'ഭൂമിക്കുപനി' ജലം, ജീവജലം** തുടങ്ങിയ നിരവധി ആധികാരിക പരിസ്ഥിതിശാസ്ത്രകൃതികളുടെ രചയിതാവുമായ യശഃശ്ശരീരനായ ശ്രീ. പി. എസ്. ഗോപിനാഥൻ നായർ ഏർപ്പെടുത്തിയിട്ടുള്ള 15,000/- (പതിനയ്യായിരം) രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന **'എറണാകുളം കരയോഗം - പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്'** എന്ന പേരിലുള്ള സംസ്ഥാനതല പരിസ്ഥിതി സംരക്ഷണ അവാർഡ് 2008 മുതൽ നൽകി വരികയാണ്. പ്രഥമ അവാർഡ് ദാനചടങ്ങ് 2008 ഏപ്രിൽ 22-ന് 'ഭൗമദിന' ത്തോടനുബന്ധിച്ച് എറണാകുളം ടി. ഡി. എം ഹാളിലാണ് നടന്നത്. കേരളത്തിലെ പരിസ്ഥിതി സംരക്ഷണ-വിദ്യാഭ്യാസമേഖലകളിൽ പ്രാഗല്ഭ്യം നേടിയവർ ഉൾക്കൊള്ളുന്ന ഒരു സമിതിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുക. അവാർഡിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ പരിസ്ഥിതിസംരക്ഷണ രംഗത്ത് മികച്ച സേവനം കാഴ്ചവെച്ചവരൊ, ഭൂമി, ജലം, വായു, ശബ്ദ, മലിനീകരണ പ്രശ്നങ്ങൾക്ക് ബഹുജനങ്ങളുടേയും, മലിനീകരണ നിയന്ത്രണബോർഡിന്റേയും, സംസ്ഥാന സർക്കാരിന്റേയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിൽ വിജയിച്ചവരൊ, വനനശീകരണത്തിനെതിരായി ബഹുജനപ്രതിരോധം സംഘടിപ്പിക്കുന്നതിന് പരിശ്രമിച്ചവരൊ, പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനബോധവൽക്കരണങ്ങൾക്ക് മുൻകയ്യെടുത്തവരൊ, പരിസ്ഥിതി സംബന്ധമായ പഠനങ്ങൾ നടത്തുക വഴി ഈ രംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിച്ചവരൊ ആയ വ്യക്തികളെയോ, സംഘടനകളെയോ, സ്ഥാപനങ്ങളെയോ അവാർഡിന് നിർദ്ദേശിക്കപ്പെടാവുന്നതാണ്.

അർഹതയുള്ള വ്യക്തികളെ ഏതെങ്കിലും രജിസ്റ്റേർഡ് പരിസ്ഥിതി സംഘടനകൾക്കൊ, വ്യക്തികൾക്കൊ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. നിർദ്ദിഷ്ടവ്യക്തിയെ സംബന്ധിക്കുന്ന ബയോഡേറ്റ സഹിതമുള്ള പൂർണ്ണവും ആധികാരികവുമായ വിവരങ്ങൾ നിർദ്ദേശത്തോടൊപ്പം ഉണ്ടായിരിക്കണം. ഒന്നിലധികം സംഘടനകൾക്ക് ഒരേ വ്യക്തിയെ തന്നെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അവാർഡിനുള്ള നിർദ്ദേശങ്ങൾ **2026 മാർച്ച് 20-ന്** മുമ്പായി, **കൺവീനർ, പരിസ്ഥിതി കമ്മിറ്റി, 'എറണാകുളം കരയോഗം - പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് 2026' എറണാകുളം കരയോഗം, ടി . ഡി. എം. ഹാൾ, കൊച്ചി-682016** എന്ന വിലാസത്തിലൊ, **E-mail:ekmkgm@gmail.com / web:wwwernakulamkarayogam.com** എന്നതിലൂടേയൊ അയയ്ക്കാവുന്നതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നതല്ല.

നിർദ്ദേശങ്ങൾ അടങ്ങിയ കവറിൽ 'എറണാകുളം കരയോഗം - പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് - 2026 എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അവാർഡ് നിർണ്ണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസിൽ നേരിട്ടൊ, ടെലഫോൺ / E mail മുഖേനയോ ബന്ധപ്പെടാവുന്നാണ്. ഈ വർഷത്തെ **അവാർഡ് ദാനം 2026 ഏപ്രിൽ 22 ബുധനാഴ്ച** 'ഭൗമദിന'ത്തിൽ അഞ്ചുമണിക്ക് ടി. ഡി. എം. ഹാളിൽ വച്ച് നടക്കുന്നതാണ്.

എസ്. ജയതിലകൻ
കൺവീനർ
ഫോൺ : 9846042900, 0484 2361160
എറണാകുളം കരയോഗം പരിസ്ഥിതി കമ്മിറ്റി

കഥ

# അപാല

പ്രൊഫ. അംബുജാക്ഷി, ആലുവ - 9447577652

(തുടർച്ച.....)

എന്റെ രൂപവും ഭാവവും സംസർഗവും എന്നിൽ വന്ന മാറ്റവും അച്ഛനമ്മമാരെ ആശ്ചര്യപ്പെടുത്തുന്നു. എന്റെ ഔഷധശേഖരം പ്രത്യേകിച്ചും. എന്റെ ബാലഗുരുക്കളും വനവാസി കൂട്ടായ്മയും ഒക്കെ അവരിൽ കൗതുകം ഉണ്ടാക്കിയിട്ടുണ്ട്. വനവാസികൾ കൂട്ടത്തോടെ എന്റെ അതിഥികളെ കാണാനെത്തി. കാട്ടിലെ അപൂർവ്വവിഭവങ്ങൾ കാഴ്ചവെച്ചു. അതെ... ആ മധുവനത്തിന്റെ മാസ്മരികതയിൽ എല്ലാവരും മതിമറന്ന് ആഹ്ലാദിച്ചു. ശുദ്ധമായ വായുവും, ജലവും, അന്തരീക്ഷവുമൊക്കെയല്ലേ ഭൂമിയിൽ സ്വർഗ്ഗം തീർക്കുന്നത്.

അച്ഛനുമമ്മയും യാത്ര പറയുമ്പോൾ ആ സ്നേഹത്തിന്റെ മുന്നിൽ, അന്നാദ്യമായി എന്റെ കണ്ണുകൾ നനഞ്ഞു. വിട്ടയക്കാൻ താല്പര്യമില്ലാത്തവിധം ഞാനവരെ ആലിംഗനം ചെയ്തു. "മകളേ നീ ഒരുപാട് മാറിയിരിക്കുന്നു." അമ്മയുടെ മൃദുസ്വരം. "വത്സേ, വേദപാഠവും ഔഷധപഠനവും നിന്നിൽ ഉണ്ടാക്കിയ മാറ്റങ്ങൾ ഞാനും ശ്രദ്ധിക്കുന്നു.... ഇപ്പോൾ നിന്റെ ഉള്ളിൽ കുടുംബബന്ധത്തിന്റെ ഒരു ചെറിയ പ്രകാശം ഞാനും കാണുന്നുണ്ട്" എന്നെ തലോടിക്കൊണ്ട് അച്ഛൻ പറഞ്ഞു. അവർ യാത്ര പറഞ്ഞു. എല്ലാവരും പോയപ്പോൾ എനിക്കും ഒരു ശൂന്യത തോന്നി. ഞാൻ സ്വയം ചോദിച്ചു. "ഉണ്ടോ? എനിക്കെന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ?" ഇല്ലെന്നു പറയാൻ മനസാക്ഷി വിസമ്മതിച്ചു. ഈ കുഞ്ഞുങ്ങളുടെ സാമീപ്യം അനിർവചനീയമായ ഒരു സന്തോഷം തരുന്നുണ്ടല്ലോ. കുട്ടികൾ ജീവന്റെ നാമ്പുകളാണ്. ഭൂമിയുടെ സമ്പത്താണ്. അവരില്ലെങ്കിൽ ജീവിതം വെറും ഊഷരഭൂമി. സ്ഥിരപ്രജ്ഞർക്കുപോലും മനസ്സിന് ചിലപ്പോൾ ചാഞ്ചാട്ടം ഉണ്ടാവാറുണ്ടല്ലോ. എത്രയെത്ര ഉദാഹരണങ്ങൾ! അങ്ങനെ ഉദാഹരണങ്ങൾ കണ്ടുപിടിക്കുമ്പോൾ ഞാൻ എന്നെത്തന്നെ ന്യായീകരിക്കാൻ ശ്രമിക്കുകയായിരുന്നു.

എന്റെ ഗവേഷണങ്ങളൊക്കെ ഒരു വിധം പൂർത്തിയായിരിക്കുന്നു. നിരവധി സസ്യങ്ങളെക്കുറിച്ചും അവയുടെ രോഗശമനശക്തിയെക്കുറിച്ചും ഞാൻ മനസ്സിലാക്കി. എന്റെ മസ്തിഷ്കത്തിൽ ശേഖരിച്ചുവെച്ചിട്ടുള്ള ഈ ജ്ഞാനശകലങ്ങൾ ലോകനന്മക്കുതകും വിധം പ്രയോഗത്തിൽ വരുത്തണം. അതെങ്ങനെ....? ഇതിനൊരു പോംവഴി അച്ഛൻ നിർദ്ദേശിക്കുമായിരിക്കും. അദ്ദേഹത്തോടുതന്നെ ചോദിച്ചറിയാം. പക്ഷെ, ഇനി എന്നുവരും അച്ഛൻ..?

ഒരു നീണ്ട ഇടവേളക്കു ശേഷമാണ് അച്ഛൻ എത്തിയത്. അഞ്ചാറുമാസം കഴിഞ്ഞിരിക്കും. ഇത്തവണയും അമ്മ കൂടെ ഉണ്ടായിരുന്നു. എനിക്കും അതേറെ സന്തോഷമായി. ഉപചാരത്തിനും വിശ്രമത്തിനും ശേഷം ഞാൻ അച്ഛനോട് ചോദിച്ചു.

"അച്ഛാ, ഈ വനവും ഇവിടുത്തെ ജനങ്ങളും എന്നെ ഒട്ടേറെ കാര്യങ്ങൾ പഠിപ്പിച്ചു. ശുദ്ധമായ വായു, ജലം, മണ്ണ്, അന്തരീക്ഷം, വൃക്ഷലതാദികൾ എന്നിവ ജീവജാലങ്ങളുടെ മനസ്സും ശുദ്ധീകരിക്കുന്നു. പാരസ്വര്യത്തോടെ ജീവിക്കാൻ പഠിപ്പിക്കുന്നു. മാനസികമായും ശാരീരികമായും ഒരു സ്വസ്ഥ ജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. ഇപ്പോൾ ഞാൻ തിരിച്ചറിയുന്ന മറ്റൊരു കാര്യം കൂടിയുണ്ട്. നമുക്ക് വേണ്ടതെല്ലാം, ഈ പ്രകൃതിയിൽ ഉണ്ട്.

ആഹാരമായും, ഔഷധമായും, ആവാസമായും. പക്ഷെ, ഇത് അറിയാനും പ്രചരിപ്പിക്കാനും നമുക്ക് സാധിക്കണം. അതിനെന്താണ് മാർഗ്ഗം?"

അച്ഛൻ ചിന്തയിലാണ്ടു ഒരു നീണ്ട മൗനത്തിനു ശേഷം അദ്ദേഹം പറഞ്ഞു. "മകളേ, നീ ഒരുപാട് വളർന്നിരിക്കുന്നു. നിന്റെ ജ്ഞാനവിജ്ഞാനമേഖല വളരെ വിപുലമാണ്. എന്നാലും എന്റെ അനുഭവം കൊണ്ട് ഞാൻ മനസ്സിലാക്കിയ കാര്യം ഉണ്ട്". "എന്താണത്? പറയൂഅച്ഛാ" ഞാൻ ഉത്സാഹത്തോടെ ആരാഞ്ഞു. ഈ പരിപാവനമായ സമ്പത്ത് നാം കരുതലോടെ സൂക്ഷിക്കണം. ആരുടേയും കയ്യേറ്റമോ, സ്വാർഥതയോ ഇല്ലാതെ രക്ഷിക്കണം. അതുകൊണ്ടുതന്നെ ഈ അറിവ് മനസ്സിലോ മസ്തിഷ്കത്തിലോ സൂക്ഷിക്കാതെ പ്രായോഗിക തലത്തിലേക്ക് എത്തിക്കുകയാണ് വേണ്ടത്. അങ്ങനെ തലമുറ തലമുറയായി കൈമാറേണ്ടതാണ്."

ഒരു മൗനത്തിനു ശേഷം അച്ഛൻ തുടർന്നു. "നീയാർജ്ജിച്ച അറിവ് പിൻഗാമികൾക്ക് കൈമാറണം." ഞാൻ ചോദ്യരൂപത്തിൽ അച്ഛനെ നോക്കി. ആ നോട്ടത്തിന്റെ ഉത്തരമായി അച്ഛൻ തുടർന്നു. "മകളേ, നീ നിമിത്തം എനിക്കും നേട്ടങ്ങൾ ഉണ്ടായി. നമ്മുടെ വയലും ഇപ്പോൾ നന്നായി വിളവ് തരുന്നു. മാത്രമല്ല, നിന്റെ രോഗവും മാറിയല്ലോ. നീയിപ്പോൾ അമ്മയെപ്പോലെതന്നെ സുന്ദരിയാണ്. മാത്രമല്ല..." ഒന്ന് നിർത്തിയ ശേഷം അച്ഛൻ തുടർന്നു "കൃശാശ്വൻ ... അല്ല... നിന്റെ കൃശാനു ഇപ്പോഴും നിന്നെ കാത്തിരിക്കുന്നുണ്ട്. പശ്ചാത്താപത്തിൽ നീറി നീറി.... നീ തിരിച്ചു വരൂ.. നീയാർജ്ജിച്ച ജ്ഞാനസമ്പത്ത് മറ്റുള്ളവർക്ക് ഉപകാരപ്രദമാവട്ടെ. തലമുറകൾ അതേറ്റുവാങ്ങട്ടെ. വരൂ... നീ തിരിച്ചു വരൂ..."

"വരൂ മകളേ" അമ്മയുടെ പതിഞ്ഞ ശബ്ദം. നമ്മുടെ ജന്മംകൊണ്ട് മറ്റുള്ളവർക്കും ഒരു പ്രയോജനം വേണ്ടേ? നീ കണ്ടെത്തിയ ഔഷധങ്ങൾ മറ്റുള്ളവർക്കും ഉപയോഗപ്രദമാവട്ടെ. നീ തിരിച്ചുവരൂ. കൃശാശ്വൻ.... അല്ല... നിന്റെ കൃശാനുവിന്റെ കൂടെ ഒരു പുതിയ ജീവിതത്തിലേക്ക്. തീർച്ചയായും ഇത് ഒരു ലോകോപകാരമാണ്. ആ നന്മ തലമുറകളോളം വ്യാപിച്ചിരിക്കും. മാത്രമല്ല, കൃശാശ്വൻ വളരെ ദുഃഖിതനാണ്. അല്ലെങ്കിലും അദ്ദേഹം ഒരു വാക്കുകൊണ്ടുപോലും നിന്നെ വേദനിപ്പിച്ചിട്ടില്ലല്ലോ. പെരുമാറ്റത്തിൽ എന്തെങ്കിലും മാറ്റം തോന്നിയിട്ടുണ്ടെങ്കിൽ ആ മാറ്റത്തിന്റെ പേരിലും കൃശാശ്വൻ പശ്ചാത്തപിക്കുന്നു. നന്നായി ചിന്തിക്കൂ. എന്നിട്ട് സ്വയം തീരുമാനിക്കുക. നമ്മുടെ ലോകം നമ്മളോടൊപ്പം അവസാനിക്കാനുള്ളതല്ല. ഇപ്പോൾ ഞങ്ങൾ ആശ്രമത്തിലേക്ക് പോകുന്നു.

എന്റെ പ്രശ്നം എന്നിലേക്ക് ഇട്ടുതന്ന് അവർ തിരിച്ചുപോയി. അച്ഛനുമമ്മയും നടന്നകലുന്നത് ഞാൻ നോക്കി നിന്നു. പരസ്പരം താങ്ങായും തണലായും അവർ അകന്നകന്നു പോകുമ്പോൾ എന്റെ മനസ്സും കൊതിക്കുകയായിരുന്നു. പരസ്പരം താങ്ങും തണലുമാകാൻ.

**അപാലയെപ്പറ്റി**

അത്രിമഹർഷിയുടെ മകളാണ് ബ്രഹ്മവാദിനിയായ ശുഭത്രേയി. അപല, അപാല, അബാല എന്നൊക്കെ പല പേരുകളിൽ അറിയപ്പെട്ടിരുന്ന അപാല ഗാർഗി, മൈലത്രേയി, ലോപാമുദ്ര എന്നിവരെപ്പോലെ വിദ്യാഭ്യാസം നേടിയ ഒരു മുനികുമാരിയാണ്. പണ്ഡിതസദസ്സുകളിൽ വേദകാര്യങ്ങൾ ചർച്ച ചെയ്തിരുന്ന ഇവർ മറ്റുള്ളവരെപ്പോലെ അത്ര പ്രസിദ്ധയല്ല. അറിവിലും ബുദ്ധിയിലും എത്രയോ ഉയർന്ന നിലവാരം ഉണ്ടായിരുന്ന ഈ അത്രിപുത്രിയെ ഒന്ന് പരിചയപ്പെടുത്തുകയായിരുന്നു എന്റെ ലക്ഷ്യം. ബാക്കി ഗവേഷകർക്ക് തുടരാം.

■



**ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ**

**(2026 – ഫെബ്രുവരി 13 മുതൽ മാർച്ച് 14 വരെ)**

**1201 – കുംഭമാസ ഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

**Ernakulam Karayogam : ☎ 0484 - 2361160 ▯ 8848036518, 9645683491**



**(മേടക്കൂർ:** അശ്വതി, ഭരണി, കാർത്തിക ആദ്യ പാദം) ഒദ്യോഗിക രംഗത്ത് കൂടുതൽ മികവ് പ്രകടിപ്പിക്കും. സർക്കാർ സർവീസിലുള്ളവർക്ക് അംഗീകാരങ്ങളും തൊഴിലിൽ ഉയർച്ചക്കും സാധ്യത ഉണ്ട്. തൊഴിൽ രംഗത്ത് ഉണ്ടായിരുന്ന ശത്രുത ഇല്ലാതാകും. മാർച്ച് 10, 11 തീയതികൾ അഷ്ടമ രാശി നക്ഷത്രങ്ങൾ ആയതിനാൽ എല്ലാ കാര്യങ്ങളിലും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ബുധനാഴ്ച ദിവസം ശ്രീകൃഷ്ണ പ്രീതികരമായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്.



**(ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന്പാദം, രോഹിണി, മകയിരം ആദ്യപകുതി) വിദ്യാർത്ഥികൾക്ക് ഭാഗ്യാനുകൂലത ഉണ്ടാകും കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് അനുകൂല ഫലങ്ങൾ പ്രതീക്ഷിക്കാം. മാർച്ച് 12, 13 തീയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്ത പുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവു. ലക്ഷ്മി നാരായണ മന്ത്രാർച്ചന വൈഷണവ ക്ഷേത്ര ദർശ്ശനം എന്നിവ നടത്തുക.



**(മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന്പാദം) ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം. വിദേശയാത്രക്കും ദൂര യാത്രകൾ ചെയ്യാൻ ഉദ്ദേശിക്കുന്നവർക്കും ആഗ്രഹസാഫല്യം ഉണ്ടാകും. തൊഴിൽ സമർദ്ദം ഭയം അമിതമായ ടെൻഷൻ എന്നി സാഹചര്യങ്ങളും അനുഭവപ്പെടും. മാർച്ച് 14, 15 തീയതികൾ ശുഭകാര്യാരംഭത്തിന് സീകാര്യമല്ല. ബുധനാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്രവും ചൊ വ്വാഴച്ച ദിവസം ഭദ്രകാളി ക്ഷേത്രദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



**(കർക്കിടക്കൂർ:** പുണർതം അവസാന പാദം, പൂയം, ആയില്യം) വിവാഹത്തിന് ശ്രമിക്കുന്നവർക്കും വീടും സ്ഥലവും വാഹനവും വാങ്ങിക്കുവാൻ ശ്രമിക്കുന്നവർക്കും അനുകൂല സാഹചര്യങ്ങൾ ഒത്തു വരും ധനവ്യയം കൂടും. ഫെബ്രുവരി 17, 18 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്തതിനാൽ പുതുസംരംഭാരഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശിവക്ഷേത്ര ദർശനവും മന്ത്രജപവും ശനി ദോഷ നിവാരണ അർച്ചനയും ചെയ്യുന്നത് നല്ലതാണ്.



**(ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽഭാഗം) ധനപരമായ പ്രശ്നങ്ങൾക്ക് നിവൃത്തി ഉണ്ടാകുമെങ്കിലും കാര്യങ്ങൾക്ക് കാല താമസം നേരിടുകയും, ശാരീരികമായ അസ്വസ്ഥതകൾ ഉണ്ടാകാനും സാധ്യത ഉണ്ട്. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല ഫലങ്ങൾ ലഭിക്കും. ഫെബ്രുവരി 20, 21 തീയതികൾ അഷ്ടമരാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ഗണപതി ഹോമം ലക്ഷ്മി പൂജ എന്നിവ നടത്തുന്നതും ക്ഷേത്രത്തിൽ ദർശ്ശനം നടത്തുന്നതും നല്ലതാണ്.



**(കന്നിക്കൂർ:** ഉത്രം അവസാന മൂന്ന്പാദം, അത്തം , ചിത്തിര ആദ്യപകുതി) കർമ്മരംഗത്ത് ചില പ്രതിസന്ധികൾ ഉണ്ടാകാമെങ്കിലും ദൈവാധീനം കൊണ്ട് പ്രശ്ന പരിഹാരങ്ങളും ഉണ്ടാവും. ധനവ്യയം കൂടും തീരുമാനിച്ചുറച്ച ചില കാര്യങ്ങളിൽ നിന്നും പിൻമാറാൻ തോന്നുന്ന സാഹചര്യങ്ങൾ ഉണ്ടാകും. പല കാര്യങ്ങളിലും സംശയം അധികരിക്കും ശ്വാസംമുട്ടൽപോലുള്ള പ്രശ്നങ്ങളും ഉറക്കകുറവും ഉണ്ടാകാം. ഫെബ്രുവരി 22, 23, ദിവസങ്ങൾ അനുകൂലമല്ല. വിഷ്ണു ക്ഷേത്രദർശ്ശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും ചെയ്യുക.



**(തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്നപാദം) കാലങ്ങളായി ലഭ്യമല്ലാതിരുന്ന പൂർവ്വിക സ്വത്തുവകകളിൽ നിന്നും നേട്ടം ഉണ്ടാകാം. വ്യവഹാരങ്ങളിൽ അനുകൂല ഫലം ലഭിക്കാൻ സാധ്യത ഉണ്ട്. ഗൃഹത്തിനും വാഹനങ്ങൾക്കും അറ്റകുറ്റപണികൾ വരുന്നതിനാൽ ധനവ്യയം ഉണ്ടാകും. ഫെബ്രുവരി 24, 25, പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ഭദ്രകാളി ക്ഷേത്രദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.




**(വൃശ്ചികക്കൂർ:** വിശാഖം അവസാനപാദം, അനിഴം, തൃക്കേട്ട) സർക്കാർ സഹായത്തോടെ വീട് നിർമ്മിക്കാൻ ശ്രമിക്കുന്നവർക്ക് ആഗ്രഹ സാഫല്യം ലഭിക്കും. പിരിഞ്ഞു കഴിയുന്ന ദമ്പതികൾ തമ്മിൽ ഒന്നിക്കാൻ സാധ്യത ഉണ്ട്. ഉദര രോഗങ്ങളും, പ്രമേഹ സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവരും ചികത്സയിലും മറ്റ് കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്തണം. ഫെബ്രുവരി 26, 27 ദിവസങ്ങളിൽ വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



**(ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യപാദം) വീട് മോടിപിടിപ്പിക്കുവാനോ വാങ്ങിക്കുവാനോ ശ്രമിക്കുന്നവർക്ക് ലോൺ കിട്ടാൻ അനുകൂല സാഹചര്യം ഉണ്ട്. സന്താനങ്ങൾക്ക് വിദ്യാഭിവൃദ്ധി ഉണ്ടാകും തൊഴിൽ രംഗത്ത് മനസംതൃപ്തി കുറയും. ഫെബ്രുവരി 28, മാർച്ച് 1 തീയതി അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം. സർപ്പ പ്രീതികരമായ വഴി പാടുകൾ നടത്തുക



**(മകരക്കൂർ:** ഉത്രാടം അവസാന മൂന്ന്പാദം, തിരുവോണം, അവിട്ടം ആദ്യപകുതി) കാര്യങ്ങൾക്ക് എല്ലാം ആദ്യം തടസ്സം അനുഭവപെടും. ശത്രുക്കൾ നിമിത്തം സാമ്പത്തിക പ്രശ്നങ്ങൾ നേരിടും, വിദ്യാർത്ഥികൾക്ക് അലസത കൂടും. അനാവശ്യ ചിലവുകൾ വർദ്ധിക്കും. വിവാദ വിഷയങ്ങളിൽ നിന്നും വിട്ട് നിൽക്കണം. മാർച്ച് 2, 3 തീയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



**(കുംഭക്കൂർ:** അവിട്ടം അവസാന പകുതി, ചതയം, പൂരുരുട്ടാതി ആദ്യ മൂന്ന്പാദം) ധനപരമായ പ്രതിസന്ധികൾ നേരിടേണ്ടി വരാവുന്നതിനാൽ സാമ്പത്തിക വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ട കാലമാണ്. ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ രോഗം രൂക്ഷമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് മാർച്ച് 5, 6 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ ചെയ്യുകയും ക്ഷേത്രദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



**(മീനക്കൂർ:** പൂരുരുട്ടാതി അവസാനപാദം, ഉത്രട്ടാതി, രേവതി) വിദ്യാർത്ഥികൾക്ക് അനുകൂല ഫലങ്ങളും ഭാഗ്യാനുഭവങ്ങളും ഉണ്ടാകാം. അപ്രതീക്ഷിത ധനലാഭം പ്രതീക്ഷിക്കാം. ദാമ്പത്യ കലഹത്തിന് സാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. അലർജി സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ ശ്രദ്ധിക്കണം. മാർച്ച്, 8, 9 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്രദർശനം എന്നിവ നടത്തി ദുരിതശാന്തി വരുത്തുക

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***



# MANGALYAM MATRIMONIAL

for the better half of your life....



## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29/165cm, Revathi, Dual MBA (HR & Marketing), Regional H.R Manager, Indusind Bank, Mob: 7757974752 / 9637216343

E-mail: smita.nandakumar@gmail.com
Birth: 20-03-1996 - 1.00. pm
Sishta Dasa: Mercury 16Y - 1M - 21D

| | | | | | |
|---|---|---|---|---|---|
| | | ല | | | |
| | ച കു മ സ ശി | ശു | | ല മാ | ബു |
| ശി | ബു | ഗ്രഹനില & അംശകം | | | കു |
| | | | | | ര സ മ |
| ച | ഗു | | | ര | |
| | | മാ | ശു ഗു | | |

**Contact Address:**
Capt. A.P.Nandakumar (Rtd.),
K145, Assetzs Marq 2,
Whitefield, Bengaluru

Nair Boy, 31/177cm, Pooram, B-tech & M-tech Mechanical Engineering, IIT Delhi, Mechanical Engineering Dept., Mob: 9497108413

E-mail:krishnankuttynp1961@gmail.com
Birth: 30-01-1994 - 7. 18. am
Sishta Dasa: Shukra 10Y - 7M - 15D

| | | | | | |
|---|---|---|---|---|---|
| | കു ഗു | | ര മാ | ശു | |
| | | | ശി | മാ | |
| ശി | ബു മ | ഗ്രഹനില & അംശകം | | | |
| | ല കു ര ശു | | | ച | ല സ |
| | | സ | ഗു | | |
| | | മ | ബു | ച | |

**Contact Address:**
Mr. N.P Krishnan Kutty,
Deepam H., Pallipuram P.O,
Cherthala, Alappuzha, Kerala

## വരനെ ആവശ്യമുണ്ട്

Nair Girl, 29/165cm, Punartham 3/4 (Mithunam), MBBS, Pursuing PG (Anesthesia) Mob: 9495230440

E-mail: beena.m.m.@gmail.com
Birth: 18-06-1996 - 7. 22. pm
Sishta Dasa: Guru

| | | | | | |
|---|---|---|---|---|---|
| | | ബു കു | | | |
| | മ ശി | | ബു കു ശു | ര | സ |
| | | ഗ്രഹനില & അംശകം | | ച | ല ച ശു |
| | | | | | |
| ശി | ല മാ ഗു | | | സ | |
| | | ര | മ ഗു | | |

**Contact Address:**
C/o Dr. Prasad Kanoor &
Dr. Meera Prasad, Chittur,
Palakkad


എറണാകുളം കരയോഗം മാംഗല്യം



www.karayogammangalyam.com

എന്ന വെബ്സൈറ്റ് വഴി മാംഗല്യത്തിൽ രജിസ്ട്രർ ചെയ്യൂ, ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്തൂ...

കൂടുതൽ വിവരങ്ങൾക്ക് – 0484 - 2361160

TO LIVE & LET LIVE

ചൈത്രം

മാനസിക സംഘർഷം, ഏകാന്തത, ആത്മഹത്യാപ്രേരണ തുടങ്ങിയ നിങ്ങളുടെ വിഷമങ്ങൾ പങ്കുവയ്ക്കുവാൻ ഒരു കൗൺസിലിങ്ങ് കേന്ദ്രം. സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്.



കൂടുതൽ വിവരങ്ങൾക്ക്

Ph: 0484- 2361161

പ്രവർത്തന സമയം : ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ



ഓം നമോ ഭഗവതേ വാസുദേവായ

എറണാകുളം കരയോഗത്തിന്റെ 39 – ാമത്

# ശ്രീമദ് ഭാഗവത സപ്താഹ ജ്ഞാനയജ്ഞം

ടി. ഡി. എം. ഹാളിൽ

2026 ഫെബ്രുവരി 15 ഞായറാഴ്ച മുതൽ ഫെബ്രുവരി 22 ഞായറാഴ്ച വരെ

**യജ്ഞാചാര്യൻ**

ശ്രീഗുരുവായൂരപ്പന്റെ മുൻ മേൽശാന്തി

**ഭാഗവത വംശി ബ്രഹ്മശ്രീ.**
**മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരി**



**സഹ ആചാര്യന്മാർ**



ബഹ്മശ്രീ. കലിയത്ത് പരമേശ്വരൻ നമ്പൂതിരി
ഗുരുവായൂർ മുൻ മേൽശാന്തി



ശ്രീമതി. ശ്രീജ ശ്രീഹരി നമ്പൂതിരി
ചാലക്കുടി



ബ്രഹ്മശ്രീ മൂർക്കന്നൂർ പ്രസാദ് നമ്പൂതിരി
ചാലക്കുടി

15 – 02 – 2026 ഞായറാഴ്ച രാവിലെ 8.00 – ന് നാരായണീയ സർവ്വൈശ്വര്യപൂജ (വിളക്കുപൂജ)
വൈകുന്നേരം 3 – ന് ദീപ പ്രോജ്വലനം തുടർന്ന് ശ്രീമദ് ഭാഗവത മാഹാത്മ്യ പാരായണം

2026-ലെ തിരുവാതിര ആഘോഷത്തോടനുബന്ധിച്ച് മകയീരം നാളിൽ ടി.ഡി.എം. ഹാളിൽ നടത്തിയ തിരുവാതിര ആഘോഷം






2026 ജനുവരി 26 റിപ്പബ്ലിക്ക് ദിനത്തിൽ എറണാകുളം കരയോഗം, ടി. ഡി. എം ഹാളിൽ പ്രസിഡന്റ് എ. മുരളീധരൻ പതാക ഉയർത്തുന്നു.



**DATE OF PUBLICATION: 10-02-2026**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2025-27**
**LICENSE NO. KL/CR/EKM/WPP-3/2025-27**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 18 FEBRUARY 2026 Issue No. 02













*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

**സേവനം ജീവിതസാഫല്യം**